Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 ജൂൺ 6—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 ഇടവം 24 | ലക്കം 41

## ഒരു നൂററാണ്ടു തികയുന്നു

(ഫാദർ അബൂന്തിയോസ്, ററി. ഒ. സി. ഡി.)

തിരുഹൃദയത്തിരുനാൾ തിരുസ്സഭയിൽ സാർവ്വത്രികമായി ആഘോഷിച്ചുകൊള്ളുവാൻ തിരുസിംഹാസനം അനുമതിനൽകിയതു് ഒരുനൂറു സംവത്സരങ്ങൾക്കു മുമ്പാണു്. 1856 ആഗസ്റ്റ് 23-ാം തിയതി 9-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടാണു് ഈ അനുമതി നൽകിയതു്. തന്മൂലം ഇക്കൊല്ലം പ്രസ്തുത സംഭവത്തിന്റെ ശതാബ്ദപൂർത്തിയാണു്. ലോകമെങ്ങുമുള്ള തിരുഹൃദയഭക്തരും, തിരുഹൃദയപ്രേഷിതരും ഈ ശതാബ്ദപൂർത്തി വിശേഷവിധം കൊണ്ടാടുന്നതിനും, തിരുഹൃദയഭക്തി പൂർവ്വാധികം ഊർജ്ജിതമാക്കുന്നതിനും തീർച്ചയാക്കിയിരിക്കയാണു്. അമേരിക്കയിൽനിന്നും പുറപ്പെടുന്ന "Messenger of the Sacred Heart" എന്ന മാസിക ഈ ജൂൺലക്കം ഒരു വിശേഷാൽപ്രതിയായി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു നേരത്തെതന്നെ പ്രഖ്യാപിച്ചിട്ടുണ്ടു്.

### ഉല്പത്തിയും വികാസവും

ദിവ്യരക്ഷകന്റെ മനുഷ്യാവതാരത്തോടുകൂടി തിരുഹൃദയഭക്തിയും ആരംഭിച്ചെന്നു പറയാം. തിരുഹൃദയത്തെപ്പററി, ശാന്തവും വിനീതവുമായ ഹൃദയമെന്നും, ഗാഗുൽത്താമലയിൽവച്ചു് കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട ആ ഹൃദയത്തിൽനിന്നു രക്തവും വെള്ളവും പുറപ്പെട്ടുവെന്നും, വിശുദ്ധ തോമ്മാശ്ലീഹായെ തിരുവിലാപ്പുറത്തു് കൈ ഇടുവാൻ ദിവ്യനാഥൻ അനുവദിച്ചെന്നും മററും സുവിശേഷത്തിൽ നാം വായിക്കുന്നുണ്ടല്ലോ. ഒരിജെൻ, അംബ്രോസീസു്, അഗസ്റ്റിനോസു്, ക്രിസോസ്തോമോസു്, ക്രിസോലൊഗോസു്, ഗ്രിഗോരിയോസു്, പൗളീനോസു് മുതലായ ആദിമസഭാഗ്രന്ഥകാരന്മാരുടേയും പിതാക്കന്മാരുടേയും അൻസേൽമുസു്, ബെർണ്ണാർദു്, റിച്ചാർഡു് ഓഫ് സെൻറു് വിക്ടർ, ഫ്രാൻസീസു് അസ്സീസി, അന്തോണി പാദുവാ, ക്ലാര, ബൊനവെന്തുര, അൽബെർത്തോസു് മാഞ്ഞുസു്, തോമസു് അകുവിനാസു്, മെററിൽഡാ, ജെർത്രൂദ്, ലുഡ്ഗാർദു്, കാതറൈൻ ഓഫ് സിയെന്നാ, ടൗളർ മുതലായി മദ്ധ്യശതകങ്ങളിൽ ജീവിച്ചിരുന്ന വിശുദ്ധരുടേയും വേദപാരംഗതന്മാരുടേയും ഗ്രന്ഥങ്ങളിലും ജീവചരിത്രങ്ങളിലും തിരുഹൃദയത്തിന്റെ സ്നേഹകാരുണ്യങ്ങളെക്കുറിച്ചും തിരുഹൃദയഭക്തിയെക്കുറിച്ചുമുള്ള സൂചനകൾ കാണാം. 13-ാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ്രസ്താവിച്ചിട്ടുള്ളതുപോലെ ഈശോയുടേയും മറിയത്തിന്റേയും തിരുഹൃദയങ്ങളോടു് ആരാധനക്രമസംബന്ധമായ ഭക്തി സമാരംഭിച്ചതു വിശുദ്ധ ജോൺ എവുദേസാണു്. രൂപതാദ്ധ്യക്ഷന്മാരുടെ അനുമതിയോടെ 1648ൽ അദ്ദേഹം മറിയത്തിന്റേയും 1670-ൽ ഈശോയുടേയും തിരുഹൃദയത്തിരുനാൾ കൊണ്ടാടി. തിരുഹൃദയഭക്തിയുടെ സുപ്രസിദ്ധ പ്രേഷിതയായ വിശുദ്ധ മർഗ്ഗരീത്താ മറിയം അൽക്കോക്കിനു് 1673 ഡിസമ്പർ 27-ാംനു മുതൽ ഉണ്ടായ ദർശനങ്ങളെത്തുടർന്നു തിരുഹൃദയഭക്തിയുടെ വളർച്ച ശീഘ്രതരമായി. ഒന്നാമത്തെ ദർശനത്തിൽ അവളെ തിരുഹൃദയശിഷ്യയായി തിരഞ്ഞെടുത്തിരിക്കുന്ന വിവരം അറിയിക്കയും തന്റെ തിരുവക്ഷസ്സിൽ വിശ്രമിക്കാൻ അവളെ അനുവദിക്കയും ചെയ്തു. രണ്ടാമത്തെ ദർശനത്തിൽ (1674) കുരിശു്, മുൾക്കിരീടം എന്നിവയാൽ ചുററപ്പെട്ട തിരുഹൃദയത്തെ ഈശോ അവൾക്കു പ്രത്യക്ഷമാക്കി. മൂന്നാമത്തെ ദർശനത്തിൽ (1674-ൽ വി. കുർബാനയുടെ തിരുനാളിന്റെ എട്ടാമിടത്തിൽ) ലോകപാപപരിഹാരം, ആദ്യവെള്ളിദിവ്യകാരുണ്യസ്വീകരണം, വ്യാഴാഴ്ചതോറും രാത്രി 11 മുതൽ 12 വരെയുള്ള തിരുമണിക്കൂർ എന്നിവ നിർദ്ദേശിച്ചു. നാലാമത്തെ ദർശനത്തിൽ (1675 ജൂൺ 16-ാംനു) വിശുദ്ധ കുർബാനയുടെ തിരുനാളിന്റെ എട്ടാമിടം കഴിഞ്ഞുവരുന്ന വെള്ളിയാഴ്ച പ്രതിവർഷം തിരുഹൃദയത്തിരുനാൾ കൊണ്ടാടണമെന്നും അന്നു് ദിവ്യകാരുണ്യസ്വീകരണവും പരസ്യമായ പരിഹാരപ്രകരണവും നടത്തണമെന്നും അരുൾചെയ്തു. ഈശോയുടേയും മർഗ്ഗരീത്താമറിയത്തിന്റേയും, പുണ്യാത്മാവായ കൊളംബിയേയുടേയും ഹൃദയങ്ങൾ ഏകീഭവിക്കുന്നതായി കണ്ടതും ഈ ഒടുവിലത്തെ ദർശനത്തിലാണു്. തിരുഹൃദയത്തിന്റെ 12 വാഗ്ദാനങ്ങൾ അദ്ധ്യ




നികലോകത്തിലെ അപ്പസ്തോലിക്കും സാമൂഹ്യവുമായ അദ്ധ്യാത്മചൈതന്യത്തിന്റെ ഉല്പത്തിയായി ഭവിച്ചു. ആദ്യവെള്ളിയാഴ്ചയാചരണം, തിരുമണിക്കൂർ, പരിഹാരം, പ്രതിഷ്ഠ എന്നീ ഭക്താഭ്യാസങ്ങളോടുകൂടിയ തിരുഹൃദയഭക്തി പ്രചരിച്ചുതുടങ്ങി. ഏതാണ്ടു് ഒരു നൂററാണ്ടുകഴിഞ്ഞു് 13-ാം ക്ലെമൻറു് മാർപ്പാപ്പായുടെ കാലത്തു് 1765-ൽ അനേകം മെത്രാന്മാരുടേയും രാജാക്കന്മാരുടേയും അപേക്ഷയനുസരിച്ചു് പല രൂപതകളിലും തിരുഹൃദയത്തിരുനാൾ കൊണ്ടാടിക്കൊള്ളുവാൻ റീത്തുകളുടെ തിരുസ്സംഘം കല്പന പുറപ്പെടുവിച്ചു. വീണ്ടും ഏകദേശം ഒരു നൂററാണ്ടുകഴിഞ്ഞു് 9-ാം പീയൂസിന്റെ വാഴ്ചക്കാലത്തു് 1856-ൽ ഈ തിരുനാളാഘോഷം തിരുസ്സഭയിൽ സാർവ്വത്രികമാക്കുകയും ചെയ്തു. എന്നാൽ ഇതിനിടയിൽ ഈശോസഭാംഗങ്ങളായ ഫാ. ഫ്രാൻസീസു് സേവ്യർ ഗൗട്രെലൊററു്, ഫാ. ഹെൻറി റാമിയർ എന്നിവരുടെ പരിശ്രമഫലമായി 1844-ൽ സ്ഥാപിതമായ ജപാപ്പസ്തോലസഖ്യം തിരുഹൃദയഭക്തിപ്രചരണത്തിനു് ഉത്തമോപകരണമായി ഭവിച്ചിരുന്നു.

### പ്രതിഷ്ഠാകർമ്മത്തിന്റെ ഉണർവ്വു്

തിരുഹൃദയപ്രതിഷ്ഠയുടെ ആശയം വി. മർഗ്ഗരീത്താമറിയം വഴിയായി നേരത്തെതന്നെ വെളിപ്പെടുത്തപ്പെട്ടതാണെങ്കിലും 19-ാം നൂററാണ്ടിന്റെ അവസാനഘട്ടത്തിലാണു് അതു് സാർവ്വത്രികമായിത്തീർന്നതു്. തിരുസ്സഭയെ മുഴുവനും തിരുഹൃദയത്തിനു പ്രതിഷ്ഠിക്കാനുള്ള ഒരപേക്ഷ 1870-ൽ വത്തിക്കാൻ സൂനഹദോസിന്റെ അവസരത്തിലും 1875-ൽ ജപാപ്പസ്തോലസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഫാ. റാമിയെ അനേകം മെത്രാന്മാരുടെ ഒപ്പോടുകൂടി 9-ാം പീയൂസു് തിരുമനസ്സിലേക്കും സമർപ്പിച്ചു. എന്നാൽ അപേക്ഷയുടെ ഉദ്ദിഷ്ടഫലം സമ്പൂർണ്ണമായി ലഭിച്ചില്ലെങ്കിലും ഭാഗികമായ ഫലം പുറപ്പെടുവിക്കുന്ന ഒരു കല്പനയുണ്ടായി. ജർമ്മനിയിൽ ബിസ്മാർക്കിന്റെ "കുൾത്തൂർകാംഫ്" പ്രസ്ഥാനത്തിനെതിരായി തിരുസ്സഭാസംരക്ഷണാർത്ഥം വീറോടെ പോരാടിയ ബിഷപ്പു് വോൺ കെററലറിന്റെ ഭാഗിനേയീപുത്രിയായ മദർ മരിയ ഡ്രോസ്റ്റെ സൂവിഷറിംഗ് തിരുഹൃദയത്തിന്റെ അഖിലലോകപ്രതിഷ്ഠാവിഷയത്തിൽ ഉത്തമപ്രേഷിതയായിഭവിച്ചു. 17-ാം നൂററാണ്ടിൽ വി. ജോൺ എവുദെസ്സിനാൽ സ്ഥാപിതമായ പരസ്നേഹനാഥയുടെ സന്യാസിനീസമൂഹത്തിന്റെ ഒരു ശാഖയത്രേ "നല്ല ഇടയന്റെ പരസ്നേഹനാഥാസമൂഹം." ഈ സമൂഹത്തിൽപ്പെട്ട വലിയൊരു സുകൃതിനിയായിരുന്നു ഈ മദർ മേരി ഓഫ് ദി സേക്രഡ് ഹാർട്ട്. 1898-ൽ രോഗിണിയായിത്തീർന്ന അവരെ തിരുഹൃദയം തന്റെ അസാധാരണപ്രസാദവരത്താൽ ശക്തിയായി ആകർഷിക്കയും ലോകപാപപരിഹാരത്തിനും ആത്മാക്കളെ മിശിഹായ്ക്കായി നേടുന്നതിനും അവൾക്കു് സ്വതവേയുണ്ടായിരുന്ന ആഗ്രഹത്തെ ദിവ്യരക്ഷകൻ ഉജ്ജ്വലിപ്പിക്കയുംചെയ്തു. പോർട്ടു

(ശേഷം 3-ാംപേജിൽ)

വിമർശനപംക്തി

# ശമ്മാശന്റെ പെരുമാററം

കോട്ടയം ബസ്സ്സ്റ്റാൻഡിൽ വെച്ചു കണ്ടുമുട്ടിയ ബ. ശമ്മാശനെപ്പററി ശ്രീ കെ. വറുഗീസ് (തിരുവല്ലാ), തന്റെ ആത്മകഥാകഥനത്തിൽ പരാമർശിക്കുന്നുണ്ട്. അദ്ദേഹം പറയുകയാണ്: "ചങ്ങനാശ്ശേരിക്കുള്ള ബസ്സും പ്രതീക്ഷിച്ചു കോട്ടയം ബസ്സ്സ്റ്റാൻറിൽ നില്ക്കുകയാണു ഞാൻ. അപ്പോൾ ഇതാ, ആപാദകേശം ധവളവർണ്ണത്തിലുള്ള ഒരു നീണ്ട ഉടുപ്പും ധരിച്ചു നാലഞ്ചിഞ്ചുവീതിയിൽ മുന്നാലടി നീളംവരുന്ന ഒരു വസ്ത്രശകലം അരയിലും ധരിച്ചു ഒരു ചെറിയ ബാഗും ഒരു കുടയും കൈകളിലേന്തി മന്ദസ്മിതനായി ഒരു യുവാവു് എന്റെ സമീപത്തേക്കു വരുന്നു. ഞാൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു... അദ്ദേഹം പുഞ്ചിരിതൂകിക്കൊണ്ടു് എന്റെ ചോദ്യത്തിനു മറുപടി പറഞ്ഞു. അദ്ദേഹമൊന്നിച്ചു പോകാമല്ലോ എന്നോർത്തു എനിക്കു വളരെ സന്തോഷമുണ്ടായി.

"അദ്ദേഹം വന്നു കയറിയപ്പോഴേക്കും ബസ്സിലുള്ള ഇരിപ്പിടങ്ങൾ മുഴുവൻ ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു. അദ്ദേഹത്തിനു് ഒരു സീററുകൊടുക്കുവാൻ ആരും സന്നദ്ധരായില്ല. "ഞാൻ നിന്നുകൊള്ളാം, എന്റെ സീററിൽ ഇരിക്കാമല്ലോ ശെമ്മാശനു്." ഞാൻ അദ്ദേഹത്തോടു വിനയപൂർവ്വം പറഞ്ഞു. പക്ഷെ അദ്ദേഹം "വളരെ നന്ദി"യെന്നു പറഞ്ഞു നിരസിക്കുകയാണുണ്ടായതു്.... ഏതാണ്ടു് അരമണിക്കൂറോളം ഞങ്ങൾ അന്യോന്യം പരിചയപ്പെട്ടുകൊണ്ടു ഇരുന്നു. കുറെക്കഴിഞ്ഞപ്പോൾ ഒരാൾ എഴുന്നേററു... അദ്ദേഹത്തിന്റെ ഇടയിൽ ഞാൻ ഒരു ചോദ്യം ചോദിച്ചു... ഏതായാലും ചില കാര്യങ്ങളെല്ലാം അദ്ദേഹം എന്നോടു പറഞ്ഞു. ഞാൻ ഉന്നയിച്ച ചോദ്യങ്ങൾക്കെല്ലാം അദ്ദേഹം തക്കമറുപടി നൽകി. ആ ശെമ്മാശനെ വേർപിരിയുന്നതിൽ എനിക്കു വളരെ പ്രയാസം തോന്നാതിരുന്നില്ല."

മി. വറുഗീസിനു ഈ ബ. ശമ്മാശൻ ആകൃഷ്ടനായതിന്റെ പശ്ചാത്തലവും അദ്ദേഹം വിവരിക്കുന്നുണ്ട്. അദ്ദേഹം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടണമെന്നു് ആലോചിക്കുന്നതിനു വളരെ മുൻപുതന്നെ "യാക്കോബായസഭയിലെ വൈദികരുടേതിനേക്കാൾ കൂടുതലായ സ്നേഹബഹുമാനാദരവുകൾ കത്തോലിക്കാ വൈദികരുടെ നേർക്കുണ്ടായിരുന്നു. കാരണമെന്തായിരുന്നുവെന്നു അന്നു് എനിക്കു ശരിയായി ഗ്രഹിക്കുവാൻ പ്രാപ്തിയില്ലായിരുന്നുവെന്നു വേണം പറയുവാൻ. അവരിൽ എന്തോ ഒരു ദിവ്യശക്തി ഒളിഞ്ഞുകിടപ്പുള്ളതായി എനിക്കു തോന്നിയിരുന്നു. ബ്രഹ്മചാരികളും ക്രിസ്തുവിനുവേണ്ടി താപകലെന്യേ അദ്ധ്വാനിക്കുന്നവരുമായ ആ ബ. വൈദികരോടു എനിക്കാദരവുതോന്നിയതിൽ എന്താണത്ഭുതം?"

കത്തോലിക്കാ വൈദികരോടു തോന്നിയ ഈ ബഹുമാനാദരമെല്ലാം, അദ്ദേഹത്തിന്റെ പുനരൈക്യത്തിനു കാരണം. ഈ മനോഭാവം അദ്ദേഹം ഒരു യാക്കോബായക്കാരൻ ആയിരുന്ന കാലത്തുണ്ടായിരുന്നതാണ്. പുനരൈക്യപ്പെടുന്നതിനുള്ള പ്രത്യേക ദൈവാനുഗ്രഹം അദ്ദേഹത്തിനു സിദ്ധിച്ചിരുന്നില്ലെങ്കിൽതന്നെ, ഈ മനോഭാവം അദ്ദേഹത്തിനുണ്ടായിരിക്കുമായിരുന്നു എന്നാണു അദ്ദേഹം പറയുന്നതിൽനിന്നു അനുമിക്കേണ്ടതു്. ഈ പ്രസ്താവന ശ്രീ വള്ളശ്ശേരിൽ പൗലൂസുമാപ്പിളയെ വളരെയധികം ക്ഷോഭിപ്പിക്കുകയും വഴിതെററിക്കുകയും ചെയ്തിരിക്കുന്നു.

ശ്രീ പൗലൂസ്മാപ്പിള എഴുതുന്നു: "അപരിചിതനായ ശമ്മാശൻ വളരെ മര്യാദയായി പെരുമാറിയെന്നാണു ലേഖകനെ ഒരു മതപരിവർത്തനത്തിനു കാരണമാക്കിയെങ്കിൽ അതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. ഇതു വ്യക്തമാക്കുന്നതു ലേഖകൻ ഇതിനു മുൻപു ഇത്തരപ്രകാരമുള്ളവരുമായി സംസർഗ്ഗം ചെയ്തിട്ടില്ലെന്നു മാത്രമാണ്." ഈ അവസാനത്തെ വാചകം ആലോചിച്ചാണോ ശ്രീ പൗലൂസ്മാപ്പിള എഴുതിയതെന്നു ഞാൻ സംശയിക്കുന്നു. എന്തെന്നാൽ കോട്ടയം ബസ്സ്സ്റ്റാൻറിൽവച്ചു ആ ബ. ശമ്മാശനെ കാണുന്നതുവരെ, യാക്കോബായക്കാരനായിരുന്ന ശ്രീ കെ. വറുഗീസ് സംസർഗ്ഗം ചെയ്യുവാൻ ഇടയായവരാരും ആ ശമ്മാശനെപ്പോലെയുള്ളവരല്ലായിരുന്നുവെന്നാണല്ലോ ആ വാചകത്തിന്റെ അർത്ഥം. എത്രമാത്രം സൗധം വെള്ളപൂശുവാൻ ശ്രീ പൗലൂസുമാപ്പിള യത്നിക്കുന്നുവോ അതിന്റെ അടിത്തറ ഇത്ര അദ്ദേഹം മാന്തിക്കളഞ്ഞിരിക്കുന്നു!!

"ഇപ്രകാരമുള്ളവർ എല്ലാ ജനസമുദായത്തിലും കാണുക സാധാരണമാണെ"ന്നും, "റോമാസഭയ്ക്കു മാത്രമുള്ള ഒരു കുത്തകയല്ലെ"ന്നും ശ്രീ പൗലൂസുമാപ്പിള ശഠിക്കുന്നു. ഇതു് എഴുതാപ്പുറം വായിക്കുകയാണ്. കാരണം ശ്രീ വറുഗീസ് അങ്ങനെ പറഞ്ഞിട്ടില്ല. മററു ജനസമുദായങ്ങളിലുള്ളവർ അദ്ദേഹത്തിന്റെ ഹൃദയത്തെ ആകർഷിച്ചിട്ടില്ലെന്നു മാത്രമേ അദ്ദേഹം പറയുന്നുള്ളു. "അങ്ങയെ ഞങ്ങൾ വിട്ടുപേക്ഷിച്ചുപോകയില്ല, എന്തെന്നാൽ നിത്യജീവന്റെ വചനങ്ങൾ അങ്ങയുടെ പക്കൽ ഉണ്ടു്" എന്നു് ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ചിലർ ഏററുപറഞ്ഞപ്പോൾ, അതു ഒരുകൂട്ടർക്കു തന്നെ കുത്തകയല്ലെന്നു പറഞ്ഞു മററു ചിലർ ക്രിസ്തുവിനെ വിട്ടുപേക്ഷിച്ചുപോയകാര്യം ശ്രീ പൗലൂസുമാപ്പിളയ്ക്കു സമാധാനത്തിനു വക നൽകുന്നുണ്ട്.

കോട്ടയം ബസ് സ്റ്റാൻഡിൽ വെച്ചു കണ്ടുമുട്ടിയ ശമ്മാശന്റെ മര്യാദാപൂർവ്വമായ പെരുമാററം തന്നെ വളരെ ആകർഷിച്ചുവെന്നുള്ള ശ്രീ വറുഗീസിന്റെ പ്രസ്താവനയെ — അദ്ദേഹത്തിന്റെ അനുഭവത്തെ — ശ്രീ പൗലൂസുമാപ്പിള ഖണ്ഡിക്കുന്നതു് പത്താംനൂററാണ്ടിൽ റോമ്മാസഭയെ ഭരിച്ചിരുന്ന ഒരു പാപ്പാ മര്യാദയില്ലാതെ പ്രവർത്തിച്ചു ഉദാഹരണംകൊണ്ടാണ്. ഏഴാം സ്റ്റീഫൻ മാർപ്പാപ്പാ (അദ്ദേഹം 9-ാംനൂററാണ്ടിലാണു റോമ്മാസഭയെ ഭരിച്ചിരുന്നതു്) തന്റെ പുരോഗാമിയായ ഫോർമോസസ് മാർപ്പാപ്പയുടെ മൃതശരീരത്തോടു മര്യാദയില്ലാതെ പെരുമാറിയെന്നാണു പൗലൂസുമാപ്പിളയുടെ ആരോപണം. വാദത്തിനു വേണ്ടി അതങ്ങു സമ്മതിച്ചുകൊടുക്കാം. മര്യാദയില്ലാത്ത ഒരു കത്തോലിക്കാ വൈദികനെ കണ്ടുപിടിക്കുവാൻ 1953 മുതൽ പുറകോട്ടു നോക്കിയിട്ടു് ശ്രീ പൗലൂസുമാപ്പിളയ്ക്കു 897-ൽ മരിച്ച ഏഴാംസ്റ്റീഫൻ മാർപ്പാപ്പായെ കിട്ടിയുള്ളൂ എന്നതു കീർത്തിയായും മി. വറുഗീസിനു അഭിനന്ദിക്കത്തക്ക ഒരു നിലപാടാണു്.

ശ്രീ വറുഗീസ്, തന്റെ കൺമുൻപിൽ കണ്ട ഒരു ശമ്മാശന്റെ, തനിക്കനുഭവപ്പെട്ട, പെരുമാററത്തെയാണു ആത്മകഥാകഥനത്തിൽ വിവരിച്ചിരിക്കുന്നതു്. 1056 കൊല്ലം മുൻപു മരിച്ച, ഒരാളുടെ പെരുമാററത്തെ ശ്രീ വറുഗീസു കാണാഞ്ഞതു ഒരു കുററമാണെങ്കിൽ ആ കുററം അദ്ദേഹം ഏൽക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

"അന്ത്യാക്യാ പാത്രിയർക്കീസ് മററു വ്യക്തികളെപ്പോലെ കേവലം തെററിപ്പോകാവുന്ന ഒരു വ്യക്തിമാത്രമാണെന്നാണു സൂറി-

## Wanted

1. Two Vidwans or Visarad with literary qualification for the post of Hindi Teachers.

2. One Vidwan or Visarad with literary qualification for the post of Malayalam teacher.

3. One duly qualified drill master in a permanent vacancy.

St. Mary's High School
Alwaye.

22-5-56 Manager


ഡാമിയൻ സബ്സിഡീസ് ലിമിററഡ്, തൃശ്ശൂർ.

(Phone No. 462)

ചെയർമാൻ: ശ്രീ ചാക്കോള ലോനപ്പൻ പാല്യ.

★ പുതിയ മാസക്കുറി ★

(As per Govt. order D. Dis. 3639/56/ R. D. dated 24-4-56)

| ആകെ നമ്പർ | നമ്പർ 1-ക്കു് 125 ക. | ആകെ സല |
|---|---|---|
| 111 | (5 ക്ലാസ്സുകൾകൂടി) | 13875 ക. |

ഒന്നിടവിട്ടു് നറക്കും ലേലവും

ഒന്നാം തവണ നറുക്കെടുപ്പു് 12-7-56. രണ്ടാംതവണ ലേലം 12-8-56.

കുറിയുടെ വിവരം

| ക്ലാസ്സ് | ആകെ നറക്ക് | നറക്ക് വില | ആകെ സല | സ്ഥിരം കിഴിവ് | കിട്ടുമ്പോൾസംഖ്യ |
|---|---|---|---|---|---|
| A | 111 | 60 ക. | 6660 ക. | 660 ക. | 6000 ക. |
| B | 111 | 30 ക. | 3330 ക. | 330 ക. | 3000 ക. |
| C | 111 | 20 ക. | 2220 ക. | 220 ക. | 2000 ക. |
| D | 111 | 10 ക. | 1110 ക. | 110 ക. | 1000 ക. |
| E | 111 | 5 ക. | 555 ക. | 55 ക. | 500 ക. |
| | ആകെ | 125 ക. | 13875 ക. | 1375 ക. | 12500 ക. |

കമ്പനിയിൽനിന്നു 64755 ക. സലയുള്ള മൂന്നു കുറികളിലും ചിട്ടിക്കാർ അധികരിക്കയാണുണ്ടായിട്ടുള്ളതു്. ആവശ്യക്കാർ അപേക്ഷാഫാറത്തിനും കൂടുതൽ വിവരങ്ങൾക്കും താഴെ കാണുന്ന വിലാസത്തിൽ എഴുതി അയപ്പാൻ താല്പര്യം.

**The Damien Subsidies Limited,**
TRICHUR



പ്യാരി (REGD) ഔഷധ സോപ്പ്
ചൊണങ്ങ്, താരൻ മുഖക്കുരു, പുഴുക്കടി നിറഭേദങ്ങൾ മുതലായവയ്ക്ക്
PYARY PRODUCTS (REGD) T.C.S


യാനിസഭ വിശ്വസിക്കുന്നതു്" എന്നു ശ്രീ പൗലൂസുമാപ്പിള വാദിക്കുന്നു. അദ്ദേഹത്തോടു സഹതപിക്കുകയല്ലാതെ നമുക്കു് എന്തു ചെയ്യാം. എന്തെന്നാൽ ആ വിശ്വാസത്തിന്റെ ഫലമായി, വിശ്വാസാചാരങ്ങളിൽ തെററില്ലാത്ത തീരുമാനം ചെയ്യുവാനുള്ള അധികാരി ഹിന്ദുക്കളും മുസ്ലീങ്ങളുമടങ്ങിയ ഹൈക്കോടതിയും സുപ്രീംകോടതിയുമാണെന്ന വിശ്വാസംവരെ അദ്ദേഹത്തെപ്പോലെയുള്ളവർ എത്തിയിരിക്കുകയാണല്ലോ.

"കത്തോലിക്കാവൈദികർ ബ്രഹ്മചാരികളും ക്രിസ്തുവിനുവേണ്ടി താപകലെന്യേ അദ്ധ്വാനിക്കുന്നവരുമാണു്" എന്നുള്ള ശ്രീ വറുഗീ-


കുറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ പണം കടംകൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ് കൊച്ചിൻ ലിമിററഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി, ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്


സിന്റെ പ്രസ്താവനയും ശ്രീ പൗലൂസുമാപ്പിളയെ വിഷമിപ്പിക്കുന്നുണ്ട്. ഇതു "ജുഗുപ്സാവഹമായ ഒരു അഭിപ്രായം" ആയിട്ടാണു് അദ്ദേഹത്തിനു തോന്നുന്നതു്. ഒരു കഥയുണ്ടു്. ഹംസങ്ങൾ ഒരിക്കൽ കൊക്കിനെ മാനസസരസ്സിലേക്കു ക്ഷണിച്ചുവത്രേ. അവിടെ എന്തെല്ലാം ഉണ്ടെന്നായി കൊക്കു്. സുന്ദരങ്ങളും സൗരഭ്യദായകങ്ങളുമായ എല്ലാ പദാർത്ഥങ്ങളും ഉണ്ടെന്നു അരയന്നങ്ങൾ മറുപടി പറഞ്ഞു. "അട്ടകൊക്കു് ഉണ്ടോ എ"ന്നു കൊക്കു വീണ്ടും ചോദിച്ചു. അതു മാത്രമില്ലായെന്നു ഹംസങ്ങൾ പറഞ്ഞു. "അങ്ങനെയുള്ള മാനസസരസ്സിലേക്കു ഞാനില്ലാ"യെന്നു കൊക്കു തിരിച്ചും ഒഴിഞ്ഞുപറഞ്ഞു.

"ബ്രഹ്മചാരിത്വം" എന്ന ജുഗുപ്സാവഹമായ നടപടിയുള്ള കത്തോലിക്കാസഭയെ, മി. വറുഗീസിനെപ്പോലെയുള്ളവരല്ലാതെ, ആരെങ്കിലും സ്വീകരിക്കുമോ? ഏതായാലും പൗലൂസുമാപ്പിള സ്വീകരിക്കുകയില്ലെന്നു തീർച്ച. "ക്രിസ്തു തന്റെ സഭയെ സ്ഥാപിക്കുവാൻ ശിഷ്യന്മാരുടെ കൂട്ടത്തിൽനിന്നും പത്രോസിനെ തിരഞ്ഞെടുത്തതു അദ്ദേഹം വിവാഹം കഴിച്ചിരുന്നതുകൊണ്ടായിരുന്നുവെന്നു്" പാവം മി. പൗലൂസുമാപ്പിള ഇപ്പോഴും വിശ്വസിക്കുന്നു!!

## പുസ്തകാഭിപ്രായം

### ദൈവവിളി സ്മരണകൾ

[അനുവാദകൻ: മാത്യു കാട്ടടി; പ്രസാധകർ, എസ്. എച്ച്. ലീഗ്, ആലുവാ നോർത്ത്. പുറം 60+8. വില 4 ണ]


പൗരോഹിത്യത്തിലേക്കുള്ള "ദൈവവിളി" എന്നു സാധാരണ പറയാറുണ്ടു്. പക്ഷെ ദൈവം ഒരുദിവസം രാവിലെ വന്നു "ചാക്കോ അല്ലെങ്കിൽ തോമ്മാ നീ വന്നു വൈദികനാകു" എന്നു വിളിക്കാറില്ല. നമ്മുടെ ആത്മാവി-

ന്റെ അഗാധത്തിൽ ദൈവം അങ്ങനെയൊരു ചിന്ത സംജാതമാക്കുന്നു. അനുകൂലമായ പരിതസ്ഥിതികളിലും അനുഗുണമായ ഗുണവിശേഷങ്ങളിലും വളരുന്നവർ ആ ദൈവാഭിനിവേശത്തിനു അനുരൂപമായി തങ്ങളുടെ ജീവിതത്തെ തിരിച്ചുവിടുകയും അല്ലാത്തവർ ആ തോന്നലിനെ തള്ളിക്കളയുകയും ചെയ്യുന്നു.

പലരും തങ്ങളുടെ ദൈവവിളിക്കു മാതാപിതാക്കന്മാരോടാണു കടപ്പെട്ടിരിക്കുന്നതു്; ചെറുപ്പത്തിൽ തങ്ങൾക്കു ലഭിക്കുന്ന ശിക്ഷണവും, മാതാപിതാക്കന്മാരുടെ ദൃഷ്ടാന്തവും പ്രാർത്ഥനയും ദൈവവിളിക്കു കാരണമായി ചൂണ്ടിക്കാണിക്കുന്നുണ്ടു്. ജീവിതത്തിലുണ്ടാകുന്ന ചില പ്രതിസന്ധിഘട്ടങ്ങൾ, യാദൃച്ഛികമായി കേൾക്കുന്ന ഒരു നല്ല പ്രസംഗം മുതലായവയും ദൈവവിളിയെ സഹായിക്കുന്നതായി കാണാം. എല്ലാവരുംതന്നെ, തങ്ങളുടേയും ഇതരന്മാരുടേയും പ്രാർത്ഥന വലിയ ഒരു ശക്തിയായി കരുതുന്നു.

ലോകപ്രഖ്യാതരായ ഏഴു വൈദികസത്തമർ—ഫാദർ ജയിംസ് കെല്ലർ, ഫാദർ ലൂയിസ് ഒ. സി. എസ്. ഒ. (തോമസ് മെർട്ടൺ), കർദ്ദിനാൾ ഗിൽറോയി, ഫാദർ ഡാനിയൽ എ. ലോർഡ് എസ്. ജെ., ഫാദർ പാട്രിക് പെയ്ററൺ സി. എസ്. സി., ഫാദർ എഫ്. എച്ച്. ഷാർക്കെ, ബിഷപ്പ് ഫുൾട്ടൻഷീൻ — തങ്ങൾക്കു ദൈവവിളി അനുഭവപ്പെട്ടതെങ്ങനെയെന്നും, അതു സ്വീകരിക്കുന്നതിനു തരണംചെയ്യേണ്ടി വന്ന പ്രതിബന്ധങ്ങൾ ഏവയൊക്കെയെന്നും വിവരിക്കുന്നതാണു്

**For favours received**



Fr. I. Kapiarmala

ഈ ലഘുഗ്രന്ഥത്തിന്റെ ഉള്ളടക്കം. മാതാപിതാക്കന്മാരും മക്കളും ഒന്നുപോലെ വായിച്ചിരിക്കേണ്ടതാണു് ഈ ഗ്രന്ഥം.

ഡാനിയൽ എ. ലോർഡ് 21-ാമത്തെ വയസ്സിൽ താൻ ഒരു ഈശോസഭാവൈദികനാകുവാൻ പോകുന്നുവെന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മാതാവു പറയുകയാണ്: "ഇതിനല്ല മകനേ, ഇതിനു മാത്രമല്ലേ മകനേ, ഈ കാലമെല്ലാം ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നതു്." ദൈവവിളിയെ സംബന്ധിച്ച ഒരു വലിയ രഹസ്യമാണു് ആ മാതാവു വെളിപ്പെടുത്തിയിരിക്കുന്നതു്, മാതാപിതാക്കന്മാരുടെ മാതൃകയും പ്രാർത്ഥനയും. മക്കളുടെ ദൈവവിളിക്കാര്യത്തിൽ തങ്ങൾക്കെന്തു ചെയ്യുവാൻ സാധിക്കുമെന്നു സംശയിക്കുന്ന മാതാപിതാക്കൾ പ്രത്യേകിച്ചും ഈ പുസ്തകം വായിച്ചിരിക്കേണ്ടതാണു്. (Jom)

(1-ാംപേജ് തുടർച്ച)

ഗലീൽ ഒപ്പോർട്ടോ നഗരത്തിലുള്ള മഠത്തിന്റെ ശ്രേഷ്ഠത്തിയായി 1894-ൽ അവരെ തിരഞ്ഞെടുക്കപ്പെട്ടു. അവർ രോഗിണിയായിത്തിന്ന് കൊല്ലം ജൂൺമാസത്തിൽ ദിവ്യരക്ഷകൻ അവർക്കു വെളിപ്പെടുത്തി, പരിശുദ്ധ പിതാവു ലോകത്തെ മുഴുവനും തിരുഹൃദയത്തിന് പ്രതിഷ്ഠിക്കണമെന്നും അതുവഴിയായി മെത്രാന്മാരും വൈദികരും കൂടുതൽ തീക്ഷ്ണതയുള്ളവരാകുമെന്നും നീതിമാന്മാർ പരിപൂർണ്ണരാകുമെന്നും പാഷണ്ഡരും ശീശ്മക്കാരും പുനരൈക്യപ്പെടുമെന്നും അനാഗതർ ജ്ഞാനസ്നാനപ്പെട്ട് തിരുസ്സഭാംഗങ്ങളാകുമെന്നും. ഈ വെളിപാടിന്റെ ആശയം ഉള്ളടക്കിയ ഒരെഴുത്ത് അവർ മാർപ്പാപ്പാ തിരുമേനിക്കയച്ചു. തിരുമേനി അതു തിരസ്കരിച്ചില്ലെങ്കിലും, വിവേകപൂർവ്വമായൊരു കാലവിളംബം വരുത്തി. 1899 ജനുവരി 6-ാംനു വീണ്ടും ഒരെഴുത്തയച്ചു. 1898 ഡിസംബർ 7-ാംനു അവർക്കുണ്ടായ വെളിപാടായിരുന്നു അതിലെ ഉള്ളടക്കം. തന്റെ തിരുഹൃദയഭക്തിയെ സംബന്ധിച്ചു നവീനവികാസത്തിൽ ഒരു നവീനപ്രകാശത്താൽ താൻ ലോകത്തെ പ്രകാശിപ്പിക്കുമെന്നും, അതുവഴിയായി തന്റെ ദിവ്യഹൃദയത്തിന്റെ മഹത്വവും, സ്വർഗ്ഗീയദാനങ്ങളുടെ സാർവ്വത്രികവിതരണവും താൻ ആഗ്രഹിക്കുന്നെന്നും, തദർത്ഥം പരിശുദ്ധപിതാവിന്റെ ആയുസ്സ് നീട്ടിക്കൊടുത്തിരിക്കുന്നെന്നും, അദ്ദേഹത്തിന്റെ ആത്മാവിനെ തന്റെ ദിവ്യഹൃദയത്തിൽ നിന്നുള്ള വിശേഷാനുഗ്രഹങ്ങളാൽ നിറയ്ക്കുമെന്നും, ദിവ്യരക്ഷകൻ അവളുടെ കത്തുവഴിയായി ലെയോ 13-ാമനെ അറിയിച്ചു. കത്തോലിക്കാസഭയെ മാത്രം പ്രതിഷ്ഠിക്കുന്നതുകൊണ്ട് ദിവ്യഹൃദയം സംതൃപ്തമാകയില്ലെന്നും, അഖിലലോകത്തെയും പ്രതിഷ്ഠിക്കണമെന്നും ആ എഴുത്തിൽ അറിയിച്ചിരുന്നു. ആ എഴുത്തുവായിച്ചപ്പോൾ നിഗൂഢമായൊരു വിശേഷനിവേശനം അദ്ദേഹത്തിനുണ്ടായതുപോലെ അനുഭവപ്പെട്ടെന്നു തിരുമേനി ഒരവസരത്തിൽ പ്രസ്താവിക്കയുണ്ടായി. അക്കൊല്ലം മാർച്ചുമാസത്തിൽ, തിരുമനസ്സിലെ 90-ാമത്തെ ജന്മദിനത്തിന്റെ തലേദിവസം ഗുരുതരവും ആപല്ക്കരവുമായ ഒരു ശസ്ത്രക്രിയയ്ക്കു അദ്ദേഹം വിധേയനായി. സാമാന്യം വലിയ ഒരു കനത്ത നീരു (tumour) വിജയകരമാംവിധം ശസ്ത്രക്രിയ ചെയ്തു. ഈ പ്രവചനപൂർത്തീകരണം, എഴുത്തിൽ പ്രകാശിതമായ കാര്യങ്ങളുടെ സ്ഥിരീകരണത്തിനു പര്യാപ്തമായി. 1900-ാമാണ്ടത്തേക്ക്— 19-ാം ശതാബ്ദപൂർത്തി സംബന്ധിച്ചു ജൂബിലി ഘോഷാവസരത്തിലേക്ക്—മേല്പറഞ്ഞ പ്രതിഷ്ഠ മാററിവയ്ക്കാമെന്നു തിരുമേനി വിചാരിച്ചിരുന്നു; എങ്കിലും എഴുത്തിലെ താല്പര്യമനുസരിച്ച് 1899-ൽതന്നെ പ്രതിഷ്ഠ നടത്താൻ നിശ്ചയിച്ചു. അദ്ദേഹം മദർ മേരിയോടടുത്തു സമ്പർക്കമുള്ള വൈദികരോടും തന്റെ ആലോചനക്കാരായ കർദ്ദിനാളന്മാരോടും ജാഗ്രതാപൂർവ്വം ആലോചിച്ച് അവളുടെ വിശുദ്ധിയെക്കുറിച്ചു ദൃഢബോദ്ധ്യം വരുത്തി. കേവലം രഹസ്യവെളിപാടിനെമാത്രം ആശ്രയിക്കാതെ ദൈവശാസ്ത്രത്തിന്റെയും തിരുസ്സഭാപാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ ഈ സാർവ്വജാതീയ പ്രതിഷ്ഠ സ്വീകാര്യമാണോയെന്നു പരിശോധിക്കാൻ റീത്തുകളുടെ തിരുസംഘത്തിന്റെ കീഴിൽ ഒരു കമ്മിഷനെ തിരുമേനി നിയോഗിച്ചു. കമ്മിഷന്റെ ജോലി പൂർത്തിയായി. അഖിലലോകപ്രതിഷ്ഠയ്ക്കു വി. തോമസ് അക്വിനാസിന്റെ പ്രബോധനങ്ങളും മറ്റും ഉപോൽബലകങ്ങളാണെന്നു കണ്ടു. 1899-ലെ ഉയിർപ്പുതിരുനാളിൽ റീത്തുകളുടെ തിരുസ്സംഘാദ്ധ്യക്ഷൻവഴി തിരുഹൃദയത്തിനുള്ള അഖിലലോകപ്രതിഷ്ഠാകാര്യം പ്രഖ്യാപിതമായി. തന്റെ അതിശ്രേഷ്ഠാചാര്യധർമ്മത്തിലെ ഏററം വലിയ പ്രവൃത്തിയാണിതെന്ന് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പ്രസ്താവിച്ചു. വിശുദ്ധവത്സരത്തെയും (19-ാംശതവത്സരപൂർത്തി) അഖിലലോകപ്രതിഷ്ഠയേയും വിഷയീകരിച്ച് Annum Sacrum എന്നു തുടങ്ങുന്ന വിശ്വലേഖനം 1899 മേയ് 25-ാംനു പ്രസിദ്ധീകരിച്ചു. 16 നൂററാണ്ടുകൾക്കുമുമ്പ് കോൺസ്റ്റന്റയിൻ ചക്രവർത്തിക്കു പ്രത്യക്ഷമായ കുരിശിനെയും, ആ അടയാളത്തിൽ വിജയംവരിക്കുമെന്നുണ്ടായ അരുളപ്പാടിനെയും അനുസ്മരിച്ചുകൊണ്ട് ലേഖനത്തിൽ ഒരിടത്ത് ഇപ്രകാരം പറയുന്നു: "ഇപ്പോഴിതാ അനുഗൃഹീതമായ വേറൊരു സ്വർഗ്ഗീയാടയാളം നമ്മുടെ ദർശനവിഷയമായിത്തീർന്നിരിക്കുന്നു—ഈശോയുടെ പരിശുദ്ധഹൃദയം, സ്നേഹജ്വാലകൾക്കിടയിൽ നിസ്തുലപ്രതാപത്തോടെ കാന്തിചിന്തിക്കൊണ്ടുയരുന്ന കുരിശോടുകൂടിയ ദിവ്യഹൃദയം. നമ്മുടെ ശരണം മുഴുവനും ഈ തിരുഹൃദയത്തിലത്രേ. ഇതിൽനിന്നത്രേ മനുഷ്യവംശത്തിന്റെ രക്ഷ പ്രത്യാശയോടെ പ്രതീക്ഷിക്കേണ്ടതും." ഈ അടയാളത്തിൽ നാം വിജയം വരിക്കും എന്നത്രേ തിരുമനസ്സിലെ ദൃഢമായ പ്രത്യാശ.

വിശ്വലേഖനത്തിലെ നിർദ്ദേശമനുസരിച്ചു കത്തോലിക്കാലോകമെങ്ങും അക്കൊല്ലം തിരുഹൃദയതിരുനാൾ കഴിഞ്ഞുവന്ന ഞായറാഴ്ച (ജൂൺ 11) തിരുഹൃദയത്തിനുള്ള അഖിലലോകപ്രതിഷ്ഠ നടത്തി. പ്രതിഷ്ഠയ്ക്കു ഹേതുഭൂതയായ മദർ മേരി ഈ മഹാസംഭവം സ്വർഗ്ഗത്തിൽനിന്നുകൊണ്ടാണ് വീക്ഷിച്ചത്; അക്കൊല്ലം തിരുഹൃദയതിരുനാളിനു തലേദിവസം വൈകുന്നേരം ആ സുകൃതിനി ദിവംഗതയായിരുന്നു. അവളുടെ ആദ്ധ്യാത്മികനിയന്താവും, പോർട്ടുഗലിൽ ഒപ്പോർട്ടോ സെമിനാരിയുടെ റെക്ടറുമായിരുന്ന കാനൻ തിയദോറാണിയസ് റിബെയ്റോ ദെ കാസ്ട്രോ, മൈലാപ്പൂർ മെത്രാനായി വാഴിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ അപ്രതീക്ഷിതമായ ഈ സ്ഥാനലബ്ധിയെപ്പററി മദർ മേരി പ്രവചിച്ചിരുന്നതാണ്. ലെയോ 13-ാമനാകട്ടെ ഈ അഖിലലോകപ്രതിഷ്ഠയ്ക്കു പ്രധാന ഹേതുഭൂതയായ മദർ മേരിയെപ്പററി പിന്നീട് പല അവസരങ്ങളിലും, വിശിഷ്യാ ജർമ്മനിയിൽനിന്നു വന്ന തീർത്ഥകരോട് പറഞ്ഞിരുന്നതായി അന്നത്തെ രേഖകളിൽ കാണാം.

### സാമൂഹ്യവിപ്ലവത്തിന് ഉത്തമപ്രതിവിധി

ലെയോ 13-ാമനും അദ്ദേഹത്തിന്റെ പിൻഗാമികളും, ആധുനികലോകത്തെ വട്ടം കറക്കുന്ന സാമൂഹ്യ വിപ്ലവക്കൊടുങ്കാററിനെ ശമിപ്പിക്കാൻ ഉത്തമപ്രതിവിധിയായിട്ടത്രേ തിരുഹൃദയഭക്തിയെ നിർദ്ദേശിച്ചിരിക്കുന്നതു്. ലോകം ഈ ദയനീയാവസ്ഥയിൽ എത്തിയതെങ്ങനെ? ആദിമസഭയിലെ ക്രൈസ്തവജീവിതം ക്രമേണ മന്ദീഭവിച്ചു; 16-ാംനൂററാണ്ടിൽ പൊട്ടിപ്പുറപ്പെട്ട മതനവീകരണത്തോടുകൂടി പ്രോട്ടസ്റ്റാൻറുകാർ ഉന്നയിച്ച അമിതവ്യക്തിസ്വാതന്ത്ര്യവാദംമൂലം മനുഷ്യസഹജമായ സാമൂഹ്യബോധത്തിനുടവുതട്ടി; കാറൽമാർക്സിന്റെ അമിതസാമൂഹ്യവാദമാകട്ടെ മനുഷ്യന്റെ വ്യക്തിത്വത്തെ നശിപ്പിക്കയും, ഭൗതികവാദത്തിൽ അടിയുറപ്പിച്ചുകൊണ്ടുള്ള സാമൂഹ്യമാത്സര്യ വിപ്ലവങ്ങൾവഴിയായി ജനപദങ്ങളെയും ഗവമ്മേണ്ടുകളേയും തകിടം മറിക്കയും ചെയ്തു. സാമൂഹ്യഘടകങ്ങളിൽ ഏററം ചെറുതാണല്ലോ കുടുംബം. സാർവ്വദേശീയമായ സാമൂഹ്യസുസ്ഥിതി, ദിവ്യഹൃദയത്തിനു പ്രതിഷ്ഠിതവും ദിവ്യഹൃദയത്താൽ അനുഗൃഹീതവുമായ കുടുംബങ്ങളുടെ പരിവർത്തനത്തോടെ സമാരംഭിക്കണം. കുടുംബപ്രതിഷ്ഠയുടെ വൈശിഷ്ട്യവും ഉദ്ദേശവും ഇതിൽനിന്നു വ്യക്തമാണല്ലോ. തിരുസ്സഭാദ്ധ്യക്ഷന്മാരുടെ പ്രകടിതമനോഭാവമാണിതു്.

ഇക്കൊല്ലം ജൂൺമാസത്തെ പൊതുനിയോഗം, തിരുഹൃദയത്തിരുനാളിന്റെ ശതാബ്ദജൂബിലിയാഘോഷം തിരുഹൃദയഭക്തിക്ക് പൂർവ്വാധികമായ അഭിവൃദ്ധിയും, അതിൽ വിശ്വാസികൾക്കു കൂടുതൽ ഉണർവും ഉണ്ടാകുന്നതിനിടയാകണമെന്നാണല്ലോ. പ്രതിഷ്ഠ, പരിഹാരം, ആദ്യവെള്ളിയാഴ്ചയാചരണം, തിരുമണിക്കൂർ എന്നിവയത്രേ ഈ ഭക്തിയുടെ പ്രധാനഘടകങ്ങൾ.

---

## കൃതജ്ഞത

വി. പത്താംപീയൂസിന്റെ സഹായത്താൽ എന്റെ കഴുത്തിലെ സുഖക്കേട് ശാന്തമായതിനു ഉപകാരസ്മരണ.

വക്കി മറിയം ഈഴച്ചാലിൽ
പെരുങ്ങുഴ

---


# ST. JOSEPH'S COLLEGE, DEVAGIRI
## KOZHIKODE

(Conducted by the Syro-Malabar Carmelite Fathers of the St. Joseph's Province)

*— Affiliated to the University of Madras —*

## (Opening of the College: 2nd July, 1956)

***COURSES FOR 1956-1957 :—***

B. A. Degree : Group I B: Mathematics.
Group IV B: Economics & History.

***Pre-University Course:***

Part I : English—All candidates should take English and any one of the following languages: Malayalam, Hindi, Sanskrit, Syriac or Latin.

Part II : Applicants should also take any one of the following combinations :

1 Mathematics, Physical Science, World History and Commerce.
2 Mathematics, Physical Science, World History and Advanced English or Logic.
3 Natural Science, Physical Science, World History and Logic.
4 Natural Science, Physical Science, World History and Advanced English or Syriac.

HOSTEL ACCOMMODATION AVAILABLE.

Prospectus and Application Form for admission to the Pre-University and Junior B. A. classes can be obtained from the College Office at Amalapuri, near 4th Rly. Gate, Kozhikode, after the 20th May 1956 on remittance of the Registration Fee of Rs. 2 (Rupees Two) which will not be refunded.

Fr. Theodosius, T. O. C. D., M. A., Ph. D.,
Principal,
St. Joseph's College—Devagiri,
P. B. No. 17—Kozhikode-I


---

# തൊഴിലാളിയായ ക്രിസ്തുവിന്റെ പ്രതിമ

## പരിശുദ്ധപിതാവിന് തൊഴിലാളികളുടെ സംഭാവന

കഴിഞ്ഞ മേയ് 1-ാംനു—തൊഴിലാളിയായ വിശുദ്ധ യൗസേപ്പിന്റെ തിരുനാൾദിനം—വത്തിക്കാനിലെ സെൻറ് പീറേറഴ്സ് ബസ്സിലിക്കായുടെ അങ്കണത്തിൽ ഇദംപ്രഥമമായി ഒരു ഹെലിക്കോപ്റ്റർ വിമാനം വന്നിറങ്ങി. വിമാനത്തിൽ, ഇടതുകൈയിൽ മട്ടവും വലതുകൈയിൽ ചുററികയും പിടിച്ചുകൊണ്ടുള്ള തൊഴിലാളിയായ ക്രിസ്തുവിന്റെ ഒരു ഓട്ടുപ്രതിമ ഉണ്ടായിരുന്നു. തൊഴിലാളിയായ യൗസേപ്പിന്റെ തിരുനാൾ ഏർപ്പെടുത്തിയതിൽ ലോകത്തിലെ കത്തോലിക്കാ തൊഴിലാളികൾക്കു മാർപ്പാപ്പാ തിരുമേനിയോടുള്ള കൃതജ്ഞതയുടെ ലക്ഷ്യമായി, അവിടുത്തേക്കുള്ള അവരുടെ സംഭാവനയായിരുന്നു ഈ പ്രതിമ.

വിമാനത്തിൽനിന്നും ഏഴു തൊഴിലാളി പ്രതിനിധികൾ—നാലു ഇററലിക്കാരും ഒരു ഫ്രാൻസുകാരനും, ഒരു ആഫ്രിക്കനും ഒരു ചൈനാക്കാരനും—താഴെയിറങ്ങി അവിടെ സന്നിഹിതരായിരുന്ന ഒരു ലക്ഷത്തോളം തൊഴിലാളികളടക്കമുള്ള ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ, ഈ പ്രതിമ വത്തിക്കാൻ അധികാരികളെ ഏല്പിച്ചുകൊടുത്തു. തൊഴിലാളിയായ ക്രിസ്തുവിനു പ്രതിഷ്ഠിച്ചിട്ടുള്ള റോമയിലെ പുതിയ ദേവാലയത്തിൽ ഈ പ്രതിമ സ്ഥാപിക്കുന്നതാണ്.

ഹെലിക്കോപ്റ്റർ അങ്കണത്തിൽനിന്നും തിരിച്ചുപോയപ്പോഴേക്കും ജനക്കൂട്ടം വലതുഭാഗത്തേക്കു നീങ്ങി. മാർപ്പാപ്പാ തിരുമനസ്സിലെ പാനമുറിയെ ലക്ഷ്യമാക്കി, പാപ്പാ നീണാൾ ജയിക്കട്ടെയെന്ന് അവർ ആർത്തുവിളിച്ചു. പരിശുദ്ധപിതാവു അവരോട് ഒരു പ്രസംഗം പ്രക്ഷേപണം ചെയ്തിട്ട് അധികസമയം കഴിഞ്ഞിരുന്നില്ലെങ്കിലും, തിരുമേനി വീണ്ടും വാതായനത്തിങ്കൽ പ്രത്യക്ഷപ്പെട്ട് അവരെ ആശീർവ്വദിക്കുകയുണ്ടായി.

മിലാനിൽനിന്നാണ് ഈ പ്രതിമ വത്തിക്കാനിലേക്കു കൊണ്ടുവന്നതു്. അവിടെ, മിലാനിൽ 30 ലക്ഷം തൊഴിലാളികൾ ഒരു റാലി നടത്തുകയും, പരിശുദ്ധപിതാവിന്റെ പ്രക്ഷേപണം ശ്രവിക്കുകയുമുണ്ടായി. ഈ തൊഴിലാളിറാലിയിൽ പ്രസംഗിച്ചവരിൽ ഒരാൾ ഇററാലിയൻ പ്രധാനമന്ത്രി സിഞ്ഞോർ സെഞ്ഞി ആയിരുന്നു. "സ്വാതന്ത്ര്യം സംരക്ഷിച്ചുകൊണ്ടുതന്നെ യഥാർത്ഥമായ സാമൂഹ്യപുരോഗതിയും സാമൂഹ്യനീതിയും നേടേണ്ടതാവശ്യമായിരിക്കുന്നു" എന്നും "ഭൗതികമായ അഭിവൃദ്ധിക്കുവേണ്ടി സ്വാതന്ത്ര്യം നഷ്ടപ്പെടുത്താവതല്ല"ന്നും അദ്ദേഹം പറഞ്ഞു.

മിലാനിലെ ഈ റാലിയുടെ സമയത്തുതന്നെ റോമിലും മററു വ്യാവസായികനഗരങ്ങളിലും കത്തോലിക്കാ തൊഴിലാളികൾ വൻപിച്ച റാലികൾ നടത്തുകയുണ്ടായി. അങ്ങനെ, തൊഴിലാളിയായ യൗസേപ്പിന്റെ തിരുനാൾദിനമായ ഇക്കൊല്ലത്തെ മേയ് 1-ാംനു, ഇററലിയിലെ കത്തോലിക്കാ തൊഴിലാളികൾ മെയ്ദിനാഘോഷം കമ്മ്യൂണിസ്റ്റുകാരുടെ കൈകളിൽനിന്നും പിടിച്ചു പററുകയുണ്ടായി.

സെൻറ് പീറേറഴ്സ് അങ്കണത്തിൽ സമ്മേളിച്ചിരുന്ന ഇരുപതിനായിരം തൊഴിലാളികളോടു മാർപ്പാപ്പാ തിരുമേനി ചെയ്ത പ്രസംഗം വത്തിക്കാൻ റേഡിയോ പ്രക്ഷേപണം ചെയ്യുകയുണ്ടായി. തിരുമേനി ആ തൊഴിലാളികളോടു പറഞ്ഞു: "നിത്യതത്വങ്ങളാൽ പ്രചോദിതരും, വിശ്വാസത്തിലും വരപ്രസാദത്തിലുംനിന്നു പ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതിനുള്ള നിയന്ത്രിതമായ ഒരു ശക്തി സംഭരിച്ചിട്ടുള്ളവരുമായ ക്രിസ്ത്യൻ തൊഴിലാളികൾ, തൊഴിലാളിലോകത്തിനിടയിൽ മാർഗ്ഗദർശികളായി വർത്തിക്കുവാൻ സാധിക്കുന്നകാലം അത്ര വിദൂരത്തായിരിക്കുന്നില്ല.

"നിങ്ങൾക്കായി നിർണ്ണയിക്കപ്പെട്ടിരിക്കുന്ന ഉന്നതലക്ഷ്യത്തിലേക്ക്, നിർമ്മലമായ ഒരു മനസ്സാക്ഷിയോടുകൂടി നിങ്ങൾ മാർച്ചുചെയ്യണം. തെററുകൾക്കും തെററിദ്ധാരണകൾക്കും അടിമകളായിരിക്കുന്ന നിങ്ങളുടെ സഹോദരന്മാരെ സഹായിക്കുന്നതിനായി, പ്രത്യേകമായ ഒരു അടിയന്തിരതാബോധത്തോടുകൂടി മാർച്ചുചെയ്യുവിൻ.

"സഭയുടെ സോൽകണ്ഠവും അക്ഷീണവുമായ പ്രവർത്തനങ്ങളുടെ, ക്രമസമാധാനങ്ങളുടെ പാതയിലൂടെയുള്ള അവശ്യനേട്ടങ്ങളായ മതപരവും സാമൂഹികവും ഭൗ

# ചോദിച്ചാൽ പറയാം

ചോ: വർദ്ധിച്ചുവരുന്ന പട്ടിണിയും തൊഴിലില്ലായ്മയും പരിഹരിക്കുവാൻ ജനനനിയന്ത്രണം ഒരു ആവശ്യമല്ലേ?

(ജെ. എ. ഇരുഴച്ചേരി)

ഉ: ജനനനിയന്ത്രണം, വർദ്ധിച്ചുവരുന്ന പട്ടിണിയും തൊഴിലില്ലായ്മയും പരിഹരിക്കും എന്ന വാദത്തിനുവേണ്ടി സങ്കല്പിക്കുക. എന്നാൽതന്നെ ജനനനിയന്ത്രണം അനുവദനീയമാണോ? പട്ടിണി പരിഹരിക്കുമെന്നതുകൊണ്ടു ന്യായീകരിക്കാമെന്നാണെങ്കിൽ, പട്ടിണി പരിഹരിക്കുന്നതിനുവേണ്ടി നടത്തപ്പെടുന്ന മോഷണങ്ങളും പിടിച്ചുപറികളും ന്യായീകരിക്കണമല്ലോ. പട്ടിണി പരിഹരിക്കുന്നതിനുതകുന്ന വിഭവങ്ങൾ സമ്പാദിക്കുന്നതു പ്രയത്നംവഴിയാണ്. പ്രയത്നത്തിനു കെല്പില്ലാത്ത വൃദ്ധന്മാരെ ഒന്നോടെ നശിപ്പിച്ചാൽ പട്ടിണി വളരെ കുറയും. പക്ഷേ അങ്ങനെയൊന്നു സങ്കല്പിക്കുവാൻപോലും നമുക്കു സാധിക്കുകയില്ല; അങ്ങനെ ആരെങ്കിലും പറഞ്ഞാൽ സർവ്വശക്തികളുമുപയോഗിച്ചു നാം അതിനെ എതിർക്കുകയുംചെയ്യും. ഒരു തിന്മ മറെറാരു തിന്മയെ ന്യായീകരിക്കുന്നില്ല. ജനനനിയന്ത്രണം, അതിൽതന്നെ ഒരു മഹാ തിന്മയാകുന്നു. അതിനാൽ അതു പട്ടിണിയേയും തൊഴിലില്ലായ്മയേയും പരിഹരിക്കുമെങ്കിൽതന്നെ സ്വീകരിക്കുന്നതു നിഷിദ്ധവും അന്യായവുമായിരിക്കുന്നു.

എന്നാൽ ജനനനിയന്ത്രണം പട്ടിണിയേയും തൊഴിലില്ലായ്മയേയും പരിഹരിക്കുമോ? പരിഹരിക്കുമെന്നു സങ്കല്പിക്കുന്നതു ഒരു വ്യാമോഹമാണ്. അതു വെറുമൊരു മരുമരീചികയാണ്. പട്ടിണിയും തൊഴിലില്ലായ്മയും ഉണ്ടായിരിക്കുന്നതു ജനപ്പെരുപ്പംകൊണ്ടല്ല. ഇന്നത്തേതിന്റെ പകുതി ജനങ്ങൾ ഇല്ലാതിരുന്ന കഴിഞ്ഞ നൂററാണ്ടിൽ ഇൻഡ്യയിൽതന്നെ കുപ്രസിദ്ധങ്ങളായ പല ക്ഷാമബാധകളും ഉണ്ടായിട്ടുണ്ടല്ലോ. അന്നത്തെ അപേക്ഷിച്ച് ജനങ്ങൾ വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു താരതമ്യേന പട്ടിണി കുറവാണ്.

പട്ടിണി പരിഹരിക്കുന്നതിനു ആവശ്യകമായ വിഭവങ്ങൾ പ്രയത്നംവഴിയാണു ലഭിക്കുന്നത്. കൂടുതൽ ഉദരങ്ങളെ പോഷിപ്പിക്കുവാൻ ബാദ്ധ്യസ്ഥരായവർ കൂടുതൽ പ്രയത്നിക്കുമെന്നുള്ളതു അനുഭവസിദ്ധമാണ്. സമ്പന്നകുടുംബങ്ങളിലെ വ്യക്തികൾ അലസരായി നടക്കുന്നതും ക്രമേണ ആ കുടുംബങ്ങൾ പാപ്പരാകുന്നതും നാം കാണുന്നുണ്ടല്ലോ. പ്രയത്നത്തിനുള്ള പ്രചോദനം അവക്കില്ലാത്തതാണ് ഇതിനു കാരണം. ജനനനിയന്ത്രണംവഴി സന്താനങ്ങളുടെ സംഖ്യ നിയന്ത്രിക്കുന്നതിനൊപ്പം പ്രയത്നംചെയ്യുന്നതിനുള്ള പ്രചോദനവും കുറയുമെന്നുള്ളതു തീർച്ചയാണ്. തന്മൂലം പട്ടിണി പരിഹരിക്കുവാനുള്ള ജനനനിയന്ത്രണത്തിന്റെ സാദ്ധ്യത ഒരു ഏട്ടിലെ പശുമാത്രമാണ്.

എന്നാൽ ഇതിനേക്കാൾ ദൂരവ്യാപകമായ ഒരു മഹാ വിപത്തുണ്ട്. പട്ടിണി പരിഹരിക്കുന്നതിനുള്ള വിഭവങ്ങൾ ആലിപ്പഴംപോലെ മുകളിൽനിന്നു പൊഴിയുന്നതല്ല. മനുഷ്യൻ പ്രയത്നിച്ചുണ്ടാക്കണം. കുടുംബസംവിധാനം അംഗീകരിച്ചാൽ നമ്മുടെ ഭാരതത്തിന്റെ സ്ഥിതി എന്താകും? ഒരു കുടുംബത്തിലെ കുട്ടികളുടെ സംഖ്യ എട്ടാണെന്നും അതു രണ്ടാക്കി കുറയ്ക്കുന്നുവെന്നും സങ്കല്പിക്കുക. അതായതു ജനനത്തോതു 25 ശതമാനമാക്കി കുറയ്ക്കുന്നുവെന്നു ചുരുക്കം. അങ്ങനെയായാൽ 50 കൊല്ലം കഴിയുമ്പോൾ നമ്മുടെ രാജ്യത്തിന്റെ പ്രയത്നശക്തി ഇന്നത്തേതിന്റെ വെറും 25 ശതമാനം മാത്രമായിരിക്കും. അതായതു ഇന്നത്തെ വിഭവങ്ങളുടെ 25 ശതമാനം മാത്രമേ അന്നു ഉല്പാദിപ്പിക്കുവാൻ നമുക്കു ശക്തി ഉണ്ടായിരിക്കുകയുള്ളുവെന്നു ചുരുക്കം.

എന്നാൽ ജനസംഖ്യയിലും തത്തുല്യമായ ഒരു കുറവു സംഭവിക്കുമോ? ഇല്ല. അതൊരു പ്രകൃതിതത്വമാണ്. ജനനത്തോതു കുറയുന്നതിനനുസരിച്ചു മരണത്തോതും കുറയുമെന്നു സ്പെൻസർ, തോമ്മസ് ഡബ്ളിൾഡേ മുതലായ പണ്ഡിതന്മാർ തെളിയിച്ചിട്ടുണ്ട്. തന്മൂലം 50 കൊല്ലം കഴിയുമ്പോൾ പ്രയത്നശക്തി ഇല്ലാത്തവരും എന്നാൽ സംരക്ഷിക്കപ്പെടേണ്ടവരുമായ വൃദ്ധന്മാരുടെ സംഖ്യ ഇന്നത്തേക്കാൾ വളരെയധികമായിരിക്കും. അങ്ങനെ പ്രയത്നശക്തിയുള്ളവർ കുറഞ്ഞും, സംരക്ഷിക്കപ്പെടേണ്ടവർ കൂടിയും വരുന്നതിനൊപ്പം ദാരിദ്ര്യംവർദ്ധിച്ചുവരികയേയുള്ളു. പ്രാചീനഗ്രീസിന്റേയും റോമയുടേയും ചരിത്രം ഈ വസ്തുതയെയാണു തെളിയിക്കുന്നത്.

ഇന്നത്തെ പട്ടിണിക്കും തൊഴിലില്ലായ്മക്കും കാരണം ജനവർദ്ധനവാണോ? അല്ല. മനുഷ്യന്റെ അധമമായ സ്വാർത്ഥതയും കൃത്രിമമായ ദേശീയബോധവുമാണു കാരണം. ദൈവം ലോകത്തെ ദേശീയ അതിർത്തിവരമ്പുകളിട്ടല്ലാ സൃഷ്ടിച്ചതു. ഇൻഡ്യയിൽ ജനങ്ങൾ കൂടുതലാണെങ്കിൽ തീരെ കുറവായ പ്രദേശങ്ങളിലേക്കു കുടിയേറിത്താമസിക്കുവാൻ അവർക്കു അവകാശമുള്ളതാണ്. അതുപോലെതന്നെയാണു വിഭവങ്ങളുടെ കാര്യവും. ഒരു കണക്കുധരിക്കുകയാണെങ്കിൽ, 1893 മുതൽ 1912 വരെ ലോകത്തിലെ ജനസംഖ്യ പന്ത്രണ്ടര ശതമാനം വർദ്ധിച്ചപ്പോൾ ഗോതമ്പു 45 ശതമാനവും മെയിസ് 43 ശതമാനവും ബാർലി 52 ശതമാനവും നെല്ല് 40 ശതമാനവും വർദ്ധിച്ചിരുന്നു. തന്മൂലം പട്ടിണിക്കു യാതൊരു കാരണവുമില്ലല്ലോ. പക്ഷേ വിഭവവിതരണത്തിലുള്ള അന്യായംനിമിത്തം ചില പ്രദേശങ്ങൾ പട്ടിണി അനുഭവിക്കേണ്ടിവരുന്നു. പട്ടിണി പരിഹരിക്കുന്നതിനുള്ള മാർഗ്ഗം ജനനനിയന്ത്രണമല്ലാ വിഭവങ്ങളുടെ നീതിയുക്തമായ വിതരണമാകുന്നു.

ചോ: രാഷ്ട്രീയകാര്യങ്ങളിൽ വൈദികർ കൈകടത്തുന്നതുകൊണ്ട് നമ്മുടെ വിശ്വാസികളിൽ ചിലർക്കു മതവിശ്വാസം കുറഞ്ഞുവരുന്നതിനിടയാകുന്നില്ലേ?

(ജെ. എ. ഇരുഴച്ചേരി)

ഉ: ഒന്നാമതു രാഷ്ട്രീയകാര്യങ്ങളിൽ വൈദികർ കൈകടത്തുന്നില്ല. ഇനി അവർ കൈകടത്തുന്നുവെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽതന്നെ വിശ്വാസികൾക്കു മതവിശ്വാസം കുറഞ്ഞുവരേണ്ട യാതൊരു കാരണവുമില്ല. മതവിശ്വാസം കുറഞ്ഞുവരുന്നതായി തോന്നുന്നില്ല. ആരെക്കിലും മതവിശ്വാസം കുറഞ്ഞുവരുന്നെങ്കിൽ അതു മതത്തിൽ അവർക്കുവേണ്ട ഉപസ്ഥിതി ഇല്ലാത്തതുകൊണ്ടാണ്. ഓരോരുത്തരുടേയും ആത്മാവിന്റെ രക്ഷ അവരവർതന്നെയാണല്ലോ ചുമതലക്കാരും ഉത്തരവാദികളും. വൈദികർ രാഷ്ട്രീയകാര്യങ്ങളിൽ കൈകടത്തിയതുകൊണ്ടാണ് ഞാൻ എന്റെ ആത്മാവിനെ നശിപ്പിച്ചതെന്നു നീത്യവിധിയാളന്റെ മുൻപിൽ ആർക്കും സമാധാനംപറഞ്ഞ് ഒഴിയാൻ സാധിക്കുന്നതല്ല.

വൈദികർ രാഷ്ട്രീയകാര്യങ്ങളിൽ കൈകടത്തുന്നുവെന്നു തോന്നുന്നതു ഒരു തെററിദ്ധാരണയാണ്. വൈദികരും ഈ രാജ്യത്തിലെ പൗരന്മാരാണ്. ഭരണഘടന പ്രദാനംചെയ്യുന്ന എല്ലാ അവകാശങ്ങൾക്കും അവർക്കർഹതയുണ്ട്. തന്മൂലം ഒരു വൈദികനു രാജ്യകാര്യങ്ങളിൽ പ്രവേശിക്കുന്നതിനോ, നിയമസഭാസ്ഥാനാർത്ഥിയായിനിന്നു മത്സരിക്കുന്നതിനോ, ഇൻഡ്യയുടെ പ്രധാനമന്ത്രിയോ പ്രസിഡണ്ടോ ആകുന്നതിനോ പൗരൻ എന്നുള്ള നിലയിൽ അർഹത ഉണ്ടായിരിക്കുന്നു. വൈദികനായതുകൊണ്ട് അദ്ദേഹത്തിന്റെ പൗരത്വം ഇല്ലാതാകുന്നില്ല. ഒരു വൈദികൻ രാജ്യത്തിലെ നികുതിചുമത്തലിൽനിന്നോ, നിയമങ്ങൾ പാലിക്കുന്നതിൽനിന്നോ ഒഴിവാക്കപ്പെടാത്തതുപോലെ പൗരന്റെ അവകാശങ്ങളിൽനിന്നും ഒഴിവാക്കപ്പെടുന്നില്ല. പല വൈദികരും രാജ്യകാര്യങ്ങളിൽ പ്രവേശിക്കുന്നില്ലെങ്കിൽ അതു അർഹതയില്ലാത്തതുകൊണ്ടല്ലാ സ്വന്തം അവകാശങ്ങളെ ത്യാഗപൂർവ്വം ഉപേക്ഷിക്കുന്നതുകൊണ്ടാണ്.

വൈദികൻ പൗരനെന്ന നിലയിൽ രാജ്യകാര്യങ്ങളിൽ പ്രവേശിക്കുമ്പോൾ, ഒരു വൈദികനെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സ്വാധീനശക്തി അദ്ദേഹത്തിനു അനുഗുണമായി വരില്ലേ യെന്നാണ് ചിലരുടെ സംശയം. പക്ഷേ ഇത്തരം സ്വാധീനശക്തി വൈദികനുമാത്രമല്ലാ ഉള്ളതു. ഒരു അദ്ധ്യാപകൻ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുമ്പോൾ ശിഷ്യന്മാരുടെമേൽ അദ്ദേഹം സ്വാധീനം ചെലുത്തുന്നു; ഒരു ഡോക്ടർ രാജ്യകാര്യങ്ങളിൽ പ്രവേശിക്കുമ്പോൾ രോഗികളുടെമേൽ സ്വാധീനം ചെലുത്തുന്നു. വക്കീൽ കക്ഷികളുടെമേലും, കച്ചവടക്കാരൻ പാറുപടിക്കാരുടെമേലും, തൊഴിലാളിനേതാവു തൊഴിലാളികളുടെമേലും, ജന്മി കുടിയാന്റെമേലും സ്വാധീനംചെലുത്തുന്നു.

ചന്ദ്രിക REGD. ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

രാഷ്ട്രം മതപരമോ സാന്മാർഗ്ഗികമോ ആയ കാര്യങ്ങളിൽ കൈകടത്താത്ത കാലത്തോളം, വൈദികൻ വൈദികനെന്ന നിലയിൽ രാജ്യകാര്യങ്ങളിൽ പ്രവേശിക്കുന്നില്ല. രാഷ്ട്രം മതസിമണ്ഡലങ്ങളിൽ പ്രവേശിച്ചതുകൊണ്ടാണ് പലപ്പോഴും വൈദികരുടെ കൈകടത്തലിനെപ്പററി പരാതിപ്പെടാറുള്ളതു. ഭക്ഷിണാഫ്രിക്കൻ ഗവമെന്റ് ഈയിടെ ഒരു വർണ്ണവിവേചനനിയമം നടപ്പാക്കി. ദൈവത്തിന്റെ മക്കളും തന്മൂലം സഹോദരന്മാരുമായ മനുഷ്യർതമ്മിൽ വിവേചനംകാണിക്കുന്ന പ്രസ്തുത നിയമം അന്യായമാണെന്നു കേപ്ടൗൺ മെത്രാപ്പോലീത്താ പ്രസ്താവിച്ചു. അദ്ദേഹത്തിന്റെ പ്രവൃത്തി ഒരു കൈകടത്തലാണെന്നു ഭക്ഷിണാഫ്രിക്കൻ ഗവമെന്റിനു തോന്നിയേക്കാം. പക്ഷേ ആ അന്യായത്തെ അപലപിക്കേണ്ടതു ഒരു മെത്രാപ്പോലീത്തായുടെ ചുമതലയാണ്.

നമ്മുടെ നാട്ടിലാണെങ്കിൽ ഗവമെന്റ് കുടുംബസംവിധാനം നടപ്പാക്കുന്നു. ഗവമെന്റ് അതിനു അധികാരമോ അർഹതയോ ഇല്ലാത്ത ഒരു രംഗത്തേക്കു ഇങ്ങനെ കാൽവെക്കുമ്പോൾ കത്തോലിക്കാവൈദികർക്കു അതിനെ എതിർക്കാതെ നിവൃത്തിയില്ല. തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസകാര്യത്തിൽ മാതാപിതാക്കന്മാർക്കുള്ള അലംഘ്യമായ അവകാശങ്ങളെ രാഷ്ട്രം കൈയടക്കുവാൻ തുടങ്ങുമ്പോൾ കത്തോലിക്കാവൈദികർക്കു അതിനെ പ്രതിഷേധിക്കാതെ നിവൃത്തിയില്ല. ഇതൊന്നും കൈകടത്തലുകളല്ല; പ്രത്യുത സ്വന്ത ചുമതലകളുടെ സംരക്ഷണംമാത്രമാകുന്നു. ഇതു ശരിക്കു മനസ്സിലാകാത്തതുകൊണ്ടാണ് ചിലർ വഞ്ചിതരായിപ്പോകുന്നത്.


---

തികവുമായ പ്രയോജനങ്ങളെ നിങ്ങളിൽ ആർക്കും സംശയിക്കാവതല്ല. സഭ സമാധാനത്തെ— ഒരേ രാജ്യത്തിലെ മക്കൾ തമ്മിലുള്ള ആഭ്യന്തരസമാധാനത്തെയും, മഹത്തായ മനുഷ്യതറവാട്ടിലെ അംഗങ്ങൾ തമ്മിലുള്ള ബാഹ്യസമാധാനത്തെയും—കാത്തു സൂക്ഷിക്കുന്നു. എന്നാൽ ബൃഹത്തായ ഈ സംരംഭത്തിൽ, സഭയ്ക്കു സുശക്തരും കൃതനിശ്ചിതരുമായ സഹായികൾ ആവശ്യമായിരിക്കുന്നു."

കമ്മ്യൂണിസ്റ്റ് മരുമരീചികയെപ്പററി പറയുകയിൽ പരിശുദ്ധപിതാവ് ഇങ്ങനെ പറഞ്ഞു: "ഭീകരങ്ങളായ സാമൂഹ്യവ്യത്യാസങ്ങളും, ലേബർ കോൺട്രാക്ററുകളോടു ബന്ധപ്പെട്ട ഘടകങ്ങളും തൊഴിലാളികളുടെ ഇടയിലുള്ള ഐക്യത്തെ പ്രതിബന്ധപ്പെടുത്തിയിരിക്കുന്നു. ദേശീയമായ വ്യത്യാസങ്ങളും യുദ്ധവിഷമതകളും തൊഴിലാളികളുടെ സർവ്വരാജ്യഐക്യമെന്ന ആശയത്തെത്തന്നെ തകർത്തിരിക്കുന്നു."

—o—

## ഉപകാരസ്മരണ



അപേക്ഷിച്ച കാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

വി. പി. ജോർജ്ജ്, കല്ലൂർ.

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ മകൻ ജോണിയുടെ സുഖക്കേടു മാറിയതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

K. V. Kuriappan
Kozhikode

## വിനോദവീഥി

കുട്ടി:- അമ്മേ, ഇന്നു ടീച്ചർ എന്നോടു അമ്മയെപ്പററിയും അപ്പനെപ്പററിയും ചോദിച്ചു.

അമ്മ:- ഓഹോ! ടീച്ചർ നമ്മളെപ്പററി അത്ര കാര്യമായി കരുതുന്നല്ലോ. നീ നന്നായി പഠിച്ചതുകൊണ്ടുള്ള സന്തോഷമായിരിക്കും കാരണം. പിന്നെന്തുപറഞ്ഞു?

കുട്ടി:- എനിക്കു എത്ര സഹോദരങ്ങളുണ്ടെന്നു ചോദിച്ചു. ആരുമില്ലെന്നു ഞാൻ പറഞ്ഞു.

അമ്മ:- എന്നിട്ടോ?

കുട്ടി:- ടീച്ചർ പറയുകയാണ്, "ഈ കഴുതമാത്രമേയുള്ളോ? അവരുടെ കഷ്ടകാലം" എന്നു.

x x x



"മര്യാദകൊണ്ടു നമുക്കു നഷ്ടമൊന്നും വരാനില്ലെന്നതു ഒരു പരമാർത്ഥമാണേട്ടോ!!"

"വളരെ ശരി. ഇന്നു അതുകാരണം കോട്ടയംമുതൽ കോതമംഗലംവരെ ബസ്സിൽ നട്ടപ്പുറെ തൂങ്ങിക്കിടക്കാനുള്ള ഭാഗ്യമാണേട്ടോ നമുക്കുണ്ടായതു!!"

x x x


രോഗി:- എന്റെ ഓർമ്മക്കുറവിനെപ്പററി പറയുവാൻ ഇന്നു ഞാൻ ഡോക്ടറുടെ അടുത്തു പോയിരുന്നു. കഴിഞ്ഞതവണ മരുന്നുവില കൊടുക്കാതിരുന്നതു ഓർമ്മക്കുറവുകൊണ്ടാണൊന്നും പറഞ്ഞു.

കൂട്ടുകാരൻ:- എന്നിട്ടു ഡോക്ടറെന്തുപറഞ്ഞു?

രോഗി:- ഡോക്ടർ അന്നത്തേയും ഇന്നത്തേയും പണം മുൻകൂർ വാങ്ങിച്ചുകൊണ്ടാണ് പരിശോധിച്ചതു.



# നവപൂജാർപ്പണം



**റവ. ഫാദർ ഫ്രാൻസിസ് ഒ. എഫ്. എം. (Cap)**

കരാഞ്ചിറപ്പള്ളിയിടവക ആലപ്പാട്ട് ശ്രീ ജോൺ അവർകളുടെ പുത്രൻ റവ. ഫാദർ ഫ്രാൻസിസ് ഒ. എഫ്. എം. (Cap) ഊട്ടിമെത്രാൻ തിരുമനസ്സിൽനിന്നും വൈദികപട്ടം സ്വീകരിച്ചു് ഏപ്രിൽ 30 ാം തിയതി സ്വന്ത ഇടവകയിൽവന്നു പ്രഥമദിവ്യബലി അർപ്പിക്കുകയുണ്ടായി. നവവൈദികന്റെ അടുത്ത ബന്ധത്തിൽപ്പെട്ട തൃശ്ശൂർമെത്രാൻ മൊററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയുമൊരുമിച്ചാണു് അദ്ദേഹം ഇടവകപ്പള്ളിയിലെത്തിയതു്. നവപൂജാനന്തരം വിശുദ്ധ കുർബാനയുടെ വാഴ്വും, "ലാൿ ആലഹാ" എന്ന സ്തോത്രഗീതവും നടന്നു. നവവൈദികന്റെ ഭവനത്തിൽവച്ചു നടത്തപ്പെട്ട ഡിന്നറിൽ ഒട്ടേറെ പ്രശസ്താതിഥികൾ സംബന്ധിച്ചിരുന്നു. ശ്രീ ജോൺ അവർകളുടെ 9 സന്താനങ്ങളിൽ മൂത്ത പുത്രനാണു് നവവൈദികൻ. രണ്ടാമത്തെ പുത്രൻ ഒരു എൻജിനീയറാണു്. മററു പുത്രന്മാരും പുത്രികളും വിദ്യാഭ്യാസം നിർവ്വഹിച്ചുപോരുന്നു. വിശുദ്ധ ഫ്രാൻസിസ് അസീസ്സിയുടെ ആദർശമനുസരിച്ചു് ലോകസേവനം ചെയ്യുന്നതിനു ദൈവത്തിനു സ്വയം സമർപ്പിച്ചിട്ടുള്ള നവവൈദികനു സർവ്വവിധ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

# ഇടവകവാർത്തകൾ

**തുടങ്ങനാട്:** സ്ഥലം സെന്റ് തോമസ് പള്ളി ഇടവകയിലെ മിഷ്യൻലീഗ്, സൊഡാലിററി, സൺഡേസ്കൂൾ, ലീജിയൻ ഓഫ് മേരി, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി എന്നിവയുടെ സംയുക്തവാർഷികം കുടുംബദീപം പത്രാധിപർ റവ. ഫാദർ മേത്ത്യൂസ് സി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ മേയ് 20-ാംനു ഞായറാഴ്ച ഉച്ച കഴിഞ്ഞു 2-30നു ആഘോഷിക്കപ്പെട്ടു. മെസ്സേഴ്സ് വി എം അഗസ്റ്റിൻ വിച്ചാട്ട്, വി ആർ ജോൺ എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിനോദപ്രകടനങ്ങൾ ഉണ്ടായിരുന്നു. വേദപാഠപരീക്ഷയിലെ പ്രശസ്തവിജയികൾക്കു സമ്മാനങ്ങൾ നൽകപ്പെട്ടു.

**പാലയൂർ:** പാലയൂർ ഫൊറോനാപ്പള്ളിയിലെ മിഷ്യൻദിനം മേയ് 20-ാംനു ആഘോഷിക്കയുണ്ടായി. ഉച്ചതിരിഞ്ഞു പേരകം, തിരുവങ്കിടം, വാലുവായ്, ഒരുമനയൂർ മുതലായ സ്ഥലങ്ങളിൽനിന്നു ജാഥകൾ മമ്മിയൂർ കോൺവെന്റ് അങ്കണത്തിൽ എത്തുകയും അവിടെനിന്നു 3 മണിക്കു വമ്പിച്ച ഒരു മിഷ്യൻറാലി പുറപ്പെട്ടു് ചാവക്കാട്ട് അങ്ങാടിയിൽക്കൂടി മിഷ്യൻ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടു പാലയൂർപള്ളിയിൽ വന്നുചേരുകയും തുടർന്നു പൊതുസമ്മേളനം നടത്തപ്പെടുകയുംചെയ്തു. ശ്രീ എൻ കെ ലാസർ ബി എസ്സ്സി ആദ്ധ്യക്ഷം വഹിച്ചു. റവ. മാത്യു തൈപറമ്പിൽ സെന്റ് തോമസ് മിഷ്യൻലീഗ് ഉൽഘാടനം ചെയ്യുകയും റവ. ബ്രദർ ജോൺ ചെമ്മണ്ണൂർ പ്രസംഗിക്കുകയും ചെയ്തു. വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു.

**കോട്ടപ്പടി:** കോട്ടപ്പടിപള്ളിയിൽ മരിയാസഖ്യത്തിന്റെ വാർഷികദിനവും മിഷ്യൻദിനവും മേയ് 20-ാംനു വിവിധപരിപാടികളോടുകൂടി ആഘോഷിക്കയുണ്ടായി.

**തോട്ടക്കര:** സ്ഥലത്തെ സൊഡാലിററി, സൺഡേസ്കൂൾ എന്നി സംഘടനകളുടെ സംയുക്തവാർഷികം ത്രിദിനപരിപാടികളോടെ സമംഗളം നടത്തിയിരിക്കുന്നു. മേയ് 20-ാംനു കൂടിയ സമാപനയോഗത്തിൽ റവ. ഫാദർ ജോസഫ് ചിറമേൽ അദ്ധ്യക്ഷതവഹിക്കുകയും കുമാരി തങ്കമ്മ ബി എ പ്രസംഗിക്കുകയും ചെയ്തു. കുട്ടികളുടെ വിവിധകലാപ്രകടനങ്ങളും യോഗാനന്തരം സ്ഥലത്തെ എൻ കെ കെ എസിന്റെ "പുതുവെളിച്ചം" എന്ന നാടകം അഭിനയവും ഉണ്ടായിരുന്നു.

**കല്ലാനിക്കൽ:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയൻ സൊഡാലിററിയുടെ പത്താമത്തെ വാർഷികം മേയ് 25-ാം തിയതി ഞായറാഴ്ച നടത്തപ്പെട്ടു. അദ്ധ്യക്ഷൻ റവ. ഫാദർ മാത്യു പാലമററം എം എ ആയിരുന്നു. ജോർജ്ജ് ജോസഫ് ബി എ കല്ലുങ്കൽ, ലില്ലി മാത്യു മാളികക്കൽ എന്നിവർ പ്രസംഗിച്ചു. ഇടയ്ക്കു കുട്ടികളുടെ കലാപ്രകടനങ്ങളും യോഗാനന്തരം കല്ലാനിക്കൽ സെന്റ് ജോർജ്ജ്സ് കലാസമിതിയുടെ "കണ്ണുനീരിന്റെ പുത്രി" എന്ന നാടകവും ഉണ്ടായിരുന്നു.

**പെരിങ്ങഴ:** പെരിങ്ങഴ മരിയൻ സൊഡാലിററി രജതജൂബിലി മേയ് 11, 12, 13 എന്നി തിയതികളിൽ മേരിനഗരിൽവച്ചു ആഘോഷിച്ചിരിക്കുന്നു. സമാപനസമ്മേളനം ഞായറാഴ്ച 3 മണിക്കു തിരുവല്ലാമെത്രാൻ മൊററ് റവ മാർ അത്തനാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നു. സമ്മേളനത്തിൽ ഷെ: കെ എം ജോർജ്ജ് ബി എ ബി എൽ, കെ ടി ആൻറണി ബി എസ്സ്സി ബി എൽ, സി എ മാത്യു ബി എസ്സ്സി ബി എൽ, മാത്യു ഉപ്പകംതറ ബി എ, കുമാരി മത്താമ്മ ജോർജ്ജ് ബി എ എന്നിവർ പ്രസംഗിച്ചു. സ്പോർട്ട്സിലും കലാമത്സരങ്ങളിലും വിജയികളായവർക്കുള്ള സമ്മാനങ്ങൾ യോഗത്തിൽവച്ചു് വിതരണം ചെയ്യപ്പെട്ടു. ബോസ്കോ ആർട്ട്സ് ക്ലബ്ബുകാർ "തനിനിറം" എന്ന സംഗീതനാടകം തന്മയത്വത്തോടുകൂടി അഭിനയിച്ചു.

**ഇരിങ്ങാലക്കുട:** സ്ഥലം ഇരുപള്ളികളുടേയും ആഭിമുഖ്യത്തിൽ ബാലദിനം വിവിധപരിപാടികളോടുകൂടി ആഘോഷിച്ചിരിക്കുന്നു. 13-ാംനു ഞായറാഴ്ച രാവിലെ 6-45നു കുട്ടികളുടെ കുർബാന, ആദ്യകുർബാനസ്വീകരണം തുടങ്ങിയവ നടന്നു. ഉച്ചതിരിഞ്ഞു 3 മണിക്കു ഫൊറോനപ്പള്ളിയിൽ വി. കുർബാനയുടെ വാഴ്വിനുശേഷം ടൗൺചുററി ഒരു റാലിയും അതിന്റെ അവസാനത്തിൽ സെന്റ് മേരീസ് പള്ളിയങ്കണത്തിൽവച്ചു പൊതുസമ്മേളനവും നടത്തപ്പെട്ടു. യോഗത്തിൽ റവ. ഫാദർ ജോർജ്ജ് ചിറപ്പണത്തു അദ്ധ്യക്ഷതവഹിച്ചു. റവ. ഫാദർ തോമസ് വാഴപ്പിള്ളി, ജോർജ്ജ് അക്കരക്കാരൻ, സി എ ഡെന്നിസ് തുടങ്ങിയവർ പ്രസംഗിച്ചു. യോഗത്തിൽ ബാലദിനത്തോടനുബന്ധിച്ചു കായികമത്സരത്തിൽ വിജയികൾക്കു സമ്മാനവും കൊടുക്കുകയുണ്ടായി. യോഗാനന്തരം "കള്ളസന്യാസി" എന്നനാടകം അഭിനയിച്ചു

**വെച്ചൂർ:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ 16-ാം വാർഷികസമ്മേളനം മേയ് 10-ാംനു വ്യാഴാഴ്ച ഉച്ചതിരിഞ്ഞു 3 മണിക്കു ടി പള്ളിസ്കൂൾ ഹാളിൽവച്ചു റവ. ഫാദർ പോൾ കുഴിക്കാട്ട് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. യോഗത്തിൽ റവ. ബ്രദർ ജേർജ്ജ് കാറിപ്പാറ ബി എ, ശ്രീ ജോസഫ് പൊറവന്താററിൽ ബി എ എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും "മുന്തിരിത്തോട്ടത്തിൽ", "പ്രത്യാഗമനം" എന്ന രണ്ടു പ്രഹസനാഭിനയങ്ങളും സമ്മേളനത്തെ മോടിപിടിപ്പിച്ചു

**വടയാർ:** മേയ് 13-ാംനു സ്ഥലം സി വൈ എം എ യുടെ ആഭിമുഖ്യത്തിൽ ഒരു വമ്പിച്ച പൊതുയോഗം നടത്തപ്പെട്ടു. ശ്രീ ജോസഫ് വെട്ടിക്കാടനും ശ്രീ കെ വി ലക്ഷ്മണനും പ്രസംഗിച്ചു. അതിനെത്തുടർന്നു സി വൈ എം എ അംഗങ്ങളുടെ ആഭിമുഖ്യത്തിൽ കലാപരിപാടികൾ ഉണ്ടായിരുന്നു.

**തെക്കേമല– പാലൂക്കാവ്:** ഈ പള്ളി ഇടവകയിലെ മിഷൻലീഗ്, സൊഡാലിററി, സൺഡേസ്കൂൾ ഇവയുടെ സംയുക്തവാർഷികം മേയ് 7-ാം തിയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞു ചങ്ങനാശേരിമെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സ്ഥലം സെന്റ് മേരീസ് ഹാളിൽവച്ചു് കൂടുകയുണ്ടായി. ശ്രീ തോമസ് വടശ്ശേരിയുടെ പ്രസംഗവും കുട്ടികളുടെ വിവിധകലാപരിപാടികളും ഉണ്ടായിരുന്നു. "തിരുമേനിയുടെ തിരിക്കാലുകൾ" എന്ന പ്രഹസനവും ഭംഗിയായി അഭിനയിക്കപ്പെട്ടു.

**കാവിലങ്ങാട്:** സ്ഥലം ഫൊറോനാപള്ളിയിൽപ്പെട്ട വിവിധ സൺഡേസ്കൂളുകളുടേയും, മിഷൻലീഗിന്റേയും സംയുക്തവാർഷികം ഏപ്രിൽ 29-ാംനു ഞായറാഴ്ച പകൽ 3മണിക്കു സെന്റ് മേരീസ് ഹൈസ്കൂളിൽവച്ചു റവ ഫാദർ ഫ്രാൻസിസ് സാലെസ് ടി ഒ സി ഡി എം എ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ വി എസ് ജോസഫ് ബി എ (Hons), തോമസ് തച്ചേടൻ ബി എ ബി എൽ എന്നിവർ പ്രസംഗിച്ചു. "കണ്ണുനീരിന്റെ പുത്രി" എന്ന നാടകം ലീഗ് അംഗങ്ങൾ തന്മയത്വമായി അഭിനയിച്ചു.

കാവിലങ്ങാട്ട് ഫൊറോനയിൽപ്പെട്ട വിവിധ സൺഡേസ്കൂളുകളിൽ നാലാംക്ലാസ്സിലെ വിദ്യാർത്ഥികൾക്കു നടത്തിയ പൊതുമത്സരപ്പരീക്ഷയിൽ 16 സൺഡേസ്കൂളുകളിൽവെച്ചു് തോട്ടുവാ സെന്റ് ജോസഫ്സ് സൺഡേസ്കൂളിനു ഒന്നാംസ്ഥാനം ലഭിച്ചുവെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

**കണ്ടശ്ശാങ്കടവ്:** സ്ഥലം ഫൊറോനാപ്പള്ളിയിലെ സെന്റ് വിൻസെന്റ് ഡി പോൾ സംഘം, മരിയൻസൊഡാലിററി, സി ഇ സി എന്നി ഭക്തസംഘടനകളുടെ സംയുക്തവാർഷികം മേയ് 20-ാംനു ഞായറാഴ്ച നടത്തപ്പെട്ടിരിക്കുന്നു. തൃശ്ശൂർമെത്രാൻ മൊററ് റവ ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമേനി യോഗത്തിലദ്ധ്യക്ഷതവഹിച്ചു. ശ്രീ റാഫേൽ തോമസ് ബി എ എൽ ടി ആയിരുന്നു പ്രസംഗകൻ. പാരിഷ് സ്പോർട്ട്സിൽ വിജയികളായവർക്കു സമ്മാനങ്ങൾ നൽകപ്പെട്ടു. ഇടയ്ക്കിടെ ചെറിയ കലാപരിപാടികളും യോഗാനന്തരം "കണ്ണുനീരിന്റെ പുത്രി" എന്ന നാടകാഭിനയവുമുണ്ടായിരുന്നു.

**വളമംഗലം:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റേയും, തിരുബാലസഖ്യത്തിന്റേയും സംയുക്തവാർഷികസമ്മേളനം മേയ് 13-ാംനു ഞായറാഴ്ച വൈകുന്നേരം റവ ഫാദർ ജോർജ്ജ് മാണിക്കനാംപറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ സി ടി ജോൺ ബി കോം, ശ്രീ ജെ മാത്യു ബി എ എന്നിവർ പ്രസംഗിച്ചു. വേദോപദേശപ്പരീക്ഷയിൽ വിജയികളായവർക്കു് സമ്മാനങ്ങൾ നൽകി. സമ്മേളനത്തിൽ ബാലികമാർ വിവിധ വിനോദപ്രകടനങ്ങൾ നടത്തുകയും, സമ്മേളനാനന്തരം "കമ്മ്യൂണിസ്റ്റരിഷ്ടം" എന്ന പ്രഹസനം ആൺകുട്ടികൾ തന്മയത്വത്തോടെ അഭിനയിക്കുകയുംചെയ്തു.

**ചെങ്ങാലൂർ:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ വാർഷികം മേയ് 20-ാംനു കൊണ്ടാടുകയുണ്ടായി. തദവസരത്തിൽ റവ ഫാദർ റെജിനാൾഡ് ടി ഒ സി ഡി ഡി ഡി അവർകൾ അദ്ധ്യക്ഷതവഹിക്കുകയും ശ്രീമാൻ ഇ കെ പോൾ ബി എസ്സി ബി എൽ പ്രസംഗിക്കുകയുംചെയ്തു. ശ്രീ ജോസഫ് വടക്കത്തലയുടെ കോമിക്കുകയും യോഗാനന്തരം "കണ്ണുനീരിന്റെ പുത്രി" എന്ന നാടകാഭിനയവുമുണ്ടായിരുന്നു.

**ഇരുട്ടി:** സ്ഥലത്തെ നെല്ലിക്കാംപോയിൽ പള്ളിയിലെ വാർഷികധ്യാനപ്രസംഗങ്ങൾ റവ ഫാദർ മണ്ണുകുശുമ്പിൽ അവർകൾ നടത്തി. തുടർന്നു നടത്തപ്പെട്ട പതിമൂന്നുമണി ആരാധനയിൽ തലശേരിരൂപതാ ചാൻസലർ റവ ഫാദർ തോമസ് പഴേപറമ്പിൽ മുതലായവർ സംബന്ധിച്ചിരുന്നു.

(ശേഷം 8-ാംപേജിൽ)


## ലൂർദ്ദ് പള്ളിക്കുറി ആപ്പീസ്സ്, തൃശ്ശൂർ

ദർശനസഭയിൽനിന്നു തുടങ്ങുന്ന

## പുതിയ മാസക്കുറി

(As per Govt. order No. D. Dis. 14225/56/Fin. dated 30-4-54)

നറുക്ക് 1ക്ക് 100ക. 111 നറുക്ക്. 11,100ക.

ഒന്നാംതവണ 1956 ജൂലായി 25–ാംനു / 1131 കർക്കിടകം 10–ാംനു

കുറിയിൽ കുറഞ്ഞതു് 32–ൽ ഒരംശം (3ക. 2ണ. യുടെ വീതം) വരെ ചേരാവുന്നതാണ്.

കുറിയെസംബന്ധിച്ച കൂടുതൽ വിവരത്തിനും, അപേക്ഷാഫാറത്തിനും കുറിയാപ്പീസ്സിലേയ്ക്കു് ഉടനെ എഴുതുക.

Trichur, )
1-5-'56 )

Vicar & Trustee,
The Lourdes Church Dharshana Sabha


(12-ാംപേജ് തുടർച്ച)

ഞെരിപിരി കൊള്ളുകയാണു്.

ബന്ധുമിത്രാദികൾ വന്നുകൂടി, ലൂക്കാസാറിനെ ഒരുനോക്കു കാണുവാൻ. അദ്ദേഹത്തിന്റെ ജീവൻ പരുങ്ങലിലായി. വൈദ്യന്മാരെല്ലാം കൈയൊഴിഞ്ഞു.

പിറേറദിവസം വലിയൊരു ജനക്കൂട്ടത്തിനിടയിൽക്കൂടി ഒരു ശവമഞ്ചം ആ വീട്ടിൽനിന്നും പുറത്തേക്കെടുക്കപ്പെട്ടു. ചന്ദ്രനും അതു കണ്ടുനില്ക്കുന്നുണ്ടായിരുന്നു.

# സത്യദീപം

പത്രാധിപന്മാർ

ബഹു. റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || JUNE 6, ERNAKULAM || No. 41

## തൊഴിൽ ലേഖനത്തിന്റെ രജതജൂബിലി

ഭാഗ്യസ്മരണാർഹനായ 13-ാം ലെയോ മാർപ്പാപ്പാ ലോകത്തിനു പ്രദാനംചെയ്തിട്ടുള്ള ഏററം മഹത്തായ ഒരു സാമൂഹികചാക്രികലേഖനമാണല്ലോ "റേരും നൊവാരും" എന്ന തൊഴിലാളിപ്പട്ടയം. തൊഴിൽപ്രശ്നങ്ങൾ ഗുരുതരമായി പരിവർത്തനം ചെയ്തുകൊണ്ടിരുന്ന ഒരു കാലസന്ധിയിൽ സാമൂഹികവ്യവസ്ഥിതിയിലെ സന്താനബന്ധങ്ങളിൽ ബുദ്ധിപൂർവ്വകമായി പടുത്തുയർത്തുന്നതിനു പണ്ഡിതോചിതമായ അവധാനതയോടും ക്രൈസ്തവമായ വിശാലസാഹോദര്യബോധത്തോടും കൂടി തയാറാക്കപ്പെട്ടതാണ് പ്രസ്തുത ലേഖനമെന്നു ഇന്നാരേയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. തിളച്ചുപൊങ്ങിക്കൊണ്ടിരുന്ന അന്നത്തെ വികാരവിജൃംഭണത്തിൽ സാമൂഹികനീതിയുടേയും സാഹോദര്യൈക്യത്തിന്റേയും വിപ്ലവാത്മകമായ ഒരു ശാന്തിസന്ദേശമായിരുന്നു അതുൾക്കൊണ്ടതു്. ആ സന്ദേശം പ്രഖ്യാപിതമായിട്ടു് ഇപ്പോൾ 65 കൊല്ലം കടന്നുപോയിരിക്കുന്നു. പ്രസ്തുത ലേഖനം പരസ്യംചെയ്തതിന്റെ 40-ാം വാർഷികത്തെ യഥാവിധി അനുസ്മരിച്ചും അതിലെ നിർദ്ദേശങ്ങൾക്കു കാലാനുഗതമായ ചില കൂടുതൽ വിശദീകരണങ്ങൾ നൽകിയും 11-ാം പീയൂസ് മാർപ്പാപ്പാ 1931-ൽ പുറപ്പെടുവിച്ച വേറൊരു വിശിഷ്ടലേഖനമാണ് "ക്വാദ്രജേസ്സിമോ അന്നോ" എന്നാരംഭിക്കുന്ന തിരുവെഴുത്തു്. തൊഴിലാളിപ്പട്ടയത്തിന്റെ ഒരനുബന്ധമായി ഇതു കണക്കാക്കപ്പെടുന്നു. സാമൂഹികക്രമത്തെ വസ്തുനിഷ്ഠവും മനുഷ്യോചിതവുമായ തത്വങ്ങളിൽ പുനസ്സംഘടിപ്പിക്കുന്നതിനുള്ള പ്രായോഗികപദ്ധതികളെ അതു സുവിശദം വ്യവഹരിക്കുകയാണ്. മഹത്തായ ഈ ലേഖനം സൂര്യപ്രകാശം കണ്ടതിന്റെ രജതജൂബിലിമഹമാണ് കഴിഞ്ഞ മേയ്മാസം 15-ാംനു ആചരിക്കപ്പെട്ടതു്. ആധുനികലോകത്തിലെ ജീവൽപ്രശ്നമായ തൊഴിൽപ്രശ്നത്തെ സമ്യക്കായി പഠിക്കുന്നതിനും, മാനവജനതയ്ക്കു സുഭഗമായ ഒരു സാമൂഹികവ്യവസ്ഥിതി സംജാതമാക്കുന്നതിനും ഈ വിശ്വലേഖനങ്ങളെ മുതലാളിയും തൊഴിലാളിയും, ഭരണമേധാവികളും ഭരണീയരും തുറന്ന മനസ്സോടും കർത്തവ്യനിഷ്ഠയോടുംകൂടി ആലംബമാക്കുകയാണെങ്കിൽ അതു തികച്ചും വിജയപ്രദമായിരിക്കുന്നതാണ്.

ലേഖനങ്ങളുടെ ഉള്ളടക്കത്തിലേക്കു പ്രവേശിക്കുക ഒരു ചെറിയ കുറിപ്പുകൊണ്ടു സാദ്ധ്യമല്ല. അവ ആലംബമാക്കുന്ന ചില മൗലികതത്വങ്ങളെ ചൂണ്ടിക്കാണിക്കുകമാത്രം ചെയ്തുകൊള്ളട്ടെ. സാമൂഹ്യക്രമത്തെ സംബന്ധിച്ചുള്ള ആധുനികാദർശങ്ങളിൽ വലിയ വൈരുദ്ധ്യത്തിനു നിദാനമായിട്ടുള്ള ഒരു കാര്യമാണ് സ്വകാര്യസ്വത്തുടമ. അതേപ്പററി വിശ്വലേഖനം ഖണ്ഡിതമായി പറയുന്നതിങ്ങനെയാണ്: "ഓരോ മനുഷ്യനും പ്രകൃതിയാൽതന്നെ അവന്റെ സ്വന്തമായി വസ്തു സ്വാധീനം വയ്ക്കുന്നതിനവകാശമുണ്ട്. മനുഷ്യനും മററു സൃഷ്ടജീവികളും തമ്മിലുള്ള വ്യത്യാസത്തിന്റെ ഒരു പ്രധാനനിദാനമാണിതു്." വിവാഹത്തേയും കുടുംബത്തേയും സംബന്ധിച്ചു് അവ സിദ്ധാന്തിക്കുന്നതിപ്രകാരമാണ്: വിവാഹം ചെയ്യുന്നതിനുള്ള സ്വാഭാവികവും സനാതനവുമായ അവകാശത്തെ നിഷേധിക്കുന്നതിനോ, "വർദ്ധിച്ചു പെരുകുക" എന്നാജ്ഞാപിച്ചുകൊണ്ടു് ദൈവികാധികാരത്താൽ നിർണ്ണയിക്കപ്പെട്ട വിവാഹത്തിന്റെ പ്രഥമവും പ്രധാനവുമായ ഉദ്ദേശ്യത്തെ ഏതെങ്കിലും തരത്തിൽ നിയന്ത്രിക്കുന്നതിനോ യാതൊരു മാനുഷികനിയമങ്ങൾക്കും സാദ്ധ്യമല്ല. കുടുംബത്തിനു്, സ്റ്റേററിനു യാതൊരുതരത്തിലും വിധേയമല്ലാത്തതും, അതിനുതന്നെ പ്രത്യേകതരമായി നിലകൊള്ളുന്നതുമായ അവകാശങ്ങളും കർത്തവ്യങ്ങളുമുണ്ടു്. ജീവിതസാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നതിൽ ഓരോ മനുഷ്യനും അവശ്യം ഉണ്ടാകേണ്ട മനോഭാവത്തെപ്പററി നൽകപ്പെട്ടിട്ടുള്ള നിർദ്ദേശം മാനുഷികവ്യവഹാരങ്ങളിൽ സ്വാഭാവികമായി വന്നുചേരുന്ന പരിതസ്ഥിതികളെ സഹിഷ്ണുതാപൂർവ്വം നേരിടണമെന്നും ഒരു മനുഷ്യസമുദായത്തെ നിശ്ശേഷ്ടമായ ഒരു നിലയിൽ നിർത്തുക സാദ്ധ്യമല്ലെന്നുമാണ്. ഈവിധത്തിൽ മനുഷ്യന്റെ വ്യക്തിത്വത്തേയും സാമൂഹികകാര്യങ്ങളേയും യഥാതഥം വീക്ഷിക്കുകയും അവയെ സംബന്ധിച്ച അലംഘനീയതത്വങ്ങളെ നിർവ്വചിക്കുകയുമാണ് ചെയ്തിരിക്കുന്നതു്.

മാനുഷികജീവിതത്തിൽ സകലവിധമായ ക്ലേശങ്ങളിൽനിന്നും അരിഷ്ടതകളിൽനിന്നും ഓടിയകലണമെന്നുള്ള വ്യാമോഹം സുസാദ്ധ്യമല്ലെന്നും, അങ്ങനെയുള്ള പൊള്ളയായ വാഗ്ദാനങ്ങളുമായി ചുററിക്കൂടുന്നവർ കൂടുതൽ വിനാശകരമായ സാഹചര്യങ്ങളെ സൃഷ്ടിക്കുകമാത്രമായിരിക്കും ചെയ്യുകയെന്നും പരിശുദ്ധ പിതാവു വ്യക്തമാക്കിയിരിക്കുന്നു. വർഗ്ഗങ്ങൾ തമ്മിലുള്ള ചേരിതിരിവും അവരുടെ ഒന്നിനൊന്നു ശത്രുതയിൽമാത്രമേ ജീവിക്കുവാൻ സാധിക്കുകയുള്ളുവെന്നുള്ള വാദത്തിന്റെ അടിസ്ഥാനരഹിതമാണെന്നു സമർത്ഥിച്ചുശേഷം മൂലധനവും തൊഴിലും തമ്മിലുണ്ടായിരിക്കേണ്ട അഭേദ്യമായ ഐക്യത്തെ വിശദീകരിക്കുകയും മുതലാളിയുടേയും തൊഴിലാളിയുടേയും അവകാശകർത്തവ്യങ്ങളെ സമ്യക്കായി പ്രതിപാദിച്ചിരിക്കുകയുമാണു ചെയ്തിരിക്കുന്നതു്. ഈ പ്രശ്നങ്ങളെ സംബന്ധിച്ചു് സമുദായത്തിനും സ്റ്റേററിനുമുള്ള അധികാരങ്ങളും കടമകളും ഇടന്തു വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ സാമൂഹികപ്രശ്നത്തെ ബോധപൂർവ്വകമായി പഠിക്കുന്നതിനും ഫലപ്രദമായി പ്രയോഗിക്കുന്നതിനുംവേണ്ട നിർദ്ദേശങ്ങളാണ് സനാതനങ്ങളായ തത്വങ്ങളെ ആധാരമാക്കി വിശദമായും യുക്തിയുക്തമായും മനുഷ്യോചിതമായും ലേഖനങ്ങളിൽ ചർച്ചചെയ്യപ്പെട്ടിരിക്കുന്നതു്. അവ മാനവസമുദായത്തിന്റെ അവാച്യമായ ശ്രേയസ്സു വിഷയമാവുകയും ആത്മാർത്ഥമായ പാലനത്തിനു നിദാനമാവുകയും ചെയ്യുകയാണെങ്കിൽ അതു ഇന്നത്തെ ദുർഘടസന്ധിയെ തരണംചെയ്യുന്നതിനുള്ള ഉത്തമമായ ക്ഷേമമാർഗ്ഗമായിരിക്കുന്നതാണ്.

### പ്രസാധകക്കുറിപ്പുകൾ

## ഐക്യത്തിന്റെ കണ്ണിയെ

### മാർപ്പാപ്പാ വിശദീകരിക്കുന്നു

കഴിഞ്ഞ മേയ് 6-ാംനു ഇററലിയിലെ 15-ാമതു് ദിവ്യകാരുണ്യകോൺഗ്രസ്സ് സമ്മേളനത്തെ അഭിവാദ്യംചെയ്തുകൊണ്ടു് 12-ാം പീയൂസ് മാർപ്പാപ്പാ പ്രക്ഷേപണംചെയ്ത റേഡിയോസന്ദേശത്തിൽ യഥാർത്ഥമായ ഐക്യത്തെ നിലനിർത്തുന്നതിനുള്ള മാർഗ്ഗം അവിടുന്നു വിശദീകരിക്കുകയുണ്ടായി. "എല്ലാവർക്കും ഇനിയും ഇക്കാര്യം ബോദ്ധ്യമായിട്ടില്ല. എങ്കിലും, ലോകത്തിനു ഇന്നു ഏററവും കൂടുതൽ ആവശ്യമായിരിക്കുന്നതു ഐക്യവും ഉപവിയുമാണ്. ക്രിസ്തുവിലുള്ള വിശ്വാസവും ജീവിതവും മനുഷ്യർക്കു പ്രദാനംചെയ്യുകയും അവരിൽ നിലനിർത്തുകയും ചെയ്യുന്നതരത്തിലുള്ള സജീവവും സ്ഥായിയുമായ ഐക്യം ഏതെങ്കിലും മനുഷ്യവ്യക്തിക്കോ, ആശയത്തിനോ, പൊതുവായ ആവശ്യത്തിനോ, ഭീതിക്കോ സംജാതമാക്കുവാൻ സാധിക്കുന്നതല്ല. ഐക്യത്തിലും സാഹോദര്യത്തിലുംനിന്നുളവാകുന്ന അത്യുത്തമമായ നന്മയെ അനുഭവവേദ്യമാക്കുന്നതിനുള്ള ആവശ്യം എന്നെങ്കിലും മാനവസമുദായത്തിനുണ്ടായിട്ടുണ്ടെങ്കിൽ അതിന്നാണ്—ഈ ആവശ്യം ഇന്നതിനു് അത്യധികമായി, മാത്രമല്ല അനിവാര്യമായവിധത്തിൽ അനുഭവപ്പെടുകയാണ്" എന്നു തിരുമേനി വിശദമാക്കി. "മാനവകുടുംബമാകുന്ന സജീവശരീരത്തെ ഇന്നു വിഭിന്ന മേഖലകളായും ഖണ്ഡങ്ങളായും, ഗ്രൂപ്പുകളായും ബ്ലോക്കുകളായും തിരിക്കുകമാത്രമല്ല, കീറിമുറിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നതു്. ഈ വിഭാഗങ്ങൾക്കോരോന്നിനും ഇടയ്ക്കു നികത്താനാവാത്ത ഭിന്നതയുടെ ഗർത്തങ്ങളേയും അവർ സൃഷ്ടിക്കുന്നു"വെന്നാണ് തിരുമേനി വിലപിച്ചതു്. വിശ്വാസംവഴി ദിവ്യസാഹോദര്യബന്ധത്താൽ ഒന്നിപ്പിക്കപ്പെട്ടിരിക്കുന്നവരിൽപോലും കാണുന്ന ഈ ഭിന്നതാമനസ്ഥിതിയെ അവിടുന്നു സങ്കടത്തോടുകൂടിയാണനുസ്മരിച്ചതു്. മാനവസമുദായത്തിൽനിന്നു ഭിന്നതയുടെ ഭയാനകമായ വിപത്തുകളെ നിവാരണംചെയ്യുന്നതിനു എല്ലാക്കാലത്തും മനുഷ്യർ ശ്രമിച്ചിട്ടുണ്ടെങ്കിലും അതു ചരിത്രകാലം മുഴുവനിലും ഒരു തീരാപ്രശ്നമായി നിലനിന്നുപോന്നിട്ടുണ്ടെന്നും, മനുഷികകഴിവുകൾക്കതീതമാണെന്നുള്ള ഒരു വിശ്വാസം വേരൂന്നിച്ചിട്ടുള്ളതായി തോന്നുന്നുവെന്നും അവിടുന്നു പ്രസ്താവിച്ചു. അനന്തരം അവിടുന്നു പറഞ്ഞു: "തത്വത്തിലല്ലെങ്കിലും, ഓരോ അവസരത്തിലും അതു പ്രത്യക്ഷമാകുന്ന പ്രത്യേകസാഹചര്യങ്ങളെ പരിഗണിക്കുമ്പോൾ ഇതു കുറെയേറെ വാസ്തവമായിരിക്കുന്നുണ്ടു്. എന്നാൽ ആദ്യപാപത്താൽ ഭേദിക്കപ്പെട്ട മാനവകുടുംബത്തിന്റെ സനാതനൈക്യത്തെ പുനഃസ്ഥാപിക്കുന്നതിനു ദൈവത്താൽതന്നെ മനുഷ്യനു പ്രദാനംചെയ്യപ്പെട്ട യഥാർത്ഥകണ്ണിയാണ് വിശ്വാസവും വിശുദ്ധ കുർബാനയെന്ന കൂദാശയും."

മാനവമഹാകുടുംബത്തിൽ ഐക്യം പുലരുന്നതിനു ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ഒരു സാഹോദര്യം അംഗീകരിക്കപ്പെടാതെ സാദ്ധ്യമല്ല. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം പൊതുവായ ഈ സാഹോദര്യത്തിനുപുറമെ ക്രിസ്തുവിലുള്ള വിശ്വാസത്തിൽനിന്നുളവാകുന്ന പ്രത്യേകതരമായ ഒരു സഹോദരബന്ധംകൂടിയുണ്ടു്. ഇവയെ രണ്ടിനേയും പ്രായോഗികജീവിതത്തിൽ അന്വർത്ഥമാക്കുന്നതിനു ശ്രമിക്കുമ്പോൾമാത്രമേ വൈപരീത്യങ്ങളുടേയും ഭിന്നതകളുടേയും ഗർത്തങ്ങളെ നികത്തി നിരപ്പാക്കി സ്വച്ഛന്ദം പരസ്പരം സഹകരിക്കുവാൻ സാദ്ധ്യമാവുകയുള്ളു. ക്രിസ്തുവിലുള്ള യഥാർത്ഥവിശ്വാസവും പരിശുദ്ധ കുർബാനയിൽ അവിടുന്നു നമ്മെ ഒന്നിപ്പിക്കുന്ന സ്നേഹബന്ധവും നാം പ്രത്യേകം അനുസ്മരിക്കണമെന്നു പരിശുദ്ധ മാർപ്പാപ്പാ ഉൽബോധിപ്പിക്കുന്നതിന്റെ അർത്ഥം ക്രിസ്ത്യാനികൾക്കു ഗ്രഹിക്കുവാൻ വിഷമമില്ലല്ലോ. അതുകൊണ്ടു് ഐക്യത്തെ നിലനിർത്തുന്ന യഥാർത്ഥ കണ്ണിയെ മനസ്സിലാക്കി പ്രവർത്തിക്കാം.


x x x

## തൊഴിലാളികൾക്കുവേണ്ടി

### സ്പെയിനിലെ കർദ്ദിനാൾ വാദിക്കുന്നു

സ്പെയിനിലെ പ്രൈമേററായ അത്യുന്നത കർദ്ദിനാൾ പ്ലാ തിരുമനസ്സുകൊണ്ടു് കത്തോലിക്കാപ്രവർത്തനസംഘടനയിലെ തൊഴിലാളിവിഭാഗത്തിന്റെ ഒരു സമ്മേളനത്തിൽ മാഡ്റിഡിൽവച്ചു ചെയ്ത പ്രസംഗത്തിൽ കത്തോലിക്കാസിദ്ധാന്തമനുസരിച്ചു തൊഴിലാളികൾക്കു ലഭിക്കേണ്ട നീതിപൂർവ്വകമായ അവകാശങ്ങളെപ്പററി വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. ഒരു തൊഴിലാളിയുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള ന്യായപൂർവ്വകമായ അഭിലാഷങ്ങൾ ക്രിസ്തീയസിദ്ധാന്തങ്ങൾക്കെതിരായിട്ടുള്ളവയല്ലെന്നു പ്രാരംഭമായി പ്രസ്താവിച്ചുകൊണ്ടു്, സമുദായത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ ജീവിതരംഗത്തെ പാടെ നിയന്ത്രിക്കുന്നതിനുള്ള സ്വേച്ഛാധിപത്യശക്തികളുടെ ശ്രമങ്ങളെ ശക്തിയായി തിരുമേനി വിമർശിച്ചു. ഏതാദൃശ ശ്രമങ്ങളെ പ്രതിഷേധിക്കുന്ന നിരവധി ഉദ്ധരണികൾ പേപ്പൽലേഖനങ്ങളിൽനിന്നു കർദ്ദിനാൾ എടുത്തുകാണിച്ചു. ആധുനികകാലങ്ങളിൽ സ്പെയിനിലെ തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള പല അവകാശവാദങ്ങളും തിരുസഭയുടെ സാമൂഹികസിദ്ധാന്തങ്ങളാൽ പ്രചോദിതങ്ങളായിരുന്നെന്നും അവക്കിനിയും അനുവദിച്ചുകിട്ടേണ്ടതായി അവശേഷിച്ചിട്ടുള്ള അവകാശങ്ങളെ സംബന്ധിച്ചു് മാർപ്പാപ്പമാരുടെ സാമൂഹികചാക്രികലേഖനങ്ങൾ ശക്തിയായ പിന്തുണ നൽകുന്നുണ്ടെന്നും വ്യക്തമാക്കപ്പെട്ടു. തിരുസഭയുടെ അഭിലാഷം വെറും നീതിമാത്രം നൽകപ്പെടണമെന്നല്ല, പ്രത്യുത ഒരു നല്ല ജീവിതസ്ഥിതി സംജാതമാകണമെന്നാണ്. പരിശുദ്ധ പിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ സമുദായത്തിന്റെ ഇന്നത്തെ നിലപാടുകൊണ്ടു സംതൃപ്തനായിട്ടില്ല. അതുകൊണ്ടാണ് വിഭവങ്ങളുടെ വിതരണത്തിൽ കൂടുതൽ സമഭാവനയും തന്മൂലം കൂടുതൽ ജനങ്ങൾക്കു അവയിൽ പങ്കുപററുന്നതിനുള്ള സന്ദർഭവും നൽകുന്നതായ ഒരു നല്ല ലോകത്തെ സൃഷ്ടിക്കുന്നതിനുള്ള കുരിശുയുദ്ധത്തെ അവിടുന്നു പ്രഖ്യാപിച്ചിരിക്കുന്നതു്. സാമൂഹികമായ അനീതികളെ മൂടുന്നതിനു ദാനധർമ്മം ഒരു മൂടുപടമായി ആരും ഉപയോഗിക്കരുതെന്നാണ് കർദ്ദിനാൾ ഉൽബോധിപ്പിച്ചതു്. ഉല്പന്നങ്ങളുടെ വില അമിതമായി വർദ്ധിപ്പിക്കുന്നതും, ദുർഭിക്ഷതയെ അവസരമാക്കി കരിഞ്ചന്ത നടത്തുന്നതും നീതിവിരുദ്ധമായ പാപങ്ങളാണ്. അപരാധികൾ അതിനു പരിഹാരം ചെയ്തേ മതിയാകൂ. തൊഴിലാളികൾക്കു ന്യായമായ കൂലി കൊടുക്കാത്ത മുതലാളികളെ സംബന്ധിച്ചും ഇതുതന്നെയാണ് നിയമം.

ഈ പ്രസ്താവനമൂലം സ്പെയിനിലെ പ്രൈമേററായ പ്ലാ തിരുമേനി തൊഴിൽപ്രശ്നത്തെ സംബന്ധിച്ചും സ്നേഹസമ്മിളിതമായ നീതിനിർവ്വഹണത്തെ സംബന്ധിച്ചുമുള്ള തിരുസഭയുടെ സിദ്ധാന്തങ്ങളും ആദർശവും ഒരിക്കൽകൂടി വിശദീകരിക്കുകയാണു ചെയ്തിട്ടുള്ളതു്. സ്പെയിൻരാജ്യം ജനറൽ ഫ്രാങ്കോയുടെ സ്വേച്ഛാധിപത്യത്തിനു കീഴ്പ്പെട്ടിരിക്കുകയാണെന്നും അവിടത്തെ തൊഴിലാളികളും പാവപ്പെട്ടവരും റഷ്യയിലേയും ഉപഗ്രഹരാജ്യങ്ങളിലേയുംപോലെ വായ്മൂടപ്പെട്ടിരിക്കുകയാണെന്നും അവിടത്തെ വൈദികവിഭാഗം അതിനു താളംകൊട്ടുകയാണെന്നും തല്പരകക്ഷികൾ ലോകം മുഴുവനിലും നടത്തുന്ന ദുഷ്പ്രചരണങ്ങളുടെ കഴമ്പില്ലായ്മയേയും ദുരുദ്ദേശത്തെയും വ്യക്തമാക്കുന്നതിനും ഈ വിശദീകരണം സഹായമാകാതിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു.




ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ സുഖക്കേടു് ഭേദമായതിനു് ഉപകാരസ്മരണം. താമസിച്ചതിനു് ക്ഷമാപണം.

അന്നമ്മ മാത്യു, കടക്കുഴ

—o—

### ജപാപ്പസ്തോലസഖ്യത്തിന്റെ ജൂൺമാസത്തെ പൊതുനിയോഗം

"തിരുഹൃദയത്തിരുനാളിന്റെ ശതവത്സരാഘോഷം തിരുഹൃദയഭക്തി വർദ്ധിക്കുന്നതിനു കാരണമാകുവാൻ."

### വേദപ്രചാരനിയോഗം

"ഇന്ത്യയിലും, പാക്കിസ്ഥാനിലും, ബർമ്മയിലും, സിലോണിലും, ഇൻഡൊനേഷ്യയിലും വൈദികാന്തസ്സിലേക്കുള്ള ദൈവവിളികൾ വർദ്ധിക്കുവാൻ."

വിനോദപര്യടനം

# ചരിത്രപ്രസിദ്ധമായ തിവോളി

(ജെ. എം., റോം)

റോമിൽ പഠിക്കുന്ന ഇന്ത്യൻ വൈദികവിദ്യാർത്ഥികളും വൈദികരും ഒന്നിച്ചു നടത്തുന്ന ഒരുല്ലാസപര്യടനമാണ് "ദേശീയ ജീതാം"യെന്നു പറയുന്നതു്. ജീതാം എന്നതു ഒരിററാലിയൻപദമാണ്. പ്രതിവർഷം എല്ലാവരും ചേർന്നു ഏതെങ്കിലും ഒരു പ്രത്യേക സ്ഥലം നിർണ്ണയിച്ചു അവിടെ ചെന്നു ചരിത്രപ്രസിദ്ധവും പ്രകൃതിമനോഹരങ്ങളുമായ കാഴ്ചകൾ കാണുക, ഇന്ത്യൻ രീതിയിൽ ഭക്ഷണം സ്വയം പാകംചെയ്തുപയോഗിക്കുക മുതലായ പരിപാടികളാണ് അതിൽ ഉൾക്കൊള്ളുന്നതു്. ഏററം ആഹ്ളാദപൂർണ്ണമായ പ്രസ്തുത പരിപാടിയ്ക്കായി ഇക്കൊല്ലം ഞങ്ങൾ തിരഞ്ഞെടുത്ത ലക്ഷ്യമായിരുന്നു തിവോളി. റോമിൽനിന്നും ഉദ്ദേശം 30 മൈൽ അകലെയാണ് ചരിത്രപ്രസിദ്ധവും പ്രകൃതിസുന്ദരവുമായ തിവോളി ഗ്രാമം സ്ഥിതിചെയ്യുന്നതു്. 88 പേരടങ്ങിയ ഞങ്ങളുടെ പര്യടനസംഘം നിശ്ചിതദിവസം രാവിലെ ഏഴുമണിയോടുകൂടി വേണ്ട വിഭവങ്ങളും കയററി സ്പെഷൽ ബസ്സിൽ യാത്രപുറപ്പെട്ടു. രണ്ടു ഗോവാക്കാരും നാലു പാകിസ്ഥാനികളും ഞങ്ങളുടെ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. ഇന്ത്യയിൽ നിലനിന്നുപോരുന്ന ഭൂമിശാസ്ത്രപരമായ ദേശവ്യത്യാസങ്ങളൊന്നും വിദൂരസ്ഥിതമായ റോമയിൽ പരിഗണനാർഹങ്ങളല്ലല്ലോ. ഭാരതീയരെന്നുള്ള ഏകമതിഭാവത്തിൽ ഞങ്ങൾ ഒരേസ്വരത്തിൽ "പരലോകരാജ്ഞി" എന്നുള്ള സ്തോത്രഗീതം ആലപിച്ചുകൊണ്ടാണ് യാത്ര തുടർന്നതു്. ഇടയ്ക്കിടയ്ക്കു ഇന്ത്യയിലെ വിവിധഭാഷകളിലുള്ള ഗാനങ്ങളും ആഹ്ളാദചിത്തരായി പാടിക്കൊണ്ടിരുന്നു. പട്ടണാതിർത്തി കടന്നതോടെ നിറഞ്ഞ പഴക്കുലകളോടുകൂടി ഇടങ്ങളിലും പടർന്നുകിടക്കുന്ന മുന്തിരിവയലുകൾ ഞങ്ങളെ സ്വാഗതം ചെയ്തുകൊണ്ടിരുന്നു. ഒമ്പതുമണിയോടെ ഞങ്ങൾ തിവോളിയിലെത്തി.

ഭക്ഷണപ്രശ്നമാണല്ലോ എവിടെയും ഒന്നാമത്തെ പ്രശ്നം. ആദ്യമായി ഉപ്പുമാവും കാപ്പിയുമുണ്ടാക്കി ഞങ്ങൾ പ്രാതൽ കഴിച്ചു. ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനുള്ള ശ്രമമായിരുന്നു അടുത്ത പരിപാടി. പാചകവിദഗ്ദ്ധന്മാരായ ഞങ്ങൾ പല ഗ്രൂപ്പുകളായി തിരിഞ്ഞു. ഒരു കൂട്ടർ അരിവെപ്പുകാരായി; മറെറാരു കൂട്ടർ ഇറച്ചിക്കറി പാകംചെയ്തു; വേറൊരുകൂട്ടർ മീൻകറി തയ്യാറാക്കി; പച്ചക്കറികളുടെ വകുപ്പ മറെറാരുകൂട്ടർ ഏറെറടുത്തു. കാട്ടിൽ കിടന്ന തടികൾ ഇരുപ്പിടങ്ങളായി, പാറക്കഷണങ്ങൾ അടുപ്പുകല്ലുകളായി, വിറകുമുട്ടികൾ ആളിക്കത്തിത്തുടങ്ങി. ഒരു മണിക്കൂറിനകം കേമമായ ഒരു സദ്യക്കുള്ള ചട്ടവട്ടങ്ങളെല്ലാം അടുപ്പിലായി കഴിഞ്ഞു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ആ രംഗം അങ്ങിനെ. മിക്കവാറും വിജനമായ ആ കുന്നിൻമുകളിൽ വിവിധതരത്തിലുള്ള കളികൾക്കു നല്ല സൗകര്യമാണ്. "Treasure Hunting" ഞങ്ങൾ പൊടിപൊടിച്ചു നടത്തി. വൃക്ഷച്ചുവട്ടിലും കരിങ്കൽക്കൂട്ടങ്ങളുടെ ഇടയിലും ഒളിച്ചുവച്ചിരുന്ന നിധി കണ്ടെടുക്കുന്നതിൽ വിദേശന്മാർ പ്രകടിപ്പിച്ച അന്വേഷണപടുത്വവും ധീരയത്നങ്ങളും പ്രശംസാർഹങ്ങളായിരുന്നു. ഒരു മണിയോടെ ഊണിനുള്ള വട്ടമായി. പച്ചപ്പുൽവിരിച്ച ആ തറയിൽ പട്ടത്തിലക്കു ചോറും കറിയുമായി കഴിച്ച ആ ഊണ് ഇന്ത്യവിട്ടിട്ട് അനാദൃശമായിരുന്നു പലർക്കും. നമ്മുടെ സുപരിചിതമായ വാഴയിലയില്ലായിരുന്നു എന്നുള്ള ഒരൊററക്കുറവുമാത്രമേ ഉണ്ടായിരുന്നുള്ളു. ഇവിടെ വാഴ വളരാഞ്ഞിട്ടോ, അതോ ഇവിടെയുള്ളവർക്കു അതറിയാഞ്ഞിട്ടോ!

ഗ്രാമപ്രദേശങ്ങൾ സന്ദർശിക്കുകയായിരുന്നു ഞങ്ങളുടെ അടുത്ത പരിപാടി. തിവോളി പണ്ടുകാലങ്ങളിൽ ചക്രവർത്തിമാരുടെ സുഖവാസസങ്കേതമായിരുന്നു. ആഡ്രിയൻ ചക്രവർത്തിയുടെ (117—138 A. D.) വേനൽക്കാലവസതിയായിരുന്ന അരമന ഞങ്ങൾ സന്ദർശിച്ചു. ചക്രവർത്തി അദ്ദേഹത്തിന്റെ ലോകപര്യടനങ്ങളിൽ കണ്ടിരുന്നതും ലത്തീൻ സംസ്കാരപ്രചാരത്തിനു മുതലായിരുന്നതുമായ ശില്പകലാരീതികൾ പ്രതിഫലിപ്പിക്കുന്ന പല സ്മരണീയസ്മാരകങ്ങളും അവിടെ അവശേഷിച്ചിട്ടുണ്ട്. സ്നാനഘട്ടങ്ങൾ (The Great Baths) നടനവേദികൾ (Maritime Theatres), പഠനമണ്ഡപങ്ങൾ (Acadamy) മുതലായവ ഇവയിൽ ചിലതു മാത്രമാണ്. അവിടെയുള്ള മനോഹരമായ വേറൊരു കാഴ്ചയാണ് Villa d'Este യിലുള്ള ജലനിർഝരികൾ (fountains) ഇററലിയിലെ ഏററവും പ്രസിദ്ധമായ കൗതുകവസ്തുക്കളിലൊന്നാണിതു്. ആദ്യകാലങ്ങളിൽ ഈ സ്ഥലം ഒരു ബെനഡിക്ടൻ സന്യാസാശ്രമമായിരുന്നു. 11-ാം നൂററാണ്ടിൽ ഗവൺമേണ്ടു അതു കൈവശപ്പെടുത്തി. 1550-ലാണ് അന്നത്തെ തിവോളി ഗവർണ്ണറായിരുന്ന കർദ്ദിനാൾ ഹിപ്പോലിററസ് ഈ സ്ഥലം അതിമനോഹരമായ ഒരു സുഖവാസസ്ഥലമാക്കി രൂപപ്പെടുത്തിയതു്. അതിൽ പിറോ (Pirro Ligorio) എന്ന ശില്പകലാവിദഗ്ധൻ സജ്ജീകരിച്ചതാണ് നയനാഭിരാമമായ ജലനിർഝരികൾ. തിവോളിയിൽക്കൂടി ഒഴുകുന്ന അനിയൻനദിയിലെ വെള്ളം തിരിച്ചുകൊണ്ടുവന്നാണ് പ്രസ്തുത ശില്പകലാവിദഗ്ധൻ അദ്ദേഹത്തിന്റെ ഭാവനയെ പ്രദർശിപ്പിക്കുന്ന ഈ കൗതുകവസ്തു സൃഷ്ടിച്ചതു്. പാറകൾ ഇളച്ചു വരിവരിയായി നൂറുകണക്കിനു ജലനിർഝരികൾ സൃഷ്ടിച്ചു. അവയിലൂടെ വെള്ളിപ്പൂക്കൾപോലെ ഇടവിടാതെ ജലധാര ശക്തിയായി പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. അനേകവർഷം പഴക്കവും വളരെ ഉയരവുമുള്ള സൈപ്രസ് മരങ്ങളും ഇലിസ്സസ് മരങ്ങളും ആ ആരാമത്തിൽ തഴച്ചുനിൽക്കുന്നു. നിമ്നോന്നതമായ ആ കുന്നിൻമാറം മുഴുവനും മനോഹരമായ നിലപ്പരവതാനി വിരിച്ചിട്ടപോലെ ലതകളും പുഷ്പങ്ങളുംകൊണ്ടു പരിശോഭിതമായിരിക്കുന്നു. സമീപപ്രദേശങ്ങളിൽ സമൃദ്ധിയായി വളരുന്ന മുന്തിരിത്തോട്ടങ്ങൾ മുന്തിരിക്കുലകളെ ഉല്പാദിപ്പിച്ചുകൊണ്ടു കാററിലാടിയുല്ലസിക്കുന്നു. യഥാർത്ഥത്തിൽ ഈ സ്ഥലത്തിന്റെ മനോഹരത അവർണ്ണനീയമാണെന്നു പറയാം. ഈവിധത്തിൽ മനോഹരമായ പല പല കാഴ്ചകളും കണ്ടു കൺകുളിർത്ത ഞങ്ങൾ ആറുമണിയോടുകൂടി വീണ്ടും പഴയ സ്ഥലത്തു ഒന്നിച്ചുകൂടി മടക്കയാത്ര ആരംഭിച്ചു.

—o—



വില്ല ഡി എസ്റ്റെയിലെ മനോഹരമായ ജലനിർഝരികൾ


## മെഡിക്കൽ സിസ്റ്റേഴ്സ്
## അർത്ഥിനികളെ ക്ഷണിക്കുന്നു

സന്യാസജീവിതം നയിച്ചു് ആതുരശുശ്രൂഷ ചെയ്യാനാഗ്രഹിക്കുന്ന കത്തോലിക്കാ യുവതികളെ ഇപ്പോൾ സ്വീകരിക്കും. സ്കൂൾഫൈനൽ പരീക്ഷയെങ്കിലും ജയിച്ചിരിക്കണം. ഇന്റർ, ബി. എസ്സ്. സി. മുതലായ പരീക്ഷായോഗ്യതയുള്ളവർക്കു മുൻഗണന നല്കും. കൂടുതൽ വിവരങ്ങൾക്കു എഴുതുക.

സിസ്റ്റർ സുപ്പീരിയർ, ധർമ്മഗിരി, കോതമംഗലം


(10-ാം പേജ് തുടർച്ച)

വികാരിയച്ചന്റടുത്തു സങ്കടംകൊണ്ടു. വികാരിയച്ചൻ പെണ്ണിനെ വരുത്തിച്ചോദിച്ചു. അവൾക്കു മനസ്സാണെന്നു്.

എന്നിട്ടും ചീററപ്പന്റെ മക്കടമുഷ്ടിക്കു ഒരയവുമില്ല. പക്ഷെ ആരെല്ലാം എതിരായാലും സംഗതി നടക്കുമെന്നിടത്തോളമായി. പിടിച്ചിടം ജയിക്കയില്ലെന്നു കണ്ടപ്പോൾ ചീററപ്പൻ വേറൊരടവാണ് എടുത്തതു്. എന്തായാലും കെട്ടിക്കൊണ്ടുപൊയ്ക്കൊള്ളട്ടെ. പെണ്ണിനെയങ്ങോട്ടിറക്കിവിട്ടേക്കാം.

ആ ഭീഷണികൊണ്ടും ആൺകൂട്ടക്കാർ മടുത്തു പിന്മാറാൻ കൂട്ടാക്കിയില്ല. അവർ മുറപ്രകാരം കല്യാണം നിശ്ചയിച്ചു. മനസ്സമ്മതം നടന്നു. വിളിച്ചുചൊല്ലി. ചീററപ്പൻ ഇതൊന്നും അറിഞ്ഞമട്ടില്ല.

കല്യാണദിവസം രാവിലെ, മണവാട്ടിപ്പെണ്ണിനെ കൂട്ടിക്കൊണ്ടുവരാൻ ഇത്താക്കിന്റെ പേരമ്മയുടെ രണ്ടാമത്തെ മകനും അയാളുടെ ഭാര്യയും ആ വീട്ടിൽ ചെന്നു. പെണ്ണിനെ ചമയിപ്പിക്കാൻ വേണ്ട പുടവയും കവണിയും ഒന്നു രണ്ടു മാലകളും അവർ കരുതിയിരുന്നു. കൂടാതെ ഇത്താക്കിന്റെ സ്വന്തം ചെലവിൽ രണ്ടു കുണുക്കും. അരപ്പവൻകൊണ്ടു പണിയിച്ചതാണ്. ഇത്താക്കിനു നല്ല മനസ്സില്ലായിരുന്നു. പക്ഷെ അമ്മയ്ക്കു വലിയ നിർബന്ധം. അവർ, അതിനുള്ള പണം ചേടത്തിയുടെ മൂത്തമകനെ ഏല്പിച്ചു. അയാളുടെ ചുമതലയിലാണ് കുണുക്കുപണി നടന്നതു്.

ആ കുണുക്കു കാതിലിട്ടപ്പോൾ കുഞ്ഞന്നാമ്മയുടെ മുഖത്തിനു പ്രത്യേകമൊരു വെട്ടമുണ്ടായി. തോഴിമക്കാരത്തിയെടുത്തി, പെണ്ണിനെ ഉണിയുടുപ്പിച്ചു മെയ്യാഭരണവും അണിയിച്ചു. വിഷാദത്തിന്റെ ഒരു കടൽ ഉള്ളിലുണ്ടായിരുന്നിട്ടുകൂടി, അവൾ അഴകിന്റെ ഒരു പ്രത്യക്ഷരൂപംപോലെ ശോഭിച്ചു.

ഇളയമ്മ ആ വശത്തേയ്ക്കു തിരിഞ്ഞുനോക്കിയതേയില്ല. ചീററപ്പൻ ഒരക്ഷരം ഉരിയാടിയതുമില്ല.

കുഞ്ഞന്നാമ്മ ചീററപ്പനു് സ്തുതിചൊല്ലാൻ ചെന്നു. അയാൾ മുഖം തിരിച്ചുകളഞ്ഞു. ഇളയമ്മയും അവളുടെ സ്തുതി മേടിച്ചില്ല.

ചീററപ്പന്റെ മക്കളെ അവൾ മാറി മാറി വിളിച്ചു. മൂത്തവർ രണ്ടുപേരും മുറിക്കകത്തുനിന്നു പുറത്തിറങ്ങിയതേയില്ല. നല്ല അനുസരണയുള്ള മക്കൾ.

"ചേച്ചി, പൂവാണോ?" ഇളയ പെൺകുഞ്ഞുമാത്രം ചോദിച്ചു. മാതാപിതാക്കന്മാരുടെ ശിക്ഷണരീതി പഠിച്ചിട്ടില്ലാത്ത പാവം കുഞ്ഞു്!

"അതേ മകളേ, ചേച്ചി പോയേച്ചും വരാം." പൂവുപോലെ ആ നിഷ്കളങ്കതയെ മാറോടണച്ചു ആ മണവാട്ടി. പൈതലായിരുന്ന നാൾമുതൽ എന്തുമാത്രം എത്രയോ തവണ കുഞ്ഞന്നാമ്മ ആ കൊച്ചിനെ എടുത്തുമേനിച്ചിട്ടുണ്ടു്! അപ്പോഴൊന്നും ഉണ്ടായിട്ടില്ലാത്ത ഒരു വികാരവിക്ഷോഭം അന്നു് ആ പെണ്ണിനുണ്ടായി. കുഞ്ഞന്നാമ്മയുടെ കണ്ണുനീർവീണു് ആ കുഞ്ഞിന്റെ കവിൾത്തുമ്പു് നനഞ്ഞു.

"ചേച്ചിയെന്ത്യേ നൊമ്പലോളി കരേണേ"

"വെറുതെ. റോസിക്കുഞ്ഞിനെ പിരിഞ്ഞു പോകുന്നതുകൊണ്ടാ."

"എന്നാ ഞാനും പോരാം."

"വേണ്ട, എന്റെ മകളിവിടെ നിന്നോ."

കുഞ്ഞന്നാമ്മയ്ക്കു കരച്ചിലുപിടിച്ചിട്ടു് തീരെ നില്ക്കാതായി.

"നല്ലോരു ദിവസമായിട്ടു് ഇങ്ങനെ കരേണതു കൊള്ളുമോ. മനംപോലെ മംഗല്യമെന്നല്ലേ പറേണതു്? കരഞ്ഞും പിഴിഞ്ഞും മൊരക്കയാണോ അതിനൊക്കെ പ്പോണതു്." ഇങ്ങനെകൊണ്ടു മണവാട്ടിപ്പെണ്ണിന്റെ കണ്ണുനീർ ഇടച്ചുകൊണ്ടു തോഴിമക്കാരത്തി പറഞ്ഞു.

"ഏതാ പോണേ. വെക്കമാകട്ടെ, കെട്ടുകഴിഞ്ഞാ കുറുബാന. വച്ചും ഇതുതന്നെ കൊള്ളണം, അച്ചൻ കാത്തുനില്ക്കേല." പേരമ്മയുടെ മകൻ തിടുക്കംകൂട്ടി.

"നമുക്കിറങ്ങാം പെണ്ണേ." അയാളുടെ ഭാര്യയും തിണ്ണയിൽനിന്നിറങ്ങി.

ആരോടും ഒന്നുംമിണ്ടാതെ എങ്ങോട്ടുമൊന്നും നോക്കാതെ അവർ മൂന്നുപേരും നടന്നു.

പോകുന്നവഴി കുഞ്ഞന്നാമ്മയോടു് ആ നല്ല ചേടത്തി ഒത്തിരി ഒത്തിരി ചോദ്യങ്ങൾ ചോദിച്ചു. അവൾ അതിനു് എന്തൊക്കെയോ മറുപടിയും പറഞ്ഞു. പറഞ്ഞതെന്താണെന്നു് അവൾക്കു ഒരു രൂപവുമില്ല. അവളുടെ മനസ്സു് അപ്പോഴും ചീററപ്പന്റെ വീട്ടിന്റെ ചുററുപാടുകളിൽ ഉഴറുകയായിരുന്നു.

ചീററപ്പൻ വാശിക്കാരനാണ്. അതുകൊണ്ടു് അങ്ങനെചെയ്തു സഹിക്കാം. ഇളയമ്മയ്ക്കെങ്കിലും പള്ളിയിലോളം ഒന്നു വരാമായിരുന്നല്ലോ. അതും പോകട്ടെ, സ്തുതിമേടിക്കയെങ്കിലും ചെയ്യാമായിരുന്നല്ലോ. സന്തോഷത്തിന്റെയോ ആശംസയുടെയോ ഒരു നറുങ്ങുവാക്കെങ്കിലും പറഞ്ഞയക്കാമായിരുന്നല്ലോ. ആ പെൺപിറന്നവർ, തളർവാതം പിടിച്ചു് ആറുമാസം കിടന്നകിടപ്പിൽ കിടന്നപ്പോൾ അവരുടെ മലവും മൂത്രവും എടുത്തുകളഞ്ഞതിന്റെ നന്ദിപോലും അവർക്കില്ലാതായിപ്പോയല്ലോ. ആ കുഞ്ഞുങ്ങളെ മൂന്നിനേയും അവളാണ് വളർത്തിയെടുത്തതു്. പെററില്ല, മുല കൊടുത്തില്ല എന്നുമാത്രം. ബാക്കി ഒരമ്മ ചെയ്യേണ്ടതെല്ലാം അവളാണ് ആ കുഞ്ഞുങ്ങൾക്കുവേണ്ടി ചെയ്തതു്. എന്നിട്ടു് അവൾ ആ വീടിനോടു് വിടവാങ്ങി പോരാൻ നേരത്തു് വിളിച്ചിട്ടുപോലും അവരൊന്നു പുറത്തേയ്ക്കു വന്നില്ലല്ലോ!

ഒരുപക്ഷേ, എല്ലാം അവളുടെ കുററമായിരിക്കാം.

ചീററപ്പന്റേയും ഇളയമ്മയുടേയും അഭിപ്രായത്തിനു വഴങ്ങിയാൽ മതിയായിരുന്നു. ആ ചെറുക്കൻ എത്ര മനസ്സിനിണങ്ങാത്തവനായാലും അതാണു വിധിയെന്നോർത്തു അടങ്ങിയാൽ മതിയായിരുന്നു. എങ്കിൽ അവരെ പിണക്കാതെ കഴിക്കാമായിരുന്നു. ആരുമില്ലാത്തൊരു പെണ്ണു് അങ്ങനെ ആരേയും പിണക്കി കൂടാത്തതാണ്. അവൾ എന്തും സഹിക്കാൻവേണ്ടി പിറന്നിരിക്കുന്നവളാണ്. ഇലവന്നു മുള്ളിൽ വീണാലും മുള്ളുവന്നു ഇലയിൽ വീണാലും ഇലയ്ക്കുതന്നെയല്ലേ കേടു്?

അവൾ അത്രയ്ക്കു ഭാഗ്യംകെട്ടവളാണ്. അല്ലെങ്കിൽ അവളുടെ അപ്പനും അമ്മയും ഇരിക്കാൻ ഭൂമിക്കിടമില്ലാതെ പോയതെന്തുകൊണ്ടു്? ദൈവം അവൾക്കു് ഒരു കൂടപ്പിറപ്പിനെയെങ്കിലും കൊടുക്കാഞ്ഞതെന്തു്? വല്ല ചട്ടനോ പൊട്ടനോ ആയാലും അവളോടു ചോരസംബന്ധമുള്ള ഒരു കുഞ്ഞുണ്ടായിരുന്നെങ്കിൽ, അവളുടെ ജീവിതത്തിന്റെ ജീവിതം ഇങ്ങനെ, അവളെ സംബന്ധിച്ചിടത്തോളം ആത്യന്തികപ്രധാനമായ, ഈ മംഗല്യവേളയിൽ അവളിങ്ങനെ കണ്ണീരും വടിച്ചുറിഞ്ഞുകൊണ്ടു് വേദനയുടെ ഒരു തീനാളംപോലെ ഇറങ്ങിപ്പോകേണ്ടിവരുമായിരുന്നോ?

ചീററപ്പനും ഇളയമ്മയും എന്താക്കെ "പുരാണം" പറഞ്ഞാലും കുഞ്ഞന്നാമ്മയുടെ ആരുമല്ല. അവർ അവളുടെ നന്മയാഗ്രഹിക്കുന്നവരായിരുന്നെങ്കിൽ അവർക്കു അതാണു മനസ്സെന്നറിഞ്ഞപ്പോൾ പിന്നെ അതിനോടു മറുതലിച്ചിട്ടു കാര്യമുണ്ടോ? അവളുടെ ഇഷ്ടത്തേക്കാൾ അവരുടെ സൗകര്യമാണ് അവർ നോക്കിയതു്. അവരുടെ അല്പമായ സൗകര്യത്തിനുവേണ്ടി അവളുടെ ജീവിതം മുഴുവൻ ബലികഴിക്കണമെന്നോ? അതിന്റെ ആവശ്യം?

ചീററപ്പനും ഇളയമ്മയും ചിന്തമനുഷ്യരാണ്. അവർ പറഞ്ഞതു് അനുസരിക്കാഞ്ഞതിനു് ദൈവം അവളോടു കോപിക്കയില്ല. കുറേനാൾ കഴിയുമ്പോൾ ഇതൊക്കെ മാറിയേക്കും. ചീററപ്പന്റെ മനസ്സലിയും, എത്രവന്നാലും ഒരു പെണ്ണല്ലേ ഇളയമ്മയ്ക്കും അലിവു തോന്നും. അവർക്കുമുണ്ടല്ലോ ഒരു പെൺമണി.

(തുടരും)

## ഇടവകവാർത്തകൾ

(5-ാംപേജ് തുടർച്ച)

**കുമ്പളങ്ങി:** സ്ഥലം വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായുള്ള ധനശേഖരാർത്ഥം ശ്രീ ജോസഫ് കൈകമാപാമ്പൻ പഴങ്ങാട്ട് സ്കൂളങ്കണത്തിൽവച്ച് ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

**പെരുവന്താനം:** ചങ്ങനാശ്ശേരി മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് പെരുവന്താനം ഇടവക സന്ദർശിക്കുകയും, പുതുതായി പണികഴിപ്പിച്ച ക്ലാരമഠത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും ചെയ്തിരിക്കുന്നു.

**വെളയനാട്:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റെ 30-ാം വാർഷികപൊതുയോഗം പള്ളിസ്കൂൾ അങ്കണത്തിൽവെച്ച് മേയ് 20-ാംനു- സായാഹ്നത്തിൽ റവ ഫാദർ ഫേബർ സി ഡി ബി എ എൽ ടി യുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീ എ സി റപ്പായി റവ പോൾ ജെ ആനന്താഴത്ത് തുടങ്ങിയവർ പ്രസംഗിച്ചു. ബാലികാബാലന്മാരുടെ വിവിധ വിനോദപ്രകടനങ്ങളും യോഗാനന്തരം "കണ്ണീരിന്റെ പുത്രി" എന്ന നാടകാഭിനയവുമുണ്ടായിരുന്നു.

**അതിരമ്പുഴ:** മേയ് മാസ സമാപനാഘോഷം സംബന്ധിച്ച ചടങ്ങുകൾ സ്ഥലം ചന്തക്കടവിലുള്ള മാതാവിന്റെ കപ്പേളയിൽവച്ച് വൈകുന്നേരം 6-30 നു സമാരംഭിച്ചു. ലദീഞ്ഞിനുശേഷം വെരി റവ ഡോക്ടർ എൽ ജെ ചിററൂർ ഒരു പ്രസംഗം ചെയ്തു. വിവിധ സെററുകാരുടെ കരിമരുന്നുപ്രയോഗത്തിനുശേഷം ഏകദേശം 2000 ത്തോളം വരുന്ന വിശ്വാസികൾ അണിനിരന്നു് കത്തിച്ച തിരിയുംപിടിച്ചു് പള്ളിമൈതാനത്തുള്ള ലൂർദുഗ്രോട്ടോയിലേക്കുള്ള ജപമാലപ്രദക്ഷിണം നടത്തി. അവിടെവച്ച് വെരി റവ ഡോക്ടർ എൽ ജെ ചിററൂർ ലൂർദിനേയും അവിടത്തെ അത്ഭുതങ്ങളേയും അനുസ്മരിപ്പിച്ചുകൊണ്ടും ഇവിടെ നടക്കുന്ന കാര്യസിദ്ധികളെ പരാമർശിച്ചുകൊണ്ടും പ്രസംഗിച്ചു.

**പുല്ലുവഴി:** ഇവിടെസ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ 19-ാം വാർഷികമഹാമഹം മേയ് 20-ാംനു- റവ ഫാദർ വറുഗീസ് പഴേമഠം അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. യോഗത്തിൽ ശ്രീ യു പി വറുഗീസ് ബി എ ബി എൽ, ശ്രീ സി പി പൗലോസ് എന്നിവർ പ്രസംഗിച്ചു. ഇടയ്ക്കിടെ കുട്ടികളുടെ ഡാൻസ്, പ്രഹസനം മുതലായ കലാപരിപാടികൾ നടത്തപ്പെട്ടു. യോഗാനന്തരം സഖ്യാംഗങ്ങൾ "കണ്ണുനീരിന്റെ പുത്രി" എന്ന ഗദ്യനാടകം അഭിനയിച്ചു.

**ചങ്ങനാശ്ശേരി:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന അദ്ധ്യാപനമണ്ഡലത്തിന്റെ പ്രഥമവാർഷികം മേയ് 20-ാംനു- പൊന്ത



## ഉപകാരസ്മരണ

എന്ന് ഞാറക്കൽ

കുന്നു ഞായറാഴ്ച ഉച്ചകഴിഞ്ഞു മൂന്നരമണിക്കു നടത്തപ്പെട്ടു. ദീപികപത്രാധിപർ റവ ഫാദർ ആൻറണി സി ഡി, എം എ അവർകളായിരുന്നു അദ്ധ്യക്ഷൻ. ശ്രീ തോമസ് സെബാസ്റ്റ്യൻ ബി എ എൽ ടി പ്രസംഗിച്ചു. പൊതുയോഗത്തിൽ സമർപ്പിക്കപ്പെട്ട അച്ചടിച്ച വാർഷികറിപ്പോർട്ടിൽനിന്നും ഇക്കൊല്ലം അദ്ധ്യയനമണ്ഡലം നിർവ്വഹിച്ചിരിക്കുന്ന കാര്യങ്ങൾ സാമാന്യമായി ഗ്രഹിക്കാവുന്നതാണ്. അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളായി മെ: കെ ജെ മാത്യു ബി എ എൽ ടി (പ്രസിഡണ്ട്) വി ജെ വർക്കി ബി എ ബി എൽ (വൈസ് പ്രസിഡണ്ട്) കെ ടി സെബാസ്റ്റ്യൻ എം എ (സെക്രട്ടറി) ആൻറണി മാത്യു വലിയപറമ്പിൽ (ഖജാൻജി) പോൾ വർഗ്ഗീസ് ബി എ ബി എൽ (ഗ്രന്ഥശാലാ സൂപ്രണ്ട്) ജോർജ് തോമസ് (ലൈബ്രേറിയൻ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

**തലയോലപ്പറമ്പ്:** സ്ഥലം മരിയസഖ്യം, അൾത്താരബാലസംഘം, മിഷൻലീഗ്, സൺഡേസ്കൂൾ, മാതൃസംഘം, മൂന്നാംസഭ എന്നീ ഭക്തസംഘടനകളുടെ സംയുക്തവാർഷികം മേയ് 27-ാംനു- ഞായറാഴ്ച മൂന്നുമണിക്കു് റവ ഫാദർ പീററർ ഉരാളിൽ എം എ അവർകളുടെ അദ്ധ്യക്ഷതയിൽ സെൻറ് ജോർജ് പാരിഷ്ഹാളിൽവച്ചു ആഘോഷിക്കപ്പെട്ടു. യോഗത്തിൽ ശ്രീ പി ഡി തോമസ് ബി എസ്സി, മിസ് കത്രിക്കുട്ടി പറമ്പിത്തറ ബി എ മുതലായവർ പ്രസംഗിക്കുകയുണ്ടായി. ബാലികാബാലന്മാരുടെ സംഗീതം, ഡാൻസ്, കോലടി മുതലായവയും നടത്തപ്പെട്ടു. യോഗാനന്തരം സഖ്യാംഗങ്ങളുടെ ടാബ്ലോകളും "ഞാനും വരുന്നു" എന്ന ഗദ്യനാടകാഭിനയവുമുണ്ടായിരുന്നു.

**ചെമ്മലമററം:** അഖില കേരള ചെറുപുഷ്പമിഷൻലീഗിന്റെ 9-ാമത്തെ വാർഷികം മേയ് 9, 10, 11 തിയതികളിൽ ചെമ്മലമററം ചെറുപുഷ്പമന്ദിരത്തിൽവച്ചു ആഘോഷിച്ചിരിക്കുന്നു. മേയ് 9-ാംനു- രാവിലെ റവ ഫാദർ ജോർജ്ജ് കീഴക്കേക്കററു് പതാക ഉയർത്തുകയും മിഷൻപ്രദർശനം ഉൽഘാടനം ചെയ്യുകയും ചെയ്തു. ഉച്ചകഴിഞ്ഞു് റവ. ഡോക്ടർ ജെ സി കാപ്പൻ ഉൽഘാടനസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുകയും ബ്രദർ കെ എസ് ജോസഫ് പ്രസംഗിക്കുകയുമുണ്ടായി 10-ാംനു- ഉച്ചകഴിഞ്ഞു 3 മണിക്കു പൊതുസമ്മേളനമാരംഭിച്ചു. വെരി റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് ആദ്ധ്യക്ഷം വഹിച്ചു. ഫാദർ വടക്കൻ, റവ ഫാദർ ജോസഫ് മാലിപ്പറമ്പിൽ, ശ്രീ കെ എം മാത്യു മരങ്ങാട്ടുപള്ളി എന്നിവരായിരുന്നു പ്രാസംഗികർ. പ്രഹസനങ്ങൾ, ഫാത്തിമാനാഥ, പ്രേഷിതരാണി എന്നീ ററാബ്ലോകൾ, വിവിധ സന്യാസസഭകളിൽപെട്ട മിഷനറിമാരുടെ വേഷം ധരിച്ചുള്ള പ്രകടനം, സജീവമിഷൻ കൊന്ത എന്നിങ്ങനെ ബാലികാബാലന്മാർ സമ്മേളനങ്ങൾക്കിടയിൽ പല കലാപരിപാടികളും നടത്തുകയുണ്ടായി.

ലീഗുവാർഷികാഘോഷങ്ങളെ അനുഗ്രഹിച്ചുകൊണ്ടു് പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടും ചങ്ങനാശേരി, തലശേരി തിരുമേനിമാരും ആശംസാസന്ദേശങ്ങൾ അയച്ചിരുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

കേരളത്തിലെ വിവിധരൂപതകളിലായി 285 ശാഖകളോടുകൂടിയ മിഷൻലീഗ് റിപ്പോർട്ടുവർഷത്തിൽ 40,000 രൂപയിലധികം മിഷൻസഹായാർത്ഥം പിരിച്ചയച്ചിട്ടുണ്ട്.

**കടുത്തുരുത്തി:** സ്ഥലം താഴത്തുപള്ളി മിഷൻലീഗ്, സൊഡാലിറ്റി എന്നീ ഭക്തസംഘടനകളുടെ സംയുക്തവാർഷികാഘോഷം മേയ് 20-ാംനു- 3 മണിക്കു റവ. ഫാദർ ജോസഫ് ററി ഒ സി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ സെൻറ് ജോർജ്സ് സ്കൂൾഹാളിൽവച്ചു നടത്തുകയുണ്ടായി. തദവസരത്തിൽ മി. പി ടി തോമസ് ബി എസ്സ്സി ബി ടി, കുമാരി കെ കെ ഏലിക്കുട്ടി ബി എ എന്നിവർ പ്രസംഗിച്ചു. ഇടയ്ക്കിടയ്ക്കു കുട്ടികളുടെ കലാപ്രകടനങ്ങളും ഒടുവിൽ "കള്ളക്കുടിയൻ" എന്ന പ്രഹസനവും ഉണ്ടായിരുന്നു.

---

നിത്യസഹായമാതാവിന്റെയും, വിശുദ്ധ അന്തോണീസ് പുണ്യവാളന്റെയും മാദ്ധ്യസ്ഥതാലും ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താലും അസാദ്ധ്യമെന്നു വിചാരിച്ചിരുന്ന കാര്യം നിഷ്പ്രയാസം സാധിച്ചതിനു് കൃതജ്ഞത.

K. A. J.

---

**ചെമ്പേരി:** ഫാത്തിമാഗിരിയിൽ (കുടിയാൻമല) ഫാത്തിമാനാഥയുടെ നാമധേയത്തിൽ സ്ഥാപിതമായിരിക്കുന്ന ദേവാലയത്തിനുവേണ്ടി റവ. ഫാദർ കുര്യാക്കോസ് കുടക്കച്ചിറ സംഭാവന ചെയ്ത, ഫാത്തിമാനാഥയുടെ തിരുസ്വരൂപം ചെമ്പേരിയിൽവച്ചു സ്വീകരിച്ചു് ആഘോഷപൂർവ്വം കൊണ്ടുവരികയും പ്രഥമ തിരുനാൾ മേയ് 10-ാംനു- റവ ഫാദർ ജേക്കബ് വാരികാട്ട് അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ആഘോഷിക്കുകയും ചെയ്തിരിക്കുന്നു.

**പൊൻകുന്നം:** സ്ഥലം സി കെ എം എല്ലിന്റെ 4-ാമത്തെ വാർഷികം മേയ് 27-ാംനു- ആഘോഷിക്കപ്പെട്ടു ഉച്ചതിരിഞ്ഞു് എസ് എച്ച് മിഡിൽസ്കൂളിൽവച്ചു നടത്തപ്പെട്ട സമ്മേളനത്തിൽ റവ ഫാദർ ജോസഫ് പാണമ്പാറമ്പിൽ അദ്ധ്യക്ഷതവഹിക്കുകയും, മെ പി ററി മാത്യു ബി എ, ജോസ് ഡി ഇലവുങ്കൽ എന്നിവർ പ്രസംഗിക്കുകയും ചെയ്തു. ഓട്ടൻതുള്ളൽ മുതലായ കലാപരിപാടികളും സമ്മാനദാനങ്ങളും ഉണ്ടായിരുന്നു.

## വിവാഹ വാർത്തകൾ

**വടതല:** ഈ ഇടവക വേലിക്കകത്തുപറമ്പിൽ ജോസഫ് ആൻറണി അവർകളുടെ സഹോദരി സാറാമ്മയും മഞ്ഞുമ്മയിൽ ചിങ്ങന്തറ മത്തായി അവർകളുടെ പുത്രൻ ശ്രീ വർഗ്ഗീസും തമ്മിലുള്ള വിവാഹം മേയ് 14-ാംനു- സെൻറ് ആൻറണീസ് പള്ളിയിൽവച്ച് സമംഗളം നടന്നിരിക്കുന്നു. വിവാഹാശീർവ്വാദം നടത്തിയതു് വെരി റവ ഫാദർ ജോസഫ് ചമ്മണി അവർകളാണ്.

**പൊൻകുന്നം:** കരിസ്റ്റാട്ടുകുന്നേൽ കുടുംബാംഗവും കേന്ദ്രഗവമ്മെൻറിന്റെ ന്യൂഡെൽഹിയിലെ ഒരുദ്യോഗസ്ഥനുമായ ശ്രീ എം ഇ തോമസ് ബി എസ് സി യും, ചങ്ങനാശ്ശേരി ചെറുകര മി ആഗസ്തിയുടെ പുത്രി ശ്രീമതി മേരി എം എസ് സി യും തമ്മിലുള്ള വിവാഹം മേയ് 21-ാംനു- ചങ്ങനാശ്ശേരി കത്തീഡ്രൽദേവാലയത്തിൽവച്ചു സമംഗളം നടത്തപ്പെട്ടിരിക്കുന്നു.

**പൂവത്തോട്:** ഞായറുകുളത്തു് തോമസിന്റെ പുത്രൻ ജോസഫും കണ്ണോത്തൊനത്തു് തോമസ് പൂഞ്ഞാറന്റെ പുത്രി ചാച്ചിക്കുട്ടിയും തമ്മിലുള്ള വിവാഹം പൂവത്തോട്ട പള്ളിയിൽവച്ചു നടന്നിരിക്കുന്നു.

## ചരമവാർത്തകൾ

**മുക്കന്നൂർ:** ഈ ഇടവക പുതുശ്ശേരിക്കുടുംബാംഗവും സിങ്കപ്പൂരിൽ ഒരു ഉയന്ന ഉദ്യോഗസ്ഥനുമായ ശ്രീ പി സി ജോസഫ് ബി എ എൽ ടി മേയ് 13-ാം തിയതി പ്രമേഹസംബന്ധമായ സുഖക്കേടുമൂലം സിങ്കപ്പൂർവച്ചു് നിര്യാതനായിരിക്കുന്നു.

**ആരക്കുഴ:** സ്ഥലം ഫൊറോനാപ്പള്ളി ഇടവക ശ്രീ പരപ്പനാട്ട് ഐപ്പ് ഔസേപ്പ് അവർകളുടെ മാതാവ് മറിയം 84-ാം വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം മേയ് 17-ാംനു- വ്യാഴാഴ്ച പകൽ 12 മണിയോടുകൂടി പെ ബ ആരക്കുഴപ്പള്ളി വികാരിയുടെ പ്രധാനകാർമ്മികത്വത്തിലും മററു പല ബ: വൈദികരുടെ സഹകരണത്തിലും ബഹുജനങ്ങളുടെ സാന്നിദ്ധ്യത്തിലും യഥാവിധി ആരക്കുഴപ്പള്ളി സിമിത്തേരിയിൽ നിർവ്വഹിക്കുകയുണ്ടായി.

**പേരാവൂർ:** ഈ ഇടവക കോക്കാട്ട് കുരുവിള വാർദ്ധക്യസഹജമായ സുഖക്കേടിനാൽ മേയ് 14-ാംനു- തിങ്കളാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പിറേറദിവസം വെരി റവ ഫാദർ ഫിലിപ്പ് മുറിഞ്ഞകല്ലേൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ റാസ, ഒപ്പീസ് മുതലായ തിരുകർമ്മങ്ങൾക്കുശേഷം സ്ഥലം പള്ളിസിമിത്തേരിയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. റവ ഫാദർ എവരിസ്റ്റസ് ടി ഒ സി ഡി അവർകൾ ചരമപ്രസംഗം നടത്തി.

**കൊണ്ടാണ്ടൂർ:** സ്ഥലത്തെ തെക്കനാട്ടായ തേവർമററത്തിൽ കുരുവിള പോത്തൻ 68-ാമത്തെ വയസ്സിൽ നിര്യാതനായി. മൃതദേഹം പിറേറദിവസം ടിയാന്റെ സഹോദരന്മാരായ ബ. മോൺ: തെക്കനാട്ട്, ഫാദർ ജയിംസ് തെക്കനാട്ട് എന്നിവരുടെ പ്രധാനകാർമ്മികത്വത്തിൽ പുന്നത്തുറപള്ളി സെമിത്തേരിയിൽ പ്രത്യേകം തയ്യാർചെയ്തിരുന്ന കുടുംബകല്ലറയിൽ സംസ്കരിക്കപ്പെട്ടു.

**കുര്യത്തോട്:** കുര്യത്തോട്ട പടിഞ്ഞാറെപള്ളി ഇടവക താടിക്കാരൻ (പള്ളത്തു) പാപ്പു അവർകൾ 86-ാമത്തെ വയസ്സിൽ മേയ് 28-ാംനു- ഉച്ചയ്ക്കു കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം ഉച്ചതിരിഞ്ഞു 3 മണിക്കു പരേതന്റെ പുത്രൻ റവ. ഫാദർ തോമസ് താടിക്കാരൻ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും പല ബ. വൈദികരുടേയും വലിയൊരു ജനക്കൂട്ടത്തിന്റേയും സഹകരണത്തിലും യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**തോട്ടക്കര:** കാഞ്ഞിരക്കൊമ്പിൽ (പാറേൽ) ഇട്ടിയവിരാ മാത്യു മറിയം 60-ാമത്തെ വയസ്സിൽ മേയ് 29-ാംനു- കർത്താവിൽ നിദ്രപ്രാപിച്ചു.

R. I. P.



ആത്മകഥാകഥനം

# എന്റെ പുനരൈക്യചരിത്രം

(ടി. കെ. ജോൺ തേക്കുംപറമ്പിൽ)

[ജോൺസാർ ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുന്ന കാലത്താണ് പുനരൈക്യപ്രസ്ഥാനം ഉടലെടുക്കുന്നതു്. അക്കാലത്തുതന്നെ അനേക പ്രാതികൂല്യങ്ങളോടു സധീരം എതിർത്തുകൊണ്ടു് കത്തോലിക്കാസഭയുടെ അംഗമായി. തിരുവല്ലാ കത്തീഡ്റലിലെ വിവിധ ഭക്തസംഘടനകളുടെ ജീവനാഡിയായി ഇന്നദ്ദേഹം പ്രവർത്തിച്ചുപോരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭകാലചരിത്രങ്ങൾ അദ്ദേഹത്തെ സതീക്ഷ്ണനായ ഒരു പ്രേഷിതനാക്കി. ഉദ്യോഗസ്ഥലത്തും മററു ചുററുപാടുകളിലും അദ്ദേഹം തികഞ്ഞ ഒരു മതപ്രചാരകനും സഭയുടെ ഉത്തമസന്താനവുമാണെന്നു എല്ലവർക്കുമറിയാം. അദ്ദേഹത്തിന്റെ ലേഖനത്തിൽനിന്നു നമുക്കതു വ്യക്തമാകും. J. A.]



1930 സെപ്റ്റംബർ 20. കേരളസുറിയാനി ക്രിസ്ത്യാനികൾക്ക ചരിത്രപ്രധാനമായ ഒരു സുദിനമാണന്നു്. കേരളത്തിലെ പുത്തൻകൂർസമുദായത്തിൽ പ്പെട്ട ഒന്നും രണ്ടും മൂന്നും അഞ്ചും മാർത്തോമ്മാമാരും, പുലിക്കോട്ട മെത്രാപ്പോലീത്താ ആദിയായി മററനേകം മഹാമഹന്മാരും ഏകയോഗമായി ആഗ്രഹിക്കയും പരിശ്രമിക്കയുംചെയ്ത പുനരൈക്യശ്രമങ്ങളെ സഫലീഭവിപ്പിച്ചുകൊണ്ടു ബഥനിത്തിരുമേനിമാർ പുനരൈക്യസരണിയെ വെട്ടിത്തുറന്നതു് അന്നായിരുന്നു. അങ്ങനെ സമാരംഭിച്ച പുനരൈക്യപ്രവാഹം അനസ്യൂതമായി കത്തോലിക്കാസഭയിലേക്ക പ്രവഹിച്ചുതുടങ്ങിയെങ്കിലും എനിക്ക ഈ "റോമാ"ക്കാരോടു വലിയ വെറുപ്പും അറപ്പുമായിരുന്നു. അതിനു ചില പ്രത്യേകകാരണങ്ങളുമുണ്ടു്. പമ്പാനദീതീരത്താണു (തിരുവല്ലായ്ക്കു സമീപം കല്ലുങ്കൽ) ഞാൻ ജനിച്ചുവളന്നതു്. പുളിങ്കുന്നു, ചമ്പക്കുളം ആദിയായ സ്ഥലങ്ങളിൽനിന്നും വരുന്ന വെന്തിങ്ങാധാരികളായ കച്ചവടവള്ളക്കാരെ മാത്രമെ എനിക്ക പരിചയപ്പെടാൻ സാധിച്ചിരുന്നുള്ളു. അവരുടെ വിയപ്പുപിടിച്ചു നാറുന്ന വെന്തിങ്ങയും ശ്വാസംവിടാതെ തുരുതുരാന്നു ചൊല്ലിത്തീക്കുന്ന പ്രാർത്ഥനാരീതിയും മററുമാണു് അവരോടു വെറുപ്പുണ്ടാക്കിത്തീർത്തതു്. അവർ വിദ്യാവിഹീനരും സംസ്കാരരഹിതരുമായ ഏതോ താണവർഗ്ഗക്കാരായിരുന്നു എന്ന ധാരണയാണു് എനിക്കുണ്ടായിരുന്നതും. അങ്ങനെയാണു് ഇന്നും അകത്തോലിക്കരിൽ പലരും കത്തോലിക്കരെക്കുറിച്ചു ധരിച്ചുവച്ചിരിക്കുന്നതു്. ഇങ്ങനെയുള്ളവരുമായിട്ടാണു ബഥനിത്തിരുമേനിമാർ "പണംമോഹിച്ചു" പാവപ്പെട്ട യാക്കോബായസഭ വെടിഞ്ഞു് വേഴ്ചക്കൂടിയതു് എന്ന അറിവു് എനിക്ക വലിയ അരിശമുണ്ടാക്കിയിരുന്നു.

അക്കാല്ലം ഞാൻ എം. ജി. എം. ഹൈസ്കൂളിലെ സ്കൂൾഫൈനൽ വിദ്യാർത്ഥിയായിരുന്നു. തിരുവല്ലാ മതിൽഭാഗത്തുള്ള എന്റെ ഒരു നായർസ്നേഹിതനുമൊരുമിച്ചാണു ഞാൻ താമസിച്ചുപഠിച്ചുവന്നതു്. എല്ലാ ദിവസവും നാലുമണിക്ക കാപ്പികുടികഴിഞ്ഞു് ഞങ്ങൾ നടക്കാനിറങ്ങുക പതിവായിരുന്നു. ഒരുദിവസം ഞങ്ങൾ തിരുമൂലപുരത്തേക്ക നടന്നു. അവിടെയുള്ള ബഥനിആശ്രമത്തിന്റെ മുററത്തു് കുറെ കാറുകളും അച്ചന്മാരും മററും കൂടിയിരിക്കുന്നതുകണ്ടു് കാര്യമെന്തെന്നറിവാനായി ഞങ്ങൾ അവിടേക്ക കയറി. ആ ചെറിയ കെട്ടിടത്തിലേക്ക ഞങ്ങൾ പ്രവേശിച്ചു. രണ്ടു ഋഷീശ്വരന്മാർ—മാർ ഈവാനിയോസ്, മാർ തെയോഫിലോസ് എന്നി തിരുമേനിമാർ—ഒരു ഡസൻ "റോമാ"ക്കാരച്ചന്മാരുടെ മദ്ധ്യത്തിലിരുന്നു എന്തോ ഗൗരവാവഹമായ വിഷയത്തെക്കുറിച്ചു് ആലോചിക്കുകയും എന്തൊക്കെയോ കുറിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. "എന്റെ പിതാവു ആകർഷിക്കാതെ ആരും എന്റെ അടുക്കൽ വരുന്നില്ല" എന്ന ഈശോമിശിഹായുടെ തിരുവാക്യമാണു് ആ സന്ദർശനത്തിനിടയാക്കിയ സംഭവത്തെക്കുറിച്ചു ഞാൻ പിന്നീടു വ്യാഖ്യാനിച്ചതു്. ഏതായാലും മനസ്സില്ലാമനസ്സോടെയെങ്കിലും ഞാൻ മുമ്പോട്ടുചെന്നു തിരുമേനിമാരുടെ കൈകൾ മുത്തി. എന്നെ അനുകരിച്ചു് ഹിന്ദുവെങ്കിലും ഒരു മതസഹിഷ്ണുവായ എന്റെ സ്നേഹിതനും അപ്രകാരം കൈമുത്തി. കൈമുത്തി കഴിഞ്ഞപ്പോൾ ഇടിനാദംകേട്ട മാനത്തേക്ക സൂക്ഷിച്ചുനോക്കുന്ന സിംഹത്തെപ്പോലെ, പ്രശാന്തഗംഭീരമായ ഒരു ചെറുമന്ദഹാസത്തോടുകൂടെ വല്യതിരുമേനി ഞങ്ങളെ സൂക്ഷിച്ചുനോക്കി. "നീ ഏതാണു്?" എന്നു പേന താഴെ വച്ചു കസേരയിലേക്ക കിടന്നുകൊണ്ടു് എന്നോടു ചോദിച്ചു. ഞാൻ എന്നേയും എന്റെ സ്നേഹിതനേയും പരിചയപ്പെടുത്തി. "നിങ്ങൾ എന്നാണു ചേരുന്നതു്?" രണ്ടാമത്തെ ചോദ്യം. എനിക്കല്പം നീരസവും പുച്ഛവുമുണ്ടായതു മറച്ചുകൊണ്ടു് "ആലോചിച്ചിട്ടില്ല" എന്നു ഞാൻ മറുപടി കൊടുത്തു. ആ വിരിമാറിൽ ഓളം വെട്ടുന്ന കറുത്തിരുണ്ടു തഴച്ചുവളരുന്ന ആ നീണ്ടുചുരുണ്ട മീശകൾക്കിടയിൽക്കൂടി വെളുത്ത ദന്തനിര നല്ലവണ്ണം കാണത്തക്കവണ്ണം ചിരിച്ചുകൊണ്ടു് "അതാ, ഒരച്ചൻ, അദ്ദേഹം നിനക്ക വേണ്ടതു പറഞ്ഞുതരും" എന്നു് ഒരച്ചനെ ചൂണ്ടിപ്പറഞ്ഞു. രക്ഷകിട്ടി എന്നാശ്വസിച്ചു് കൈമുത്തി ഇറങ്ങാൻ ഭാവിച്ചപ്പോൾ അടുത്തു് അതുവരെ നിശ്ശബ്ദനായിരുന്ന കൊച്ചുതിരുമേനി എന്നെ തടഞ്ഞുനിർത്തി എന്റെ പേരു്, താമസം, പഠിക്കുന്ന ക്ലാസ് മുതലായ ചില വിവരങ്ങൾ ചുരുക്കത്തിൽ ചോദിച്ചുമനസ്സിലാക്കി. അദ്ദേഹം തിരുവല്ലാ ആശുപത്രിക്ക സമീപമാണു താമസിക്കുന്നതെന്നും, ചിലപ്പോൾ നടക്കാനിറങ്ങുമ്പോൾ അങ്ങോട്ടുകൂടി വന്നാൽ കണ്ടു സംസാരിക്കാമല്ലോ എന്നും പറഞ്ഞു. "അങ്ങനെയാകട്ടെ" എന്നു മറുപടിപറഞ്ഞു് ഞങ്ങൾ പിരിയുമ്പോൾ ഇനിയും ഒരിക്കലും ഇക്കൂട്ടരെ കാണാനിടവരികയില്ലെന്നു് എന്റെ ഉള്ളിൽ ദൃഢനിശ്ചയമുണ്ടായിരുന്നു. ഏതായാ-



ബലമായി എടുത്ത എന്റെ വസ്തു ബ. അൽഫോൻസാമ്മയുടെ സഹായത്താൽ തിരിച്ചുകിട്ടിയതിനു നന്ദി.

കെ. എം. മത്തായി, കോട്ടയിൽ വേങ്കുന്നു്, ചെമ്പേരി P. O. N. മലബാർ

ലും വല്ല്യതിരുമേനി ചൂണ്ടിക്കാണിച്ച ബ: അച്ചൻ—ഫാദർ ജോബ് ഒ. ഐ. സി.—അക്ഷമനായി എന്നെ കാത്തു വെളിയിൽ നില്ക്കുകയായിരുന്നു. ഞാൻ ഒരു ദീർഘനിശ്വാസത്തോടുകൂടി വെളിയിൽ ചാടിയതും അദ്ദേഹം എന്റെ കൈക്കു പിടിച്ചതും ഒന്നിച്ചുകഴിഞ്ഞു. സുസ്മേരവദനനായി ചില കുശലപ്രശ്നങ്ങൾക്കുശേഷം ഞങ്ങൾ അവിടത്തെ ചാപ്പലിന്റെ വടക്കുവശത്തു് ഒരു പ്ലാവിന്റെ ചുവട്ടിലെത്തി. അവർ കത്തോലിക്കാസഭയുമായി ഐക്യപ്പെട്ട കാര്യങ്ങളും അതിനു നല്ല കാരണങ്ങളും ചൂണ്ടിക്കാട്ടിപ്പറഞ്ഞു. കേരളത്തിലെ ക്രിസ്തുമതചരിത്രം സംക്ഷിപ്തമായി അദ്ദേഹം പറഞ്ഞു. എങ്കിലും അവയെല്ലാം കേവലം പുകപോലെ എന്റെ ഉള്ളിൽ കടന്നതല്ലാതെ ചരിത്രവുമായി ഒരു ഗന്ധവുമില്ലാത്ത എനിക്ക ഒരറിവും ഉണ്ടായില്ലെങ്കിലും അവ ശരിക്കൊന്നു പഠിച്ചാൽ കൊള്ളാമെന്നു ഒരു ചെറിയ ആഗ്രഹം എന്നിൽ ഉളവാക്കി. അപ്പോഴും പുനരൈക്യം എനിക്ക ചിന്താവിഷയമായിട്ടില്ല. അവിടന്നു ഇറങ്ങിയപ്പോഴേ ആ കഥകളും വിട്ടു.

ദിവസങ്ങൾ കുറെ കടന്നുപോയി. വീണ്ടുമൊരുദിവസം ഞങ്ങൾ ഇരുവരും ആശുപത്രിവഴി നടക്കാനിടയായി. അപ്പോൾ മാർ തിയോഫിലോസ് തിരുമേനി, തന്നെ കാണാൻ ചെല്ലണമെന്നു പറഞ്ഞിരുന്ന സംഗതി എന്റെ സ്നേഹിതൻ എന്നെ ഓർമ്മപ്പെടുത്തി. ആരോ പറഞ്ഞുതന്ന ഒരിടവഴിയേ ഞങ്ങൾ തിരുമേനിയുടെ വാസസ്ഥലത്തു ചെന്നു. അദ്ദേഹം അവിടെയുണ്ടു്. കണ്ടയുടൻ അദ്ദേഹം ഞങ്ങളെ അറിയുകയുംചെയ്തു. ഏതാനും വിശേഷങ്ങൾ പറഞ്ഞശേഷം അടുത്തു നിന്നിരുന്ന അദ്ദേഹത്തിന്റെ സെക്രട്ടറി ഫാദർ ഗീവറുഗീസ് ഒ. ഐ. സി.ക്ക ഞങ്ങളെ പരിചയപ്പെടുത്തി. സഹജമായ പുഞ്ചിരിയോടുകൂടി അദ്ദേഹം ഞങ്ങളെ സ്വീകരിച്ചു് അദ്ദേഹത്തിന്റെ മുറിയിലേക്ക കൂട്ടിക്കൊണ്ടുപോയി. എന്തൊക്കെയോ വളരെ കാര്യങ്ങൾ ഞങ്ങളോടു ചോദിച്ചു. വളരെ കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. എനിക്ക ഒരു പിടിയും കിട്ടിയില്ല. ഞാൻ അതിലൊന്നും അത്ര ശ്രദ്ധിച്ചുമില്ലായിരുന്നു. എനിക്ക ഒരു മലങ്കരസഭാചരിത്രം കിട്ടിയാൽ കൊള്ളാമെന്നുണ്ടു്. പക്ഷേ അപരിചിതരായ അവരോടു ചോദിക്കുവാൻ മടിയായിരുന്നു. ഞങ്ങൾ യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ ഒരു ചെറുമാസിക വായിച്ചിട്ടു തിരിച്ചുകൊടുക്കാനായി എനിക്ക തന്നു. എനിക്ക ചരിത്രം വേണമല്ലോ. അതിനായി പിറേറദിവസം തന്നെ ആ പുസ്തകം തിരികെ കൊണ്ടുചെന്നു. അന്നു അല്പം ധൈര്യം നടിച്ചു് ഒരു ചരിത്രം കിട്ടിയാൽ കൊള്ളാമെന്നു അറിയിച്ചു. പുസ്തകം ചോദിച്ചതു് അച്ചനു വലിയ സന്തോഷമായി. അദ്ദേഹത്തിന്റെ വിചാരം ഞാൻ ഉടനെ ചേർന്നുകളയുമെന്നായിരിക്കണം. പക്ഷെ എനിക്കതു സ്വപ്നേപി ചിന്തയില്ല. സഭാചരിത്രം പഠിച്ചു കൈയിലിരുന്നാൽ പലപ്പോഴും പല സദസ്സിലും വലിയ വിജ്ഞാനിയെപ്പോലെ സംസാരിക്കാമല്ലോ എന്നു മാത്രമായിരുന്നു എന്റെ മോഹം. ഇതുണ്ടോ അച്ചൻ അറിയുന്നു. മി. കെ. ഇ. ജോബ് എം. എ; എൽ. ടി. എഴുതിയ കേരളത്തിലെ ക്രിസ്തുമതം എന്ന പുസ്തകം എനിക്ക തന്നു. എന്റെ പുനരൈക്യത്തിനു വഴിതെളിച്ച ആദ്യത്തെ പുസ്തകം അതായിരുന്നു. ഞാൻ ആർത്തിയോടെ പല പ്രാവശ്യം അതു വായിച്ചുതീർത്തു. പക്ഷെ കാര്യം ഗ്രഹിക്കാൻ വളരെ പണിപ്പെട്ടു. അത്ര ശരിയായി കാര്യങ്ങൾ ഗ്രഹിച്ചുമില്ല. അതു തിരികെ കൊടുത്തു. "സുമാർഗ്ഗപ്രകാശിക" എന്ന വലിയ ഗ്രന്ഥമാണു അടുത്തതായി തന്നതു്. അതു് എനിക്ക വളരെ വിജ്ഞാനം പ്രദാനം ചെയ്തു അനേകവിഷയങ്ങൾ ഞാൻ പഠിച്ചു. കത്തോലിക്കാസഭയോടു എനിക്ക സ്നേഹവും മതിപ്പുമുണ്ടായി. അതു തിരിച്ചുകൊടുക്കുമ്പോൾ എന്റെ അകത്തോലിക്കാഅഹങ്കാരമനസ്സിനു വളരെ കോട്ടം തട്ടിയിരുന്നു. യാക്കോബായസഭയിലെ വഴക്ക്, ശീശ്മ, അധഃപതനം ഇവയെന്നെ ചിന്താകുലനാക്കി. എങ്കിലും എന്റെ മാന്യ യാക്കോബായസഹോദരങ്ങളിൽ പലരും ഇന്നു് പരമാർത്ഥമായി വിശ്വസിക്കുന്നതുപോലെ യാക്കോബായസഭ സത്യസഭയല്ലാതാകുവാൻ പാടില്ല എന്നായിരുന്നു അപ്പോഴും എന്റെ അഭിപ്രായം. "അവൻ യാക്കോബിൻഗൃഹത്തിൽ എന്നേക്കും രാജാവായി വാഴും." "ചെറിയ ആട്ടിൻകൂട്ടമേ, നിങ്ങൾ ഭയപ്പെടേണ്ട, എന്തുകൊണ്ടെന്നാൽ രാജ്യം നിങ്ങൾക്കുള്ളതാകുന്നു" എന്നീ വാക്യങ്ങളെല്ലാം "എന്റെ യാക്കോബായസഭ"യെക്കുറിച്ചുമാത്രമുള്ളതാണെന്നായിരുന്നു




**THE CATHOLIC SYRIAN BANK LIMITED**

**H. O. TRICHUR** **ESTD: 1920**

| | |
|---|---|
| Authorised Capiatal | Rs. 20,00000 |
| Subscribed " | Rs. 975700 |
| Paid up " | Rs. 485540 |
| Reserve fund " | Rs. 515000 |
| Deposits as on 31-12-1955 | Rs. 17245966 |

*BRANCHES:*

Chalakudi, Chittur, Cochin, Ernakulam, Erode, Irinjalakuda, Kandassaukadavu, Karur, Kodumudi, Kunnamkulam, Palathode, Thoppumpadi, Trichur, Thrippunithura, Trivandrum, Valanjambalam.

*Managing Directors:*

Mrry. Chalisserry Anthony Pyloth Avl.
" Pallan Anthony Devassy " B. A.
" Chalissery Lonappan Joseph

Trichur,
6—4—1956

Varghese Kavalakat,
General Manager.

# ചെറുകഥ

## ജീവിതം കഥ പറയുന്നു

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

അകെകാല്ലത്തെ ക്രിസ്മസ്സിനു മക്കളെല്ലാം വീട്ടിൽ ഒത്തുകൂടിയപ്പോൾ മാത്തുക്കുട്ടിയാണു് ആ ആശയം അവതരിപ്പിച്ചതു്.

ജോണച്ചൻ ഈശോസഭാ വൈദികനാണ്. ശുശ്രൂഷ കഴിഞ്ഞു. ഇവർ വീട്ടിൽ ഒത്തുകൂടിയതാണു്. ജോണച്ചൻ ഈശോസഭാ പുത്തൻകുർബാന ചൊല്ലും. മോളിക്കുട്ടി, സിസ്റ്റർ തെരേസീററയായി നിത്യവ്രതം കഴിഞ്ഞിട്ടു് രണ്ടുമൂന്നു കൊല്ലമായി. മാത്തുക്കുട്ടിക്കു് സെക്രട്ടറിയേററിൽ സുപ്രണ്ടുദ്യോഗം സ്ഥിരപ്പെടുകയും ചെയ്തു. പൈലോച്ചനും ബി. ററി. കഴിഞ്ഞുവന്നു, ഇടവകഹൈസ്കൂളിൽ ജോലിയും കിട്ടി. ആകെക്കൂടെ അനുകൂലമായ ഒരു കാലാവസ്ഥയാണു്. ആരും ആരെച്ചൊല്ലിയും ആകുലപ്പെടേണ്ടതായിട്ടില്ല. ആശിച്ചതുപോലെ മക്കളെല്ലാം നല്ലനിലയിൽ എത്തിയതു കണ്ടും കേട്ടും ആ മാതാപിതാക്കന്മാർ ഇനി ആനന്ദിച്ചുകൊള്ളുകയേ വേണ്ടു. മക്കളെ ഈ സ്ഥിതിയിലൊക്കെ കാണാനിടയാക്കിയ നല്ല ദൈവത്തിനു് മുഴുമനസ്സോടെ നന്ദിപറയുക, ഒരു നല്ല മരണത്തിനു് സജ്ജരാകുക, ഇതല്ലാതെ അവരെ സംബന്ധിച്ചിടത്തോളം ഇനി ചുമതലകൾ ബാക്കിയില്ല. മക്കളെ ഈ നിറത്തിലൊക്കെത്തന്നെ കണ്ടുകൊണ്ടു്, കണ്ണടയണമെന്നേ അവർക്കു് ആശയുള്ളു.

ആ നല്ല മാതാപിതാക്കന്മാരുടെ സംതൃപ്തിക്കുവേണ്ടി എന്തുചെയ്യാനും ആ മക്കൾക്കും മടിയില്ല. ജീവിതപ്പെരുവഴിയിലൂടെ അദ്ധ്വാനത്തിൻെറ വൻചുമടും പേറി ഇത്രത്തോളമെത്തിയ ആ കർമ്മയോഗികൾക്കു് സ്നേഹാദരങ്ങളുടെ ശീതളച്ഛായയിൽ ഹിതകരമായ വിശ്രമസൗഖ്യമരുളേണ്ടതു് തങ്ങളുടെ ഒന്നാമത്തെയും ഒടുവിലത്തെയുമായ കടമയാണെന്നു് ആ മക്കൾ വിശ്വസിച്ചിരുന്നു. അതിൻെറ ബഹിസ്ഫുരണമായിരുന്നു മാത്തുക്കുട്ടിയുടെ ആ നിർദ്ദേശവും.

അപ്പൻെറയും അമ്മയുടെയും വിവാഹകനകജൂബിലിയാഘോഷിക്കണമെന്നു്!

ഇതു കേട്ടപ്പോഴേ കുഞ്ഞന്നാമ്മ പറഞ്ഞു.

"പിന്നേ, നല്ല പുകിലു്!! ഈ വയസ്സുചെന്നു് പല്ലും പൊഴിഞ്ഞപ്പഴിനി കെട്ടും കല്യാണവും ഘോഷിക്കാത്ത കുററമേ. അപ്പൻെറ കല്യാണം കഴിഞ്ഞിട്ടു് അമ്പതുകൊല്ലമായെന്നു നിങ്ങളു കൊട്ടിഘോഷിക്കണോ? അതു് എല്ലാർക്കും അറിയാമേലേ! അല്ലെങ്കി പള്ളിക്കണക്കിൽ കാണുകില്ലേ."

"ഞങ്ങക്കിതുവായി, ഇത്രേമായി. ഇനി നിങ്ങളൊക്കെത്തന്നെ ആഘോഷിച്ചോളിൻ. അതാ ഞങ്ങക്ക സന്തോഷം" കഷണ്ടിത്തലയിൽ കൈയോടിച്ചുകൊണ്ടു് ഇത്താക്കച്ചേട്ടനും ഭാര്യയുടെ അഭിപ്രായത്തെ പിന്താങ്ങി.

"ഞങ്ങൾക്കു് ആഘോഷിക്കാൻ സാധിക്കുമോ എന്നാക്കറിയാം. ഇത്രയും നാളൊക്കെ ജീവിച്ചിരിക്കാൻ ഞങ്ങൾക്കു് ഭാഗ്യം കിട്ടുമെന്നുള്ളതിനുതന്നെ എന്താണുറപ്പു്?" മാത്തുക്കുട്ടി ചോദിച്ചു.

"എടാ, ഞങ്ങളിത്രേംനാളുകൊ ജീവിച്ചിരിക്കണ കൊണ്ടാണോ നിങ്ങളിതിനൊക്കെത്തൊടങ്ങുന്നതു്." പല്ലില്ലാത്ത മോണകാട്ടി ചിരിച്ചുകൊണ്ടു് കുഞ്ഞന്നാമ്മ പറഞ്ഞു.

"ഈ അമ്മച്ചിയെന്താണിപ്പറയുന്നതു്! എന്തുകാര്യം പറഞ്ഞാലും അമ്മച്ചിക്കൊരു നേരമ്പോക്കു്." ഒരു സ്നേഹം കലന്ന പരിഭവസ്വരത്തിൽ പൈലോച്ചൻ പറഞ്ഞു.

കുഞ്ഞന്നാമ്മ അതൊന്നും ശ്രദ്ധിക്കാത്ത മട്ടിൽ വെററിലയും പാക്കും ചതയ്ക്കാൻ വട്ടംകൂട്ടുകയായിരുന്നു.

"അമ്മേ. ഞാൻ ചതച്ചുതരാം വെററില." ഇടിക്കല്ലു് കൈയിലെടുത്തുകൊണ്ടു് ജോണച്ചൻ പറഞ്ഞു.

"വേണ്ട. പട്ടക്കാരനെക്കൊണ്ടൊക്കെ വെററയിടിപ്പിച്ചും കൊള്ളാമോ—അപ്പുറ വേണേലിടിച്ചുകൊട്." ഇത്താക്കച്ചേട്ടൻ വെററിലച്ചെല്ലത്തിനു് കൈ നീട്ടുന്നതുകണ്ടു് കുഞ്ഞന്നാമ്മ പറഞ്ഞു.

"നിങ്ങക്കെല്ലാർക്കും അങ്ങനെയൊരാശയൊണ്ടെങ്കിൽ അതും നടക്കട്ടെ. പിള്ളേരുടെ മനസ്സല്ലേ നമ്മടേം മനസ്സ്." ജോണച്ചൻ ചതച്ചുകൊടുത്ത വെററില വായിലിട്ടുകൊണ്ടു് കുഞ്ഞന്നാമ്മയോടായിട്ടെന്നവണ്ണം ഇത്താക്കച്ചേട്ടൻ പറഞ്ഞു.

"പിന്നെ—വല്യ ഘോഷോം കൂട്ടോം ഒന്നും വേണ്ട, കേട്ടോ. പേരിനൊക്കെ മതി." മക്കൾക്കൊരു നിർദ്ദേശവും.

"വെറുതെ കള്ളുകാരെല്ലാം കളയാണ്ടുക്കാം. മനുഷ്യരൊക്കൊണ്ട തലയെടുപ്പിക്കാനും." കുഞ്ഞന്നാമ്മ പിന്നെയും എതിർച്ചേരിയിലാണു്.

"അമ്മേ, എല്ലാവർക്കുമൊന്നും ഈ ഭാഗ്യം കിട്ടിയെന്നുവരികയില്ല. ദൈവം നമുക്കു തന്നിരിക്കുന്ന ഈ മഹാഭാഗ്യത്തിനു നന്ദിപറയാനെങ്കിലും ഒരവസരം ഉണ്ടാക്കണമെന്നേ ഞങ്ങൾക്കുദ്ദേശമുള്ളു." പൈലോച്ചൻ പറഞ്ഞു.

"അതിനെന്താ അപ്പൻ സമ്മതിച്ചില്ലേ, അപ്പൻെറതന്നെയെങ്കിലും നടത്തരുതോ."

"അതെയതെ. അപ്പനും ഞങ്ങളുംകൂടി നടത്തുന്നതിൽ അമ്മയ്ക്കു് എന്തെങ്കിലും പങ്കുണ്ടെങ്കിൽ ചേന്നാമതി."

"എന്നാലങ്ങനെതന്നെയാട്ടെടാ സാറേ, നിങ്ങടെയൊക്കെ ഇഷ്ടംപോലെ നടത്തിന്." ചട്ടക്കൈയിന്മേൽ പററിയിരുന്ന എന്തോ അഴുക്കു് കൊട്ടിക്കുടഞ്ഞുകളഞ്ഞിട്ടു് കുഞ്ഞന്നാമ്മ തുടന്നു.

"നിങ്ങളിങ്ങനെ ഘോഷോം കൂട്ടോം തൊടങ്ങാൻ എന്നെ കെട്ടിക്കൊണ്ടുവന്നാട്ടു്, ഒണ്ടോ അമ്പതുകൊല്ലം തെകഞ്ഞൊള്ളു. എന്നെ കെട്ടിക്കൊണ്ടുവന്നേൻെറ ഏഴാംകൊല്ലം ഒള്ളതാ മാത്തുക്കുട്ടി."

"ആവട്ടെ, ഇച്ചാച്ചനെത്രവയസ്സായെന്നമ്മയ്ക്കു പറയാമോ?" ജോണച്ചൻ ചോദിച്ചു.

"അവനൊരു മേടം പന്ത്രണ്ടാം തീയതി ഒള്ളതാ. ഒരു പേഴാഴിച്ചു അക്കാല്ലം നോയിമ്പുവീടലു് ഉമ്മിണി ഒടുക്കായിരുന്നു. നോയിമ്പുവീടലുകഴിഞ്ഞുവന്ന വേഴാഴിച്ച അപ്പൻ കൊപ്രാവില്ക്കാൻ പോയിരിക്കുവാരുന്നു. അപ്പൻ വരുമ്പോ കറിവെച്ചുവെച്ചേക്കാൻ, വിച്ചുകാരൻ തോമ്മാ അതിലേ വന്നപ്പോ ഞാൻ രണ്ടു ചക്രത്തിനു കരിമീപ്പുള്ളത്തി മേടിച്ചു. അന്നു് ഇപ്പഴത്തേപ്പോലെ അണയോ കിണയോ ഒണ്ടോ, ചക്രോം കാശുമല്ലാതെ. അന്നതിൻെറ വക്കത്തും ഒണ്ടായിരുന്നു. രണ്ടു ചക്രത്തിനു കരിമീപ്പുള്ളത്തി മേടിച്ചിട്ടു ഒരു കൂട്ടാൻചട്ടി നെറച്ചുകിട്ടി. ഇന്നതെ എട്ടണകൊടുത്താ കിട്ടുകേല അത്രേം. ഞാൻ പള്ളത്തി വെട്ടിത്തേച്ചു കഴുകിക്കൊണ്ടിരുന്നപ്പത്തൊടങ്ങി ഇന്നിക്ക വെണ്ണം. പേററിനൊള്ള വെണ്ണാണെന്നൊന്നും ഇന്നിക്ക തോന്നില്ല. എന്നാലും ഇരുന്നു് ഇരിക്കക്കൊള്ളണില്ല. ഒടുക്കം വാലേലെ ചങ്കരൻ തെക്കേച്ചേറേന്നിനു തേങ്ങാപൊതിക്കണൊണ്ടായിരുന്നു. ഇപ്പ നീക്കുന്ന ഇട്ട്യാതിയുടെ ചേട്ടൻ. അവൻ മരിച്ചുപോയി. അവനെ പറഞ്ഞുവിട്ടു്, വയിററാട്ടി ഉണ്ണൂലിച്ചോകോത്തിയെ വിളിപ്പിച്ചു. ചോകോത്തി വന്നുകേറി, പേറും കഴിഞ്ഞു. പേറിനു് ഒരു അരിഷ്ടമൊണ്ടായില്ല. അപ്പൻ വന്നപ്പഴൊണ്ടു്, കൊച്ചും തള്ളേം കുളിച്ചു സുഖായിട്ടുകെടക്കുന്നു."

വർഷങ്ങൾക്കപ്പുറത്തു നടന്ന കാര്യങ്ങൾ ഇന്നലത്തേപ്പോലെ ആ വൃദ്ധ വിവരിക്കയാണു്. എല്ലാവരും കുറേനേരത്തേയ്ക്കു് കാലഹരണപ്പെട്ട ആ ഓർമ്മകളുടെ കയത്തിലായിപ്പോയി.

"ഇത്രയുമൊക്കെ അമ്മ ഓർമ്മിച്ചിരിപ്പുണ്ടല്ലോ. എന്നാൽ എനിക്കെത്രവയസ്സായെന്നു പറയാമോ?" മാത്തുക്കുട്ടി ചോദിച്ചു.

"ഓർമ്മയുടെ ഓളങ്ങളിൽനിന്നു എണിററിട്ടെന്നപോലെ കുഞ്ഞന്നാമ്മ പറഞ്ഞു.

"നെനക്കിപ്പഴൊരു പത്തുനാപ്പതുവയസ്സുകാണുകില്ലേ?"

"വയസ്സു് നാല്പത്തിമൂന്നായി എനിക്കു്"

"ഓ ഇന്നാളത്തെ പുള്ള"

"ഞാനിപ്പഴും കൊച്ചാണെന്നായിരിക്കും അമ്മയുടെ വിചാരം."

"ഓ, കാലം പോയപോക്കു്! എല്ലാം ഇന്നാളത്തേപ്പോലെ തോന്നുന്നു."

കനകജൂബിലിയുടെ വിശദാംശങ്ങൾ ചർച്ചചെയ്യാൻ മക്കൾ പൂമുഖത്തു സമ്മേളിച്ചപ്പോൾ, ഇത്താക്കച്ചേട്ടനും കുഞ്ഞന്നാമ്മയും, തങ്ങളൊന്നിച്ചു കടന്നുപോന്ന അൻപതു വർഷങ്ങൾക്കപ്പുറത്തേയ്ക്കു കൗതുകപൂർവ്വം പിന്തിരിഞ്ഞു നോക്കുകയായിരുന്നു.

കുഞ്ഞന്നാമ്മയ്ക്കന്നു് പതിനഞ്ചു വയസ്സു കഷ്ടിയായിരുന്നു. ഇത്താക്കച്ചേട്ടൻ പത്തൊൻപതിൽ നടക്കുകയും.

ഇത്താക്കച്ചേട്ടനു് കച്ചവടമായിരുന്നു തൊഴിൽ. കച്ചവടമെന്നു പറഞ്ഞാൽ കച്ചിരിപിച്ചിരിയൊക്കെയൊരു കച്ചവടം. അതിൽനിന്നുള്ള ആദായമൊന്നും വീട്ടുചെലവിനെടുക്കേണ്ട. അക്കാര്യം ചകരിപിരിച്ചുകൊണ്ടുതന്നെ അമ്മ നടത്തിക്കൂട്ടിക്കൊള്ളും. ഒരമ്മയും മകനും കഴിഞ്ഞുകൂടിയാൽ മതിയല്ലോ.

അങ്ങനെയിരിക്കയിലാണു് ആ വിവാഹാലോചന വന്നതു്. ആലോചന കൊണ്ടുവന്നതു് മററാരുമല്ല. ഇത്താക്കച്ചേട്ടൻെറ പേരമ്മയുടെ മക്കളാണു്.

പെൺകുട്ടിയുടെ സ്വഭാവവും നടത്തയും അവർക്കു നേരിട്ടറിയാം. അതിനെക്കുറിച്ചു് എന്തു "ഗാരണ്ടി"ക്കും അവർ തയാറാണു്. പക്ഷേ സ്ത്രീധനം—കിട്ടിയെങ്കിൽ പറയാം, കിട്ടിയെന്നു്. ചിററപ്പൻെറകൂടെയാണു് പെണ്ണു താമസിക്കുന്നതു്. സ്വന്തക്കാരായി വേറെയാരുമില്ല. കാർന്നോരുടെ ഒരു മകൾ മാത്രം. അവളെ കെട്ടിയവൻെറ "തെണ്ടാവതിയാരം"കൊണ്ടു്, കല്യാണം കഴിഞ്ഞു ആറുമാസം തികയുംമുമ്പു്, കാർന്നോരുടെ വകയുണ്ടായിരുന്നതും പിടിയാവിലയ്ക്കു വിററുചുട്ടു്, അവരങ്ങു മലബാറിൽ മിന്നാങ്ങോടി കേറിയെന്നാണു കേൾവി. പിന്നെപ്പോയിട്ടു് വന്നിട്ടും നിന്നിട്ടും ഇവരൊരു ചിററപ്പൻ മാത്രമുണ്ടു്. അതിയാൻെറ കൈ ചോന്നു വല്ലതും കിട്ടിയാൽകിട്ടി. അല്ലെങ്കിൽ അത്രതന്നെ. അതാണു സ്ഥിതി.

ഉള്ളതുപറഞ്ഞാൽ കുഞ്ഞന്നാമ്മ ആ വസ്തുവിൽ ഒന്നു പാതിക്കവകാശിയാണു്. എത്ര കുറഞ്ഞാലും പത്തുപതിനാലു സെൻറുവരും. അഞ്ചാറു തെങ്ങുമുണ്ടു്. പക്ഷെ ചിററപ്പൻ കൊടുത്തിട്ടുവേണ്ടേ? അല്ലെങ്കിൽ പിന്നെ അതിയാനോടു് മല്ലടിച്ചുവാങ്ങാൻ ആളുവേണം.

ചിററപ്പൻ നേരത്തെ അതിനു ബുദ്ധി കണ്ടു വച്ചിരിക്കയാണു്. ചിററപ്പൻെറ ഇളയഅളിയനെക്കൊണ്ടു് കുഞ്ഞന്നാമ്മയെ കെട്ടിക്കുക. ചിററപ്പൻെറ കെട്ടിയവളാണു് ആ ബുദ്ധി വച്ചുകൊടുത്തതു്. പുറത്തുന്നൊരു ചെറുക്കൻ വന്നാൽ അവരുടെ പൂച്ചിൽ നിന്നില്ലെങ്കിലോ? ഇതാണെങ്കിൽ ആ പേടിക്കവകാശമില്ല. കെട്ടിൻെറ പുറത്തൊരു പൂട്ടു് എന്നു പറഞ്ഞപോലാകും.

ഇളയമ്മയുടെ മനസ്സിൽ ഇങ്ങനെയൊരാലോചനകിടന്നു തിളച്ചുമറിയുന്നുണ്ടെന്നു് കുഞ്ഞന്നാമ്മ സ്കൂറിയാമായിരുന്നു. പക്ഷെ അവൾക്കു് ആ ചെറുക്കനെ കിറിയകണ്ണിനു കണ്ടുകൂടാ. അവൻെറയൊരു നോട്ടവും പല്ലിളിയുംമാത്രം കണ്ടാൽ മതിയല്ലോ!

എന്നാലും അവർ ആരോടു പറയാനാണു്! ആ കുരിശു് അവളിൽനിന്നു് അകന്നകന്നുപോകണേ എന്നവൾ നിശ്ശബ്ദമായി, തീക്ഷ്ണതരമായി പ്രാർത്ഥിക്കമാത്രംചെയ്തു.

അങ്ങനെയിരിക്കയിലാണു് ഇത്താക്കച്ചേട്ടനുമായിട്ടുള്ള ആലോചന പൊന്തിവന്നതു്. ഇത്താക്കച്ചേട്ടനെ കുഞ്ഞന്നാമ്മ കണ്ടിട്ടുണ്ടു്. കാഴ്ചയ്ക്കു ഒരു "ചേട്ടികേടും" ഇല്ല. പരിശ്രമശാലിയും മിതവ്യയക്കാരനുമായ ഒരു യുവാവു്. സാധാരണ ചെറുപ്പക്കാർക്കുണ്ടാകാവുന്ന യാതൊരു ദുശ്ശീലവുമുള്ളതായി അറിവില്ല.

ഇത്താക്കച്ചേട്ടൻെറ അമ്മയേയും കുഞ്ഞന്നാമ്മ അറിയും. മകനു ചേരുന്ന അമ്മ. നല്ല മനുഷ്യപ്പററും ചെമ്മാന്തവുമുള്ള ഒരു തള്ള. ആ നല്ലൊരു കൊച്ചുകുടുംബത്തിൽ ചെന്നുകേറാൻ സാധിച്ചെങ്കിൽ!—കുഞ്ഞന്നാമ്മ മനസ്സററു പ്രാർത്ഥിച്ചു. തിരുക്കുടുംബത്തെത്തന്നെ മാദ്ധ്യസ്ഥംപിടിച്ചു.

കുഞ്ഞന്നാമ്മയുടെ പ്രാർത്ഥനകൊണ്ടു് ദൈവകരങ്ങളും നിശ്ശബ്ദമായി പ്രവർത്തിക്കുന്നുണ്ടായിരുന്നു. ഇത്താക്കച്ചേട്ടൻെറ അമ്മ മാമ്മിത്തള്ളയ്ക്കു കുഞ്ഞന്നാമ്മയെ നന്നേ പിടിച്ചു. മകനൊരു പെണ്ണുകെട്ടുന്നുണ്ടെങ്കിൽ അതു കുഞ്ഞന്നാമ്മയായിരിക്കണം എന്നുവരെയായി അവർ. അമ്മയുടെ അഭിപ്രായംതന്നെ മകനും.

പേരമ്മയുടെ മക്കൾ കൊണ്ടുപിടിച്ചു് ആലോചനയായി. പക്ഷെ ചിററപ്പനും ഇളയമ്മയും അമ്പിനും വില്ലിനും അടുപ്പിക്കാനുള്ള ഭാവമില്ല. പെണ്ണിനെ ചുമ്മാ ആററിൽ കെട്ടിത്താഴ്ത്തിക്കളഞ്ഞാലും ഇത്താക്കിനെക്കൊണ്ടു കെട്ടിക്കയില്ലെന്നാണു് ചിററപ്പൻ. അവളെ രാജ്യംമാനം കരകടത്തിക്കളയുമെന്നാണു് ഇളയമ്മ.

ചിററപ്പനോടു് ആലോചിക്കേണ്ട മാതിരിക്കു ആലോചിച്ചില്ല. ഇത്താക്കിൻെറ പേരമ്മയുടെ മൂത്തമകൻ അയാളോടു വാക്കേററംപറഞ്ഞു. ഇത്താക്കിൻെറ കുടുംബം സന്തതിയററ തറവാടാണു്. അവർ ജാതിയിൽ "ഇത്തിരി എളപ്പ"മാണു്. ഇത്തരം "എരപ്പാളി"മാരോടു ബന്ധുതചേരാൻ അത്ര പോക്കററവരും മററുമല്ല അവർ. ഇതൊക്കെയാണു് അവർ കൊണ്ടുവരുന്ന ന്യായങ്ങൾ.

ഇത്രത്തോളമൊക്കെയായപ്പോൾ, എങ്ങനേയും ആ കല്യാണം നടത്തിയേ അടങ്ങു എന്നായി മാമ്മിത്തള്ളയും പേരമ്മയുടെ മക്കളും. അവർ നാട്ടിൽ കൊള്ളാവുന്നവരോടെല്ലാം ആലോചിച്ചു.

(ശേഷം 7-ാംപേജിൽ)

ഞാൻ പ്രത്യാശിച്ചിരുന്നതു്. ഈ വാക്യങ്ങൾ എൻെറ ഹൃദയത്തിനു സമാധാനവും തണുപ്പും നൽകുന്നതിനു ഞാൻ പഠിച്ചുവച്ചിരുന്നവയാണു്. (തുടരും)




സ്വർണ്ണ പണയത്തിന്മേൽ കുറഞ്ഞ പലിശയ്ക്കു് പാലാ സെൻട്രൽ ബാങ്കിൽ നിന്നും എളുപ്പത്തിൽ നിങ്ങൾക്ക് കടം വാങ്ങുവാൻ സാധിക്കും. ഇടപാടുകൾ രഹസ്യമായിരിക്കുന്നതും, ഉരുപ്പടികൾ ഭദ്രമായി സൂക്ഷിക്കുന്നതുമാണു്. പത്തു രൂപാ മുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും കടം എടുക്കാം. അടുത്തുള്ള ഞങ്ങളുടെ ബ്രാഞ്ചു മാനേജരോട്ട് വിശദവിവരങ്ങൾ ചോദിച്ചറിയുക.

കുറഞ്ഞ പലിശ നിരക്ക്

| വായ്പസംഖ്യ | പലിശ |
|---|---|
| 100 രൂപായിൽ താഴെ ... | ആണ്ടിൽ 9 ശതമാനം |
| 100 രൂപാ മുതൽ 500 രൂപാ വരെ | „ 7½ „ |
| 500 രൂപാ മുതൽ മേല്പോട്ട് | „ 6 „ |

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം
ഹെഡാഫീസ്: പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
ESTD. 1927
PC. 2990






അദ്ധ്യായം 15 [തുടർച്ച]

## കാന്ദിശീകനും ഗൂഢചാരിയും

[വി. സി. ജോർജ് ബി. എ. എൽ. റ്റി.]

തലേരാത്രി ബറാബാസും എസ്രായും പട്ടണത്തിൽ പ്രവേശിച്ച വഴിയിൽക്കൂടി തന്നെയാണു് മെനസ്സെ അവരെ പുറത്തേക്കു നയിച്ചതു്. പിന്നീടു് അവർ പശ്ചിമാഭിമുഖമായി കല്ലും ചരലും നിറഞ്ഞ ഉടുവഴികളിൽക്കൂടി മുന്തിരിത്തോട്ടങ്ങൾ മുറിച്ചു സഞ്ചരിച്ചു് പട്ടണം അദൃശ്യമാക്കിയ അകലത്തിലെത്തി. മെനസ്സെയുടെ വകയെന്നു തോന്നിയ ഒരു മുന്തിരിത്തോട്ടത്തിൽ ചെന്നപ്പോൾ അതിലെ കെട്ടിടത്തിൽ ഭക്ഷണസാധനങ്ങൾ കൊള്ളെ നിറച്ച മൂന്നു ചാക്കുകൾ തയ്യാർചെയ്തുവച്ചിരുന്നു. മൂന്നുപേരും ഓരോ ചാക്കു് മുതുകിലേററി. അനന്തരം അവർ ഹെബ്രോൻപർവ്വതനിരയും ജെറീസിംമലയും മദ്ധ്യേയുള്ള വിസ്തൃതമായ താഴ്വരയിലേക്കിറങ്ങി. കുറുക്കുവഴിയിൽക്കൂടി കടന്നു് അവർ യാത്രയിൽ വളരെ പുരോഗമിച്ചിട്ടുണ്ടായിരുന്നു. അവർ ഒട്ടുംതന്നെ സംസാരിച്ചില്ലെന്നു പറയാം. വഴിയുടെ ക്ലേശവും ചാക്കുകളുടെ ഭാരവും അവർക്കു് തെല്ലും സാവകാശം നൽകിയില്ല. ചന്ദ്രബിംബം പ്രകാശിച്ചതോടുകൂടി സമാറിയാനഗരം വളരെ പിമ്പിലാക്കിക്കഴിഞ്ഞിരുന്നു. ഇനി അവരെ ആരെങ്കിലും കണ്ടുപിടിച്ചാപത്തുണ്ടാക്കുവാൻ ഇടയില്ലാതിരുന്നതിനാൽ നമ്മുടെ സഞ്ചാരികൾ സ്വല്പം വിശ്രമത്തിനൊരുങ്ങി.

"ഗുഹകളിൽ എത്രകാലം ജീവിക്കവാനാണുദ്ദേശം?" ശ്വാസം നേരെയായപ്പോൾ മെനസ്സെ ചോദിച്ചു

"എനിക്കറിഞ്ഞുകൂടാ; യാതൊരു നിശ്ചയവുമില്ല; ആവശ്യത്തിലധികംകാലം ഏതായാലുമില്ല; തീർച്ചതന്നെ" ബറാബാസു് മറുപടിപറഞ്ഞു.

"നിങ്ങളെ പിടിക്കാതെ റോമന്മാർ അടങ്ങുകയില്ല" ചിന്തയിലാണ്ടുകൊണ്ടു് മെനസ്സെ അഭിപ്രായപ്പെട്ടു.

ബറാബാസ് പെട്ടെന്നു ചലിതനായി. "റോമന്മാർ എന്തെങ്കിലും ഉദ്ദേശിച്ചുകൊള്ളട്ടെ. ഞാനുമായി പിരിക്കുന്ന ഒരു കാലം അവർക്കുണ്ടാകുകതന്നെ ചെയ്യും" അയാൾ പറഞ്ഞു.

"നിങ്ങളുടെ സ്വന്തമാളുകൾ നിങ്ങളെ ഒററിക്കൊടുക്കുന്നില്ലെങ്കിൽ സമറായരോടുകൂടി നിങ്ങൾ സുരക്ഷിതനാണു്. എന്നാൽ യറുശലേമിലുള്ള പുരോഹിതന്മാർ റോമന്മാർക്കു നിങ്ങളെ ഏല്പിച്ചുകൊടുക്കവാൻ ഉത്സാഹിക്കുന്നുവെന്നാണു് എൻെറ അറിവു്" മെനസ്സെ വിരസഭാവത്തിൽ സംസാരിച്ചു.

"ഞാൻ അതു വിശ്വസിക്കുന്നില്ല. അവർ എന്തു ചെയ്യാനും മടിയില്ലാത്തവരാണെങ്കിലും എന്നെ കൈവെടിയുക അവരുടെ സ്വാർത്ഥതല്പരതയ്ക്കു പററിയതല്ല. വേണമെങ്കിൽ ഞാൻ ചിലതു നിങ്ങളോടു പറയാം?

"കേട്ട കാര്യം നിങ്ങൾക്കൊരു മുൻകരുതലിനായി ഞാൻ പറഞ്ഞുവെന്നേയുള്ളു."

"മെനസ്സെ, ഞാൻ നിങ്ങളോടു നന്ദിയുള്ളവനായിരിക്കുന്നു. ഒരു കാര്യം എനിക്കു നിങ്ങളോടു ചോദിക്കവാനുണ്ടു്. എൻെറ ചോദ്യത്തിനു പരമാർത്ഥമായ മറുപടി നിങ്ങൾ തുറന്നുപറയുമോ?"

"ഇരട്ടനാക്കൻചാക്ക" എനിക്കു പതിവില്ല."

"എന്നാൽ കേട്ടോളൂ. റോമന്മാരുടെ ഉഗ്രമായ മർദ്ദനം നിങ്ങൾ സഹിക്കുന്നതെന്തിനെന്നു എനിക്കറിയാം. നിങ്ങൾ പറഞ്ഞതുപോലെ അതിനൊരു കാരണക്കാരൻ ഞാൻതന്നെയാണു്. ഈ റോമൻമർദ്ദനവും തന്മൂലമുണ്ടാകുന്ന ദുരിതാനുഭവങ്ങളുമെല്ലാം റോമന്മാർക്കെതിരായി വിപ്ലവം ഇളക്കുവാൻ സമറായരെ പ്രേരിപ്പിക്കുകയില്ലേ?"

മെനസ്സെ തലകുലുക്കി. "വെറും വ്യാമോഹങ്ങൾക്കധീനരാകരുതു ബറാബാസ്. ഞങ്ങൾ സമറായർ മർദ്ദനത്തിലും ദുരിതാനുഭവത്തിലും തഴമ്പിച്ചവരാണു്."

ആവേശപൂർവ്വം ബറാബാസ് ചോദിച്ചു: "അപ്പോൾ എന്തും സഹിക്കുവാൻ നിങ്ങൾ സന്നദ്ധരായിരിക്കയാണോ? ഒരിക്കലെങ്കിലും സ്വയരക്ഷയ്ക്കായി നിങ്ങൾ ഉണരുകയില്ലയോ?"

"ബറാബാസ്, ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ; അതിനുള്ള ധൈര്യം ഞങ്ങൾക്കില്ലെന്നു നിങ്ങൾ ധരിക്കരുതു്. ധൈര്യം ആവശ്യത്തിനുള്ള ധാരാളമാളുകൾ ഞങ്ങളുടെയിടയിൽ ഉണ്ടെന്നു ഇതിനകം തെളിഞ്ഞിട്ടുണ്ടു്. എൻെറ സഹോദരൻ എലിയുദിൻെറ കാര്യംതന്നെ ആലോചിക്കുക. എന്നാൽ സമരംചെയ്യുന്നതിൽ വലിയ അർത്ഥമില്ല, ഞങ്ങളെ സംബന്ധിച്ചിടത്തോളം. അത്രയ്ക്കു ദുർബലമാണു് ഞങ്ങളുടെ സമുദായം. ഇനിയും വിജയസമ്പാദനത്തിനായി ഞങ്ങൾ ഇസ്രായേല്യരെ സഹായിക്കുന്നപക്ഷം ഞങ്ങൾക്കെന്തു ഗുണമാണുണ്ടാകാൻ പോകുന്നതു്? അടുത്തപടി ഞങ്ങളുടേതായിരിക്കും. ആത്മാർത്ഥമായ ഒരു മറുപടി നിങ്ങൾ ആവശ്യപ്പെട്ടതുകൊണ്ടു് ഞാൻ പറയുകയാണു്. റോമന്മാരാൽ ദ്രോഹിക്കപ്പെടുകയോ ഇസ്രായേല്യരാൽ ചവിട്ടപ്പെടുകയോ ഏതാണു ഞങ്ങൾക്കിഷ്ടമെന്നു ചോദിച്ചാൽ ആദ്യത്തേതാണെന്നു ഞങ്ങൾ പറയും. ഘനംകുറഞ്ഞ വിപത്തു് റോമന്മാരിൽനിന്നുള്ളതാണു്. ഞങ്ങൾ ചരിത്രത്തിൽനിന്നതു പഠിച്ചുകഴിഞ്ഞു."

"പിന്നെ നിങ്ങളുടെ പ്രത്യാശയെന്താണു്. ഓരോ മനുഷ്യനും ആശാവിഷയമായി എന്തെങ്കിലുമുണ്ടല്ലോ. നിങ്ങളുടെ സ്ഥിതി എന്തെങ്കിലും നന്നാകുകയില്ലെന്നാണോ വിചാരിക്കുന്നതു്?"

"ശരിയാണു്, ബറാബാസ്, ഓരോ മനുഷ്യനും ആശാവിഷയമായി എന്തെങ്കിലുംവേണം. ഞങ്ങളിൽ പലക്കും ഒരു ആശാവിഷയമുണ്ടു്. നസ്രത്തിലെ ആ പ്രവാചകനെക്കുറിച്ചു ഞങ്ങളും കേട്ടിട്ടുണ്ടു്. അദ്ദേഹം ശണ്ഠയും സമരവുമല്ല ഉപദേശിക്കുന്നതു്, ക്ഷമാപൂർവ്വകമായ സഹനവും സ്നേഹവുമാണു്. ഒരു യഹൂദനായ അദ്ദേഹം സമറായരെ നിന്ദിക്കുന്നില്ല. അതുകൊണ്ടു് ഞങ്ങളിൽ പലരും അദ്ദേഹം ഒരു വിശിഷ്ടകാലം സമാരംഭിക്കുമെന്നും സമറായർക്കപ്പോൾ യഥേഷ്ടം ജീവിക്കുവാൻ സാധിക്കുമെന്നും വിശ്വസിക്കുന്നുണ്ടു്. ഈ നസ്രായൻ ഈശോയെപ്പററി നിങ്ങളുടെ അഭിപ്രായമെന്താണു്?

ഈ ചോദ്യം മുഖത്തുകിട്ടിയ ഒരടിയായി ബറാബാസിനു തോന്നി. നസ്രായൻ —എപ്പോഴും— എല്ലായിടത്തും—അവൻ— "ആ ചോദ്യത്തിനു കുറെ ഭേദമായി ഉത്തരംനൽകുവാൻ നിങ്ങൾക്കുതന്നെ സാധിക്കുമല്ലോ" ബറാബാസ് അനുകമ്പാരഹിതമായി ഉത്തരംപറഞ്ഞു. "നമുക്കിനി പുറപ്പെടുകയല്ലേ?" എന്നു ചോദിക്കുകയുംചെയ്തു

സമാകർഷകമായ ചന്ദ്രികയുടെ സഹായത്താൽ അവർ ചാക്കുകളെടുത്തു് ശീഘ്രംനടന്നു. ക്രമശഃ അവരുടെ നിരപ്പൊത്ത വഴിയുടെ മട്ടുമാറി. ദുരാരോഹങ്ങളായ കുന്നുകൾ ആയാസപൂർവ്വം കയറുകയും ഭയാനകങ്ങളായ കന്ദരങ്ങളിറങ്ങുകയും ചെയ്യേണ്ടിവന്നു. ബലിഷ്ഠൻ ബറാബാസും ബൃഹച്ഛരീരൻ മെനസ്സെയും ചുമലിൻെറ ഭാരം താങ്ങുകകൂടിയായപ്പോൾ കിതച്ചു വിവശരായി. കൂട്ടുകാരെ അപേക്ഷിച്ചു് ക്ഷീണനായിരുന്ന എസ്രായുടെ കാര്യം പറയാനുമില്ല.

"നമുക്കീ പടപ്പുകൾക്കിടയിൽ എസ്രായുടെ ചാക്കു ഒളിച്ചുവെക്കാം, കുറേക്കഴിഞ്ഞു് എലിയുദിൻെറ ആളുകളിലൊരുവൻ അതു കൊണ്ടുവന്നോളും" മെനസ്സെ അഭിപ്രായപ്പെട്ടു. എസ്രാ അതു സമ്മതിച്ചു. ഭക്ഷണവിഷയത്തിൽ അയാൾ ശ്രദ്ധാലുവായിരുന്നില്ല. അവർ ആവുന്നതും വേഗം ലക്ഷ്യത്തിലെത്തണമെന്നേ അയാൾ ചിന്തിച്ചുള്ളു. ആകയാൽ എസ്രായുടെ ചാക്കു് ഒളിച്ചുവെച്ചുകൊണ്ടു് അവർ യാത്രതുടർന്നു. വമ്പിച്ച പാറക്കെട്ടുകളും തിങ്ങിവളർന്ന വള്ളിപ്പടപ്പുകളുമുള്ള വഴിത്താരയില്ലാത്ത ഖിലത്തിൽക്കൂടി നടന്നു് ഗുഹാവാടികയുടെ പ്രവേശനദ്വാരം മറഞ്ഞിരുന്ന ഒരു കന്ദരത്തിങ്കൽ അവർ ചെന്നപ്പോൾ പ്രഭാതത്തിൻെറ പുഞ്ചിരിയാൽ പ്രാചീമുഖം പ്രശോഭിതമായിരുന്നു. ഗുഹയുടെ വാതില്ക്കൽ എലിയുദിൻെറ ആൾക്കാരിലൊരുവൻ കാവൽനിന്നിരുന്നു. എലിയുദിനെ വിവരം അറിയിക്കുകയും വിസ്മയാവഹമായ ആ ഗുഹാസഞ്ചയത്തിൻെറ ഏററം ആഴത്തിൽനിന്നു് അയാൾ പ്രത്യക്ഷനാകുകയുംചെയ്തു. പരസ്പരം അഭിവാദ്യം ചെയ്തതല്ലാതെ ആരുംതന്നെ സംസാരിച്ചില്ല.

മെനസ്സെ ഉടൻതന്നെ യാത്ര പറഞ്ഞു പിരിഞ്ഞു. വിശ്രമംകൂടാതെ ഒരു ധൃതിയിൽ സമാറിയായിൽ എത്തുവാനായിരുന്നു അയാൾ ഉദ്ദേശിച്ചതു്. ഭക്ഷണസാധനങ്ങൾ ഏതാനും ദിവസങ്ങൾക്കകം അയക്കുകയോ താൻതന്നെ കൊണ്ടുചെല്ലുകയോ ചെയ്യാമെന്നും അയാൾ ഉറപ്പുപറഞ്ഞു.

ക്ഷീണാധിക്യത്താൽ ബറാബാസും എസ്രായും വിശ്രമാർത്ഥം കിടന്നു. എന്നാൽ ബറാബാസിനു ഉറക്കം വന്നില്ല. ഇങ്ങനെ കുറെക്കഴിഞ്ഞപ്പോൾ അയാൾ ഗുഹയിൽനിന്നിറങ്ങി. അവർ വന്നവഴിയെ എസ്രായുടെ ചാക്കു് ഒളിച്ചുവച്ചിരുന്ന സ്ഥലത്തേക്കു അതെടുത്തുകൊണ്ടുവരാമെന്നു കരുതി അയാൾ പുറപ്പെട്ടു. അങ്ങനെ ചെയ്യാൻ ആവശ്യമുണ്ടായിട്ടില്ല, വെറും വ്യഗ്രതകൊണ്ടയാൾ അങ്ങനെ ചിന്തിച്ചുവെന്നേയുള്ളു. ഗുഹയിൽ കിടക്കുവാൻ അയാളുടെ ചിന്തകൾ അയാളെ അനുവദിച്ചില്ല. മലയിറക്കത്തിനുള്ള ഇടുങ്ങിയ വഴിയിൽക്കൂടി വളരെ ശ്രദ്ധിച്ചാണു് അയാൾ മുന്നോട്ടു നീങ്ങിയതു്. സൂര്യപ്രകാശത്തിൽ തിളങ്ങി പൊങ്ങിയും താണും കഴിഞ്ഞ നാട്ടിൻപുറങ്ങൾ മനോമോഹനങ്ങളായി അയാളുടെ മുമ്പിൽ വർത്തിച്ചു. പക്ഷേ ബറാബാസിൻെറ അന്തരംഗത്തിൽ യാതൊരു പ്രകാശവുമില്ലായിരുന്നു. അത്യധികമായ വ്യഗ്രതയും ദുഃഖവും അവിടെ കുടികൊണ്ടു.

എസ്രായുടെ ചാക്കു് ഒളിച്ചുവച്ചിരുന്ന ആ രണ്ടു കുററികളുടെ പക്കലേക്കു ബറാബാസ് അടുത്തു. മരങ്ങൾ ലക്ഷ്യമാക്കി നീങ്ങിയപ്പോൾ ഇരുവശത്തും കൈകൾനീട്ടി തിങ്ങിവളർന്ന ചെടികളെ മാററിക്കൊണ്ടിരുന്നു. പെട്ടെന്നയാൾ ഞെട്ടി നിശ്ചലനായി നിലകൊണ്ടു. മുമ്പിൽ ഒരാൾ കിടന്നിരുന്നു! ഉറങ്ങിയോ മരിച്ചോ? ബറാബാസു് ആ ശരീരത്തെ ക്ഷണത്തിൽ സമീപിച്ചു. അതു മെനസ്സെ ആയിരുന്നു ബറാബാസിനെ സ്വീകരിച്ചു സല്ക്കരിച്ച ആ സമറായൻ!

അയാൾ ചത്തുകിടക്കുകയാണു്. തലയോടു പൊട്ടി തലച്ചോറു ചിതറിക്കിടന്നിരുന്നു. ഒരു അസ്ത്രം കയറി നെഞ്ചു ഉള്ളതും കാണപ്പെട്ടു. നിരായുധനായിരുന്ന അയാളെ ആരോ പതിയിരുന്നു ഇവ്വിധം വധിച്ചു. ആ നിർജ്ജീവശരീരത്തിനു് സമീപം ബറാബാസു് മുട്ടുകുത്തി. കട്ടകെട്ടിക്കിടന്ന രക്തരാജിയിൽനിന്നു് അതിനെ സാദരം എടുത്തുമാററുവാൻ അയാൾ ഉദ്യമിക്കുകയായിരുന്നു. ശരീരത്തെ സ്പർശിച്ചുകഴിയുടൻ അയാളുടെ തലയിൽ ഉരക്കാട്ടുകൂടിയ ഒരടിയേല്ക്കുകയും അയാൾ പെട്ടെന്നു ബോധരഹിതനായി നിലംപതിക്കുകയുംചെയ്തു. എന്നാൽ ഉത്തരക്ഷണം ബറാബാസു് കാലുകുത്തി എണീററു. അപ്പോഴേക്കും കാട്ടിലെ ആ അതിവൃക്ഷങ്ങൾക്കുതുണയായിരുന്ന കുററിക്കാടും വള്ളിക്കെട്ടുകളും സജീവമായിക്കഴിഞ്ഞു. ഖഡ്ഗധാരികളായ റോമൻഭടന്മാർ ബറാബാസിൻെറ ചുററിൽ, മുമ്പിലും പിമ്പിലും പാർശ്വങ്ങളിലും നിരന്നു. ഭടന്മാരുടെയിടയിൽ ഒരു വലിയ വടിയോങ്ങിക്കൊണ്ടു് ബറാബാസിൻെറ പാളയമുപേക്ഷിച്ചു് ജോയലിൻെറ നേതൃത്വത്തിൽ ഒളിച്ചോടിപ്പോയവരിൽപെട്ട ഒരു യഹൂദനും നിലകൊണ്ടു.

ബറാബാസാകട്ടെ നിരായുധനായിരുന്നു. സ്വന്തം വാൾ ഗുഹയിലിട്ടുംവെച്ചായിരുന്നു അയാൾ ഇറങ്ങിയതു്. എങ്കിലും അയാളുടെ മുഷ്ടിദ്വയം സ്വാധീനമായിരുന്നതിനാൽ നൈരാശ്യത്തിൻെറ ആ സന്ധിയിലും അയാൾ കീഴടങ്ങിയില്ല. വന്യമൃഗത്തിനോടൊപ്പം ഒരുവശത്തേക്കു ചാടി ഒരു ഭടൻെറ വാൾ ബറാബാസു് സ്വായത്തമാക്കിയതോടൊപ്പം വഞ്ചകനായ യഹൂദൻെറ വടി വീണ്ടും അയാളുടെ തലയിൽ കൊള്ളുകയും അയാൾ രണ്ടാമതും നിലംപതിക്കുകയുംചെയ്തു. എഴുന്നേല്ക്കുവാൻ ബറാബാസു് ചെയ്ത അനന്തരശ്രമം ഫലിച്ചില്ല. ഭടന്മാർ അയാളുടെമേൽ ചാടിവീഴുകയും അയാൾക്കു ശരിയായ പ്രജ്ഞയുണ്ടാകുന്നതിനു മുമ്പു് ബലമുള്ള ഇരുമ്പുവാറുകൾകൊണ്ടു് അവർ അയാളുടെ കൈകാലുകൾ ബന്ധിക്കുകയുംചെയ്തു.

കണ്ണുംപൂട്ടി ബറാബാസു് അങ്ങനെ കിടക്കുകയിൽ "കഴിഞ്ഞു, എല്ലാം കഴിഞ്ഞു" എന്ന പല്ലവിയാണു് ഹൃദയവീണ മീട്ടിയതു്. സ്വജനങ്ങളിൽ ഒരുവൻതന്നെ റോമൻഭടന്മാർക്കൊററിക്കൊടുത്തുവെന്ന ചിന്ത ബറാബാസിൻെറ അന്തരംഗത്തെ ഉരുക്കിക്കൊണ്ടിരുന്നു. ഭാവി എന്തെങ്കിലുമാകട്ടെ എന്നയാൾ കരുതി. പക്ഷേ അയാൾ ജീവനോടുകൂടി കഴിയുന്നതു് അയാൾക്കു ദുസ്സഹമായി. പാഷാണപംക്തിനിറഞ്ഞ ആ ചെറുവഴിയിൽക്കൂടി ഭാരംകൂടിയ അയാളുടെ ശരീരം ഭടന്മാർ അവരുടെ കുതിരകളെ കെട്ടിയിരുന്ന സ്ഥലത്തേക്കു വലിച്ചിഴച്ചുകൊണ്ടുപോയപ്പോൾ അയാൾ സാരമായ വേദന അനുഭവിക്കുകയുണ്ടായില്ല. മിക്കവാറും തോലുരിഞ്ഞ ആ ശരീരം ഒരു ഭാരക്കുതിരയുടെ പര്യാണത്തിൽ കയററി അവർ ബന്ധിച്ചപ്പോഴേക്കും ബറാബാസു് പരിപൂർണ്ണം ബോധരഹിതനായിക്കഴിഞ്ഞിരുന്നു.

(തുടരും)


സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ „8—12—0



## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

### അഭിവൃദ്ധിപത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിര നിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,87,573 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |
| 1954 | 5,97,150 | 22,46,601 | 29,22,345 | 36,50,149 |
| 1955 | 5,97,150 | 23,61,040 | 31,74,056 | 39,47,506 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

(മാനേജിംഗ് ഡയറക്ടർ)

Reg. No. M. 2298

# Sathya Deepam

Vol. 29 Ernokulam June 6 1956 No. 41



## ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




മുമ്പിലത്തെ ഒപ്പുശ്രമം കൊണ്ടശേഷം ജെമ്മായ്ക്കുണ്ടായ അനുഭവങ്ങളാണല്ലോ കഴിഞ്ഞ തവണ നാം കണ്ടത്. ഒരു പ്രശ്നമാണ് അവളുടെ മുമ്പിൽ ഉദിച്ചത്. അവളുടെ അമ്മയുടെ ദിനം മാറുന്നതിനു അവൾ തീക്ഷ്ണമായി ഈശോയോടപേക്ഷിച്ചു. ഈശോ അവളോടാവശ്യപ്പെടുന്നു, അമ്മ മരിക്കുകയാണ് അവിടുത്തെ ഇഷ്ടമെന്ന്. അവൾ അതിനു സമ്മതിക്കുകയാണെങ്കിൽ അവിടുന്നു അമ്മയെ മോക്ഷത്തിൽ കൊണ്ടുപോകാമെന്നും അവിടുന്നു വാഗ്ദാനംചെയ്തു. അമ്മയുടെ മോക്ഷസൗഭാഗ്യത്തെ അത്യധികം അവൾ അഭിലഷിച്ചിരുന്നതുകൊണ്ടും, ഈശോയുടെ ഇഷ്ടം നിറവേററുന്നതിനുള്ള അവളുടെ കർത്തവ്യത്തെപ്പററി ദൃഢബോധ്യമുണ്ടായിരുന്നതുകൊണ്ടും സങ്കടകരമായ ആ കുരിശിനെ സ്വീകരിക്കുവാൻ സന്നദ്ധമായി അവൾ തലതാഴ്ത്തി. "അങ്ങേ ഇഷ്ടം നിറവേററട്ടെ" എന്നവൾ സമ്മതമരുളി.

ജെമ്മാ വീട്ടിൽ തിരിച്ചെത്തി. ഈ വിവരം എങ്ങിനെ അമ്മയെ അറിയിക്കും! ആ സ്നേഹം നിറഞ്ഞ മാതൃഹൃദയത്തിൽ എന്തു വികാരങ്ങളായിരിക്കും ഉണ്ടാവുക! ഉന്മേഷവതിയായി പുഞ്ചിരിതൂകിക്കൊണ്ട് മടങ്ങിവരുന്ന ജെമ്മായെ പ്രതീക്ഷിച്ചിരിക്കുകയാണ് രോഗിയായ മാതാവ്. പക്ഷെ ദുഃഖാർത്തയായി കണ്ണുനീർ തൂകിക്കൊണ്ടാണ് അവളുടെ വരവ്. ഉൽകണ്ഠയോടുകൂടി ആ മാതാവാരാഞ്ഞു: എന്തു സംഭവിച്ചു, എന്റെ മകളേ? കണ്ണുനീർപ്രവാഹത്തോടെതന്നെ അവൾ വൃത്താന്തങ്ങളെല്ലാം അമ്മയെ അറിയിച്ചു. "അമ്മയുടെ വിരഹത്തെപ്പററി ഓർക്കുമ്പോൾ എന്റെ ഹൃദയം തകരുന്നു. എന്റെ സ്നേഹഈശോയ്ക്കു ആ ത്യാഗം വേണമെന്നു പറഞ്ഞാൽ ഞാനെന്തുചെയ്യും? അതുകൊണ്ടാണമ്മേ, ഈ കുരിശു ഞാൻ സ്വീകരിച്ചത്." അമ്മ അവളെ സാന്ത്വനപ്പെടുത്തി: "കുഞ്ഞേ, സകല സൗഭാഗ്യങ്ങളും നിറഞ്ഞ സ്വർഗ്ഗത്തിലേക്കു ഞാൻ പോകുന്നതിൽ നിനക്കാനന്ദമില്ലേ? അതല്ലേ നമ്മുടെ നിത്യഭവനം. അവിടേക്കല്ലേ നീയും വന്നുചേരേണ്ടത്? അതുകൊണ്ടു നീ ദുഃഖിക്കാതെ സന്തോഷമായിരിക്കൂ. നമുക്കു ഈശോയുടെ അനുഗ്രഹത്തെ വാഴ്ത്താം."

ജെമ്മാ:- "അമ്മേ, ഞാൻ പരിപൂർണ്ണമായി ഈശോയ്ക്കു വിധേയയായിരിക്കുന്നു. ഏതു കുരിശുകളും സഹിച്ചു അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കുന്നതിനു അമ്മ എനിക്കുവേണ്ടി പ്രാർത്ഥിക്കണേ. അവിടുത്തെ ഇഷ്ടം എല്ലാററിലും നിറവേറട്ടെ!"




## 72-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

മക്കളുടെ പേരു—മാസം

അമ്മയുടെ പേരു—വർഷം

## പ്രശ്നം നമ്പ്ര് 73

(കെ. ഒ. ഔസേപ്പ്

Reg. No. 15)

ആധുനികലോകത്തിൽ വളരെയധികം പ്രചരിച്ചിരിക്കുന്ന ഒരു ദുർഗ്ഗുണമാണു ഞാൻ. നല്ല മനുഷ്യരെപ്പോലും ഞാൻ എളുപ്പത്തിൽ അധഃപതിപ്പിക്കുന്നു. എന്റെ പേരിനു നാലക്ഷരമുണ്ട്. ഒന്നാമത്തെ അക്ഷരം അമരയിലുണ്ട്, പയറിലില്ല. രണ്ടാമത്തെ അക്ഷരം ഇഹത്തിലുണ്ട്, പരത്തിലില്ല. മൂന്നാമത്തെ അക്ഷരം കങ്കാരുവിലുണ്ട്, ജിറാഫിലില്ല. നാലാമത്തെ അക്ഷരം മരംകൊത്തിയിലുണ്ട്, മണ്ണാത്തിയിലില്ല. എന്റെ പേരു കണ്ടുപിടിക്കാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## ഒരുവെള്ളിനാണയം

(തോമസ് ടി. മണ്ടപത്തിൽ

Reg. No. 1)

ഉഷ്ണമേറിയ നെട്ടമരീചികയിൽ ശീതളമായ മധുരരശ്മികൾ വിതറിക്കൊണ്ട് പകലവൻ പടിഞ്ഞാറെ ചക്രവാളത്തിലേക്കു ചായുകയാണ്. ഗതജീവിയായ പകലിന്റെ മൃതദേഹം മടിയിൽ സംവഹിക്കുവാൻ സന്ധ്യ വന്നെത്തിയിരിക്കുന്നു.

അന്ന് ആഫീസ്ജോലി വളരെയേറെ ഉണ്ടായിരുന്നതിനാൽ പതിവിലല്പം താമസിച്ചാണ് ലൂക്കാസാർ സ്കൂളിൽനിന്നും സ്വഗൃഹത്തിലേക്കു തിരിച്ചത്. ആ മാസത്തെ ശമ്പളത്തുകയായ 80 രൂപായും അദ്ദേഹത്തിന്റെ പോക്കററിലുണ്ടായിരുന്നു. പൂവെളിച്ചം വിതറിക്കൊണ്ട് അമൃതകിരണൻ പൂർവ്വഗിരിശൃംഗങ്ങളുടെ മുകളിൽ നിന്നും മന്ദംമന്ദം ഉയർന്നുവരുന്നുണ്ട്. വാനത്തു താരകക്കുഞ്ഞുങ്ങൾ അവിടവിടെയായി എത്തിനോക്കുന്നു. ലൂക്കാസാർ പട്ടണത്തിലെത്തി.

"നില്ക്കണേ, സാർ, ഞാനും വരുന്നു" പിറകിൽനിന്നൊരു വിളി.

ലൂക്കാസാർ തിരിഞ്ഞുനോക്കി. അദ്ദേഹത്തിന്റെ ബാല്യകാലമിത്രമായിരുന്ന ചന്ദ്രനായിരുന്നു അത്. ചന്ദ്രൻ വേഗം നടന്നടുത്തുവന്നു.

"പ്രൈമറിക്ലാസു കഴിഞ്ഞിട്ടു കണ്ടിട്ടില്ലല്ലോ. ചന്ദ്രൻ തുടർന്നു പഠിച്ചില്ലായിരുന്നോ?" ലൂക്കാസാർ ചോദിച്ചു.

"ഇല്ല."

"അതെന്താ?"

"എന്റെ വിധിയതായിരുന്നു"

"കഷ്ടം! ഹാ! പിന്നെന്തുചെയ്യുകയായിരുന്നു."

"അഞ്ചാംക്ലാസ് ജയിച്ചശേഷം ഞങ്ങൾ ഇവിടെയുണ്ടായിരുന്ന വസ്തുവെല്ലാം വിററ് മലബാറിനുപോയി. എന്തു പറയാനാണ്?"

"സാരമില്ല, കേൾക്കട്ടെ."

"അവിടെവച്ചു കുടുംബമടച്ചു പനിപിടിച്ചു. എന്റെ അച്ഛനും സഹോദരിയും മരിച്ചു. ഞാനും അമ്മയും ശേഷിച്ചു. ഞങ്ങൾക്കവിടെ ജീവിപ്പാൻ സാദ്ധ്യമല്ലാതായി. അതുകൊണ്ടു ഞങ്ങൾ മടങ്ങി. ഇവിടെ വന്നിട്ടു ഒരു മാസമേ ആയുള്ളു."

"അമ്മയെന്ത്യേ?" ലൂക്കാസാർ ചോദിച്ചു.

"അതാ അക്കാണുന്ന പീടികത്തിണ്ണയിൽ."

"കഷ്ടം! കാലക്കേടുതന്നെ."

"എന്റെ സാറേ, എന്തുചെയ്യാം. എല്ലാം അനുഭവിക്കുകതന്നെ. ഞങ്ങൾക്കാരുമില്ല ആശ്രയത്തിനു്. വല്ലതുംതന്നു സാറു സഹായിക്കണേ" ചന്ദ്രൻ ഗദ്ഗദത്തോടെ യാചിച്ചു.

ലൂക്കാസാർ തന്റെ പോക്കററിൽനിന്നും ഒരു വെള്ളിനാണയമെടുത്തു ചന്ദ്രനു സമ്മാനിച്ചു. അയാൾ കൃതാർത്ഥതയോടെ അതു വാങ്ങി യാത്രപറഞ്ഞു.

x x x

ലൂക്കാസാർ വീട്ടിലെത്തി. സമയം ഏഴുമണിയോടടുത്തു. "ഇന്നെന്താ ഇത്ര താമസിച്ചത്?" ലൂക്കാസാറിന്റെ അപ്പൻ ചോദിച്ചു.

"ഇന്നു അല്പം ജോലിക്കൂടുതലുണ്ടായിരുന്നു."

"ശമ്പളം കിട്ടിയോ?"

"ഉവ്വ, അപ്പാ ശമ്പളം."

"ഇതു 79 രൂപയല്ലേ ഉള്ളു. ഒരു രൂപയെവിടെ?"

"അവശനായിത്തീർന്ന എന്റെ ഒരു സ്നേഹിതനു വഴിക്കുവച്ചു അതു ഞാൻ കൊടുത്തു."

ദാനംകൊടുക്കുന്ന പരിപാടി ശീലിച്ചിട്ടില്ലാത്ത ആ ലുബ്ധൻ ഗർജ്ജിച്ചു: "നിന്റെ ആരെടാ അവൻ ദാനംചെയ്യാൻ. നിന്നെ പഠിപ്പിച്ചതിനു് എത്രമാത്രം പണം ചിലവായിട്ടുണ്ടെന്നു നിനക്കറിയാമോ? കണ്ട തെണ്ടികൾക്കു വാരിക്കൊടുക്കാനുള്ളതല്ലാ പണം. ഒരു പൈസാ കുറയാതെ ഇവിടെ തരണം, പണം മുഴുവനും. നടക്കുന്നു, തെണ്ടികളെ പുലർത്താൻ. ധിക്കാരി, ഞാനൊരു പോട്ടുവച്ചുതന്നാലുണ്ടല്ലോ."

ഇത്തരം ക്രൂരമായ വാക്കുകൾ ലൂക്കാസാർ ജീവച്ഛവംപോലെ കേട്ടുനിന്നതല്ലാതെ ഒന്നും മിണ്ടിയില്ല. മിണ്ടുവാൻ അയാൾക്കു നാവു പൊങ്ങിയില്ല.

ലൂക്കാസാർ അന്നു ഒന്നും കഴിച്ചതേയില്ല. അദ്ദേഹത്തിന്റെ ഹൃദയം സങ്കടംകൊണ്ടും നിരാശകൊണ്ടും തിങ്ങിനിറഞ്ഞു. ജീവിതത്തിലുണ്ടായിരുന്ന പൊൻകിനാവുകളെല്ലാം പൊട്ടിത്തകർന്നു തരിപ്പണമായി. ഈ ലോകം ക്രൂരതകൾ തിങ്ങിനിറഞ്ഞതാണെന്നു അദ്ദേഹത്തിനു തോന്നി. നെടുവീർപ്പുകൾ നിശ്ശമിച്ചിരുന്നു. ഭയാനകമായ ഒരു കാളരാത്രി.

ലൂക്കാസാർ പിന്നീടു ആഫീസിൽ പോയില്ല. എന്നേക്കുമായി അദ്ദേഹം ആഫീസിനോടു യാത്രപറഞ്ഞു. കട്ടിലിൽനിന്നു എഴുന്നേററിട്ടുപോലുമില്ല. അദ്ദേഹം അവശനായി കിടക്കുകയാണ്. പാവപ്പെട്ട ഒരു ദരിദ്രസോദരനു ഒരൊററരൂപാ ദാനംചെയ്തതിനു ഇത്ര കഠിനമായി പിതാവു പ്രവർത്തിച്ചല്ലോ എന്നോർത്തു ആ സാധുവിന്റെ ഹൃദയം പൊട്ടുകയാണ്. അയാളുടെ ജീവൻ കിടന്നു

(ശേഷം 5-ാംപേജിൽ)



കമ്മ്യൂ: അദ്ധ്യാപകൻ:- യൂഗോവ്, നിന്റെ പഠനം എന്തുമാത്രമായി?

വിദ്യാർത്ഥി:- എന്റെ കൈവശമുള്ള ഈ പുസ്തകങ്ങളെല്ലാം വായിച്ചുമനസ്സിലാക്കാൻ കഴിയും.

അദ്ധ്യാപകൻ:- നിങ്ങൾക്കു തോന്നിയതു പഠിക്കുന്നതല്ല വിദ്യാഭ്യാസം, ഇതുവരെ പഠിച്ചതു മുഴുവൻ നീ ആദ്യമായി മറക്കണം. അതിനുശേഷം വേണം ശരിയായ കമ്മ്യൂണിസ്റ്റ്സിദ്ധാന്തങ്ങൾ മനസ്സിലാക്കാൻ. അറിവു ഒന്നേയുള്ളു, കമ്മ്യൂണിസം! മനസ്സിലായോ?

വിദ്യാർത്ഥി:- ഉവ്വ്, മറന്നേക്കാവേ.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1